# മൂപ്പന്മാർക്കും
# ഉത്തരവാദിത്തമുള്ളവർക്കും വേണ്ടിയുള്ള
# അന്താരാഷ്ട്ര പരിശീലനം

2025 ഏപ്രിൽ

## പൊതുവിഷയം:
## ഒരുമനസ്സും
## പ്രവൃത്തികളുടെ പുസ്തകത്തിന്റെ നിർണായക വശങ്ങളും

ദൂത് അഞ്ച്

### സഭയുടെ വ്യാപനത്തിനായി കർത്താവിന്റെ വേലയുടെ ഏക ഒഴുക്കിൽ നമ്മെത്തന്നെ സൂക്ഷിക്കുന്നതും സാത്താന്റെ തന്ത്രങ്ങളിൽനിന്ന് രക്ഷപെടാൻ കർത്താവിന്റെ കരുണ പ്രാപിക്കുന്നതും

EM *Hymns*: ML76

തിരുവെഴുത്ത് വായന: പ്രവൃ. 1:8; 5:20; 6:4, 7; 9:31; 12:24; 19:20

പ്രവൃ. 1:8 എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും, നിങ്ങൾ യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അങ്ങേയറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു.

പ്രവൃ. 5:20 പോയി ദൈവാലയത്തിൽ നിന്ന് ഈ ജീവന്റെ വചനങ്ങളെല്ലാം ജനത്തോട് സംസാരിക്കുവിൻ എന്നു പറഞ്ഞു.

പ്രവൃ. 6:4 എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും.

പ്രവൃ. 6:7 ദൈവവചനം വളർന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ സംഖ്യ അധികമായി പെരുകി; പുരോഹിതന്മാരുടെ വലിയൊരു സംഖ്യ വിശ്വാസം അനുസരിച്ചു.

പ്രവൃ. 9:31 അങ്ങനെ യെഹൂദ്യയിലും ഗലീലയിലും ശമര്യയിലും എമ്പാടുമുള്ള സഭയ്ക്കു, കെട്ടുപണി ചെയ്യപ്പെട്ടുകൊണ്ട്, സമാധാനം ഉണ്ടായിരുന്നു; കർത്താവിന്റെ ഭയത്തിലും പരിശുദ്ധാത്മാവിന്റെ ആശ്വാസത്തിലും തുടർന്നുകൊണ്ട് പെരുകുകയും ചെയ്തു.

പ്രവൃ. 12:24 എന്നാൽ ദൈവവചനം വളർന്നു പെരുകി.

പ്രവൃ. 19:20 അങ്ങനെ, കർത്താവിന്റെ വചനം ശക്തിയോടെ വളർന്നു പ്രബലപ്പെട്ടു.

**I. കർത്താവിന്റെ നീക്കത്തിൽ കർത്താവിന്റെ വേലയുടെ ഒരു ദിവ്യ പ്രവാഹം മാത്രമേയുള്ളൂവെന്നും നാം ഈ പ്രവാഹത്തിൽ നമ്മെത്തന്നെ സൂക്ഷിക്കേണ്ടതുണ്ടെന്നും പ്രവൃത്തികളുടെ പുസ്തകം വെളിപ്പെടുത്തുന്നു:**

A. തലമുറകളായി ഒഴുകിക്കൊണ്ടിരിക്കുന്ന ദിവ്യപ്രവാഹം നിസ്തുലമായി ഒന്നാണ്; ഒരു ദിവ്യപ്രവാഹം മാത്രമുള്ളതിനാലും ഒഴുക്ക് നിസ്തുലമായി ഒന്നായതിനാലും, ഈ ഒരു പ്രവാഹത്തിൽ നാം നമ്മെത്തന്നെ സൂക്ഷിക്കണം—1 യോഹ. 1:3; വെളി. 22:1.

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ

പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

| | |
|---|---|
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു. |

B. ദിവ്യപ്രവാഹം ഒഴുകുന്നിടത്ത്, നമുക്ക് ദൈവജീവനും, ശരീരത്തിന്റെ കൂട്ടായ്മയും, യേശുവിന്റെ സാക്ഷ്യവും, ദൈവത്തിന്റെ വേലയും ഉണ്ട്—ഉല്പ. 2:10-14; സങ്കീ. 36:8-9; 46:4; യോഹ. 7:37-39; വെളി. 22:1.

| | |
|---|---|
| ഉല്പ. 2:10 | തോട്ടം നനെപ്പാൻ ഒരു നദി ഏദെനിൽനിന്നു പുറപ്പെട്ടു; അതു അവിടെനിന്നു നാലു ശാഖയായി പിരിഞ്ഞു. |
| ഉല്പ. 2:11 | ഒന്നാമത്തേതിന്നു പീശോൻ എന്നു പേർ; അതു ഹവീലാദേശമൊക്കെയും ചുറ്റുന്നു; അവിടെ പൊന്നുണ്ടു. |
| ഉല്പ. 2:12 | ആ ദേശത്തിലെ പൊന്നു മേത്തരമാകുന്നു; അവിടെ ഗുല്ഗുലുവും ഗോമേദകവും ഉണ്ടു. |
| ഉല്പ. 2:13 | രണ്ടാം നദിക്കു ഗീഹോൻ എന്നു പേർ; അതു കൂശ്ദേശമൊക്കെയും ചുറ്റുന്നു. |
| ഉല്പ. 2:14 | മൂന്നാം നദിക്കു ഹിദ്ദേക്കെൽ എന്നു പേർ; അതു അശ്ശൂരിന്നു കിഴക്കോട്ടു ഒഴുകുന്നു; നാലാം നദി ഫ്രാത്ത് ആകുന്നു. |
| സങ്കീ. 36:8 | നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു. |
| സങ്കീ. 36:9 | നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു. |
| സങ്കീ. 46:4 | ഒരു നദി ഉണ്ടു; അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധനിവാസത്തെ തന്നേ, സന്തോഷിപ്പിക്കുന്നു. |
| യോഹ. 7:37 | വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. |
| യോഹ. 7:38 | തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും. |
| യോഹ. 7:39 | എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു. |
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.. |

C. കർത്താവിനെ നമ്മുടെ ആദ്യസ്നേഹമായി എടുത്തുകൊണ്ട്, നമ്മുടെ മുഴുവൻ ആളത്തത്തിൽ നാം അവന് പ്രഥമസ്ഥാനം നൽകുമ്പോൾ, നമ്മുടെ ഉള്ളിലും നമ്മിൽനിന്ന് പുറത്തേക്കും ഒഴുകികൊണ്ട് അവൻ നമുക്ക് ദിവ്യ പ്രവാഹമായിത്തീരുന്നു; ആദ്യത്തെ പ്രവൃത്തികൾ കർത്താവിനാൽ പ്രചോദിപ്പിക്കപ്പെട്ടതും, അവനിൽനിന്ന് പുറപ്പെടുന്നതും, നമ്മുടെ ആദ്യ സ്നേഹമെന്ന നിലയിൽ അവനെ ആവിഷ്കരിക്കുകയും ചെയ്യുന്ന പ്രവൃത്തികളാണ്; ആദ്യ സ്നേഹത്താൽ പ്രചോദിപ്പിക്കപ്പെടുന്ന പ്രവൃത്തികൾ

മാത്രമാണ് സ്വർണ്ണവും, വെള്ളിയും, വിലയേറിയ കല്ലുകളും—വാ. 1; 2:4-5; കൊലൊ. 1:18; 1 കൊരി. 2:9; 3:12.

| | |
|---|---|
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു. |
| വെളി. 2:4 | എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്. |
| വെളി. 2:5 | അതുകൊണ്ട് നീ എവിടെനിന്ന് വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക; അല്ലെങ്കിൽ, ഞാൻ നിന്റെ അടുക്കൽ വരുന്നു, നീ മാനസാന്തരപ്പെടാഞ്ഞാൽ, നിന്റെ നിലവിളക്ക് അതിന്റെ സ്ഥാനത്ത് നിന്നു ഞാൻ നീക്കിക്കളയും. |
| കൊലൊ. 1:18 | അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; |
| 1 കൊരി. 2:9 | “ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യന്റെ ഹൃദയത്തിൽ ഉയർന്നുവന്നിട്ടുമില്ല” എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ. |
| 1 കൊരി. 3:12 | എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു എങ്കിൽ, |

D. പെന്തക്കോസ്ത് ദിനത്തിൽ ആരംഭിച്ച് ഇന്നുവരെ എല്ലാ തലമുറകളിലൂടെയും ഒഴുകികൊണ്ടിരിക്കുന്ന ദിവ്യജീവന്റെ ഒഴുക്ക്, ദൈവത്തിന്റെ ലക്ഷ്യമായ സഭയെ തന്റെ സംഘാത ആവിഷ്കാരത്തിനായി കെട്ടുപണി ചെയ്യുന്നതിനുള്ള ഏക പ്രവാഹമാണ്—മത്താ. 16:18; പ്ര.നി. യെഹെ. 47:1-12.

| | |
|---|---|
| മത്താ. 16:18 | നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു. |
| യെഹെ. 47:1 | അവൻ എന്നെ ആലയത്തിന്റെ പ്രവേശനത്തിങ്കൽ മടക്കിക്കൊണ്ടുവന്നപ്പോൾ ആലയത്തിന്റെ ഉമ്മരപ്പടിയുടെ കീഴെനിന്നു വെള്ളം കിഴക്കോട്ടു പുറപ്പെടുന്നതു ഞാൻ കണ്ടു. ആലയത്തിന്റെ മുഖം കിഴക്കോട്ടല്ലോ; ആ വെള്ളം ആലയത്തിന്റെ വലത്തുഭാഗത്തു കീഴെനിന്നു യാഗപീഠത്തിന്നു തെക്കുവശമായി ഒഴുകി. |
| യെഹെ. 47:2 | അവൻ വടക്കോട്ടുള്ള ഗോപുരത്തിൽകൂടി എന്നെ പുറത്തു കൊണ്ടുചെന്നു പുറത്തെ വഴിയായി കിഴക്കോട്ടു ദർശനമുള്ള ഗോപുരത്തിൽകൂടി പുറത്തെ ഗോപുരത്തിലേക്കു ചുറ്റിനടത്തി കൊണ്ടുപോയി; വെള്ളം വലത്തുഭാഗത്തുകൂടി ഒഴുകുന്നതു ഞാൻ കണ്ടു. |
| യെഹെ. 47:3 | ആ പുരുഷൻ കയ്യിൽ ചരടുമായി കിഴക്കോട്ടു നടന്നു, ആയിരം മുഴം അളന്നു, എന്നെ വെള്ളത്തിൽ കൂടി കടക്കുമാറാക്കി; വെള്ളം നരിയാണിയോളം ആയി. |
| യെഹെ. 47:4 | അവൻ പിന്നെയും ആയിരം മുഴം അളന്നു, എന്നെ |

വെള്ളത്തിൽകൂടി കടക്കുമാറാക്കി; വെള്ളം മുട്ടോളം ആയി; അവൻ പിന്നെയും ആയിരം മുഴം അളന്നു, എന്നെ കടക്കുമാറാക്കി; വെള്ളം അരയോളം ആയി.

യെഹെ. 47:5 അവൻ പിന്നെയും ആയിരം മുഴം അളന്നു; അതു എനിക്കു കടപ്പാൻ വഹിയാത്ത ഒരു നദിയായി; വെള്ളം പൊങ്ങി, നീന്തീട്ടല്ലാതെ കടപ്പാൻ വഹിയാത്ത ഒരു നദിയായിത്തീർന്നു.

യെഹെ. 47:6 അവൻ എന്നോടു: മനുഷ്യപുത്രാ, കണ്ടുവോ എന്നു ചോദിച്ചു; പിന്നെ അവൻ എന്നെ നദീതീരത്തു മടങ്ങിച്ചെല്ലുമാറാക്കി.

യെഹെ. 47:7 ഞാൻ മടങ്ങിച്ചെന്നപ്പോൾ നദീതീരത്തു ഇക്കരെയും അക്കരെയും അനവധി വൃക്ഷം നില്ക്കുന്നതു കണ്ടു.

യെഹെ. 47:8 അപ്പോൾ അവൻ എന്നോടു അരുളിച്ചെയ്തതു: ഈ വെള്ളം കിഴക്കെ ഗലീലയിലേക്കു പുറപ്പെട്ടു അരാബയിലേക്കു ഒഴുകി കടലിൽ വീഴുന്നു; ഒഴുകിച്ചെന്നു വെള്ളം കടലിൽ വീണിട്ടു അതിലെ വെള്ളം പത്ഥ്യമായ്തീരും.

യെഹെ. 47:9 എന്നാൽ ഈ നദി ചെന്നുചേരുന്നെടത്തൊക്കെയും ചലിക്കുന്ന സകലപ്രാണികളും ജീവിച്ചിരിക്കും; ഈ വെള്ളം അവിടെ വന്നതുകൊണ്ടു ഏറ്റവും വളരെ മത്സ്യം ഉണ്ടാകും; ഈ നദി ചെന്നു ചേരുന്നേടത്തൊക്കെയും അതു പത്ഥ്യമായ്തീർന്നിട്ടു സകലവും ജീവിക്കും.

യെഹെ. 47:10 അതിന്റെ കരയിൽ ഏൻ-ഗതി മുതൽ ഏൻ-എഗ്ലയീംവരെ മീൻപിടിക്കാർ നിന്നു വല വീശും; അതിലെ മത്സ്യം മഹാസമുദ്രത്തിലെ മത്സ്യംപോലെ വിവിധജാതിയായി അസംഖ്യമായിരിക്കും.

യെഹെ. 47:11 എന്നാൽ അതിന്റെ ചേറ്റുകണ്ടങ്ങളും കുഴിനിലങ്ങളും പത്ഥ്യമായ്വരാതെ ഉപ്പുപടനെക്കായി വിട്ടേക്കും.

യെഹെ. 47:12 നദീതീരത്തു ഇക്കരെയും അക്കരെയും തിന്മാൻ തക്ക ഫലമുള്ള സകലവിധ വൃക്ഷങ്ങളും വളരും; അവയുടെ ഇല വാടുകയില്ല, ഫലം ഇല്ലാതെപോകയുമില്ല; അതിലെ വെള്ളം വിശുദ്ധമന്ദിരത്തിൽനിന്നു ഒഴുകിവരുന്നതുകൊണ്ടു അവ മാസംതോറും പുതിയ ഫലം കായ്ക്കും; അവയുടെ ഫലം തിന്മാനും അവയുടെ ഇല ചികിത്സക്കും ഉതകും.

**II. സഭയുടെ അടിസ്ഥാന തത്ത്വം അത് നിത്യവും സാർവത്രികവുമാകുന്നു എന്നതാണ്, അങ്ങനെ സഭ നിരന്തരം ഭൂമിയിൽ വ്യാപിക്കണം; സഭയുടെ വളർച്ചയും സഭയുടെ കെട്ടുപണിയും വ്യാപനത്തെ അടിസ്ഥാനമാക്കിയിരിക്കുന്നു—പ്രവൃ. 1:8; 8:1; 9:31:**

പ്രവൃ. 1:8 എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും, നിങ്ങൾ യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അങ്ങേയറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു.

പ്രവൃ. 8:1 അവനെ കൊല്ലുന്നത് ശൗൽ അംഗീകരിച്ചിരുന്നു. ആ നാളിൽ യെരൂശലേമിലുള്ള സഭയ്ക്കെതിരെ വലിയൊരു ഉപദ്രവമുണ്ടായി; അപ്പൊസ്തലന്മാർ ഒഴികെ, എല്ലാവരും യെഹൂദ്യയുടെയും ശമര്യയുടെയും പ്രദേശങ്ങളിലെങ്ങും ചിതറിപ്പോയി.

പ്രവൃ. 9:31 അങ്ങനെ യെഹൂദ്യയിലും ഗലീലയിലും ശമര്യയിലും എമ്പാടുമുള്ള സഭയ്ക്കു, കെട്ടുപണി ചെയ്യപ്പെട്ടുകൊണ്ട്, സമാധാനം ഉണ്ടായിരുന്നു;

കർത്താവിന്റെ ഭയത്തിലും പരിശുദ്ധാത്മാവിന്റെ ആശ്വാസത്തിലും തുടർന്നുകൊണ്ട് പെരുകുകയും ചെയ്തു.

A. സഭയുടെ വ്യാപനം സംഭവിക്കുന്നത് കർത്താവിന്റെ ജീവനിലുള്ള വളർച്ചയാലും കർത്താവിന്റെ ജീവന്റെ ബഹിർഗമനമായ, ജീവന്റെ കവിഞ്ഞൊഴുക്കിനാലുമാണ്—എഫെ. 4:16; യോഹ. 7:37-39; പ്രവൃ. 2:42, 46-47; 5:20; 6:4, 7; 12:24; 19:20.

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

യോഹ. 7:37 വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.

യോഹ. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

യോഹ. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

പ്രവൃ. 2:42 അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും, അപ്പം നുറുക്കലിലും പ്രാർഥനകളിലും ദൃഢചിത്തരായി തുടർന്നുകൊണ്ടിരുന്നു.

പ്രവൃ. 2:46 അവർ ദിനംപ്രതി ഒരുമനസ്സോടെ ദൃഢചിത്തരായി ദൈവാലയത്തിൽ തുടർന്നും, ഭവനംതോറും അപ്പം നുറുക്കിയും, ഉല്ലാസത്തോടും ഹൃദയലാളിത്യത്തോടുംകൂടെ തങ്ങളുടെ ഭക്ഷണത്തിൽ പങ്കുകൊള്ളുകയും,

പ്രവൃ. 2:47 ദൈവത്തെ സ്തുതിക്കുകയും സകല ജനത്തോടുംകൂടെ കൃപ ഉണ്ടായിരിക്കുകയും ചെയ്തു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി ഒരുമിച്ച് ചേർത്തുകൊണ്ടിരുന്നു.

പ്രവൃ. 5:20 പോയി ദൈവാലയത്തിൽ നിന്ന് ഈ ജീവന്റെ വചനങ്ങളെല്ലാം ജനത്തോട് സംസാരിക്കുവിൻ എന്നു പറഞ്ഞു.

പ്രവൃ. 6:4 എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും.

പ്രവൃ. 6:7 ദൈവവചനം വളർന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ സംഖ്യ അധികമായി പെരുകി; പുരോഹിതന്മാരുടെ വലിയൊരു സംഖ്യ വിശ്വാസം അനുസരിച്ചു.

പ്രവൃ. 12:24 എന്നാൽ ദൈവവചനം വളർന്നു പെരുകി.

പ്രവൃ. 19:20 അങ്ങനെ, കർത്താവിന്റെ വചനം ശക്തിയോടെ വളർന്നു പ്രബലപ്പെട്ടു.

B. സഭ വ്യാപിക്കാൻ തുടങ്ങുമ്പോൾ, തെറ്റായ ആശയങ്ങൾ, അവ പ്രാദേശികമോ, വംശീയമോ, വിവേചനപരമോ ആകട്ടെ അവ തകർക്കപ്പെടുന്നു; നമ്മുടെ എല്ലാ സങ്കുചിത മനസ്ഥിതിയും ഇല്ലാതാക്കപ്പെടുന്നത് വ്യാപനത്തിലൂടെയാണ്—പ്ര.നി. 1 കൊരി. 12:24; കൊലൊ. 3:10-11.

1 കൊരി. 12:24 എന്നാൽ നമ്മുടെ അഴകുള്ള അവയവങ്ങൾക്ക് അത് ആവശ്യമില്ല. കുറവുള്ള അവയവത്തിന് അധികം മാനം നൽകിക്കൊണ്ട് ദൈവം ശരീരത്തെ ചേർത്തു സമന്വയിപ്പിച്ചിരിക്കുന്നു,

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

C. പ്രവൃത്തികൾ 8 കാണിക്കുന്നത് സഭയുടെ വ്യാപനത്തിന്റെ ആദ്യപടി ശമര്യയിലേയ്ക്കായിരുന്നു (വാ. 1-25) എന്നും രണ്ടാമത്തെ പടി എത്യോപ്യയിലേക്ക്, ആഫ്രിക്കയിലേക്കായിരുന്നു (വാ. 26-39) എന്നുമാണി; ഇത് കാണിക്കുന്നത് സഭ സാർവത്രികവും, വ്യാപനം ആവശ്യവുമായതിനാൽ എല്ലാ ഗോത്രങ്ങളോടും ഭാഷകളോടും ജനങ്ങളോടും രാഷ്ട്രത്തോടും സുവിശേഷം പ്രസംഗിക്കണമെന്നാണ് (വെളി. 5:9-10; 7:9).

പ്രവൃ. 8:1 അവനെ കൊല്ലുന്നത് ശൗൽ അംഗീകരിച്ചിരുന്നു. ആ നാളിൽ യെരൂശലേമിലുള്ള സഭയ്ക്കെതിരെ വലിയൊരു ഉപദ്രവമുണ്ടായി; അപ്പൊസ്തലന്മാർ ഒഴികെ, എല്ലാവരും യെഹൂദ്യയുടെയും ശമര്യയുടെയും പ്രദേശങ്ങളിലെങ്ങും ചിതറിപ്പോയി.

പ്രവൃ. 8:2 ഭക്തരായ മനുഷ്യർ സ്തെഫാനൊസിനെ അടക്കുവാനായി എടുത്തുകൊണ്ടുപോയി, അവനെച്ചൊല്ലി വലിയ വിലാപം നടത്തി.

പ്രവൃ. 8:3 എന്നാൽ ശൗൽ വീടുതോറും പ്രവേശിച്ചുകൊണ്ട് സഭയെ നശിപ്പിക്കുകയായിരുന്നു; പുരുഷന്മാരെയും സ്ത്രീകളെയും വലിച്ചിഴച്ച് അവൻ കാരാഗൃഹത്തിൽ ഏൽപ്പിച്ചു.

പ്രവൃ. 8:4 അതുകൊണ്ട് ചിതറിപ്പോയവർ വചനം സുവിശേഷിച്ചുകൊണ്ട് ദേശമെമ്പാടും കടന്നുപോയി.

പ്രവൃ. 8:5 ഫിലിപ്പൊസ് ശമര്യപട്ടണത്തിലേക്ക് ഇറങ്ങിച്ചെന്ന് അവരോട് ക്രിസ്തുവിനെ പ്രഖ്യാപിച്ചു.

പ്രവൃ. 8:6 അവൻ ചെയ്ത അടയാളങ്ങൾ കാണുകയും കേൾക്കുകയും ചെയ്തപ്പോൾ, പുരുഷാരം ഫിലിപ്പോസ് പറഞ്ഞ കാര്യങ്ങൾക്ക് ഒരുമനസ്സോടെ ശ്രദ്ധ കൊടുത്തു.

പ്രവൃ. 8:7 അശുദ്ധാത്മാക്കളുണ്ടായിരുന്ന അനേകരിൽനിന്ന് ആത്മാക്കൾ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് പുറത്തുവന്നു; പക്ഷവാതമുള്ളവരും മുടന്തരുമായ അനേകർ സൗഖ്യം പ്രാപിച്ചു.

പ്രവൃ. 8:8 ആ പട്ടണത്തിൽ വളരെ സന്തോഷം ഉണ്ടായി.

| | |
|---|---|
| പ്രവൃ. 8:9 | താൻ ആരോ വലിയവനാണെന്നു പറഞ്ഞുകൊണ്ട് പട്ടണത്തിൽ മുമ്പ് ഇന്ദ്രജാലം അഭ്യസിക്കുകയും ശമര്യ ജനത്തെ ആശ്ചര്യപ്പെടുത്തുകയും ചെയ്ത, ശിമോൻ എന്നു പേരുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. |
| പ്രവൃ. 8:10 | ഇവൻ മഹാൻ എന്നു വിളിക്കപ്പെടുന്ന ദൈവശക്തി ആകുന്നു എന്ന് പറഞ്ഞുകൊണ്ട്, ഏറ്റവും ചെറിയവൻ മുതൽ ഏറ്റവും വലിയവൻ വരെ അവർ എല്ലാവരും അവന് ശ്രദ്ധ കൊടുത്തു. |
| പ്രവൃ. 8:11 | തന്റെ ഇന്ദ്രജാലം കൊണ്ട് ഗണ്യമായ കാലം അവൻ അവരെ ആശ്ചര്യപ്പെടുത്തിയതു കൊണ്ടായിരുന്നു അവർ അവന് ശ്രദ്ധ കൊടുത്തത്. |
| പ്രവൃ. 8:12 | എന്നാൽ ദൈവരാജ്യത്തിന്റെയും യേശു ക്രിസ്തുവിന്റെ നാമത്തിന്റെയും സുവിശേഷം അറിയിച്ച ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ, പുരുഷന്മാരും സ്ത്രീകളും, സ്നാനപ്പെട്ടു. |
| പ്രവൃ. 8:13 | ശിമോൻതാനും വിശ്വസിച്ചു, അവൻ സ്നാനപ്പെട്ട ശേഷം, ഫിലിപ്പൊസിനോടൊപ്പം ദൃഢചിത്തനായി തുടർന്നു. അടയാളങ്ങളും വലിയ വീര്യപ്രവൃത്തികളും നടക്കുന്നത് കണ്ടപ്പോൾ അവൻ ആശ്ചര്യപ്പെട്ടു. |
| പ്രവൃ. 8:14 | ശമര്യർ ദൈവവചനം സ്വീകരിച്ചു എന്ന് യെരൂശലേമിൽ അപ്പൊസ്തലന്മാർ കേട്ടപ്പോൾ, അവർ പത്രൊസിനെയും യോഹന്നാനെയും അവരുടെ അടുക്കൽ അയച്ചു, |
| പ്രവൃ. 8:15 | അവർ ഇറങ്ങിച്ചെന്ന്, അവർക്കു പരിശുദ്ധാത്മാവ് ലഭിക്കേണ്ടതിന്, അവർക്കുവേണ്ടി പ്രാർഥിച്ചു; |
| പ്രവൃ. 8:16 | എന്തെന്നാൽ പരിശുദ്ധാത്മാവ് അതുവരെ അവരിൽ ആരുടെയും മേൽ വന്നിട്ടില്ലായിരുന്നു, അവർ കർത്താവായ യേശുവിന്റെ, നാമത്തിലേക്ക് സ്നാനപ്പെടുക മാത്രമേ ചെയ്തിരുന്നുള്ളൂ. |
| പ്രവൃ. 8:17 | അപ്പോൾ അവർ അവരുടെ മേൽ കൈ വയ്ക്കുകയും, അവർക്ക് പരിശുദ്ധാത്മാവ് ലഭിക്കുകയും ചെയ്തു. |
| പ്രവൃ. 8:18 | എന്നാൽ അപ്പൊസ്തലന്മാരുടെ കൈവയ്പിനാൽ ആത്മാവ് നൽകപ്പെട്ടു എന്ന് ശിമോൻ കണ്ടപ്പോൾ, അവർക്ക് പണം കാഴ്ച്ചവച്ച് പറഞ്ഞത്, |
| പ്രവൃ. 8:19 | ഞാൻ ആരുടെയെങ്കിലും മേൽ കൈ വയ്ക്കുമ്പോൾ അവന് പരിശുദ്ധാത്മാവ് ലഭിക്കേണ്ടതിന് ഈ അധികാരം എനിക്കും തരുക. |
| പ്രവൃ. 8:20 | എന്നാൽ പത്രൊസ് അവനോട് പറഞ്ഞു, ദൈവത്തിന്റെ ഉപഹാരം പണത്തിലൂടെ ആർജിക്കാം എന്നു നീ ചിന്തിച്ചതുകൊണ്ട്, നിന്റെ വെള്ളി നിന്നോടുകൂടെ നാശത്തിലേക്ക് പോകട്ടെ. |
| പ്രവൃ. 8:21 | ഈ കാര്യത്തിൽ നിനക്ക് പങ്കും അംശവും ഇല്ല, എന്തെന്നാൽ നിന്റെ ഹൃദയം ദൈവമുമ്പാകെ നേരുള്ളതല്ല. |
| പ്രവൃ. 8:22 | അതുകൊണ്ട് നിന്റെ ഈ ദുഷ്ടതയിൽനിന്ന് നീ മാനസാന്തരപ്പെട്ട് കർത്താവിനോട് അപേക്ഷിക്കുക, നിന്റെ ഹൃദയത്തിന്റെ ഉദ്ദേശ്യത്തെ ഒരുപക്ഷേ നിന്നോട് ക്ഷമിക്കും. |

പ്രവൃ. 8:23 എന്തെന്നാൽ നീ കയ്പിന്റെ കഠോരതയിലും അനീതിയുടെ ബന്ധനത്തിലും ആകുന്നു എന്ന് ഞാൻ കാണുന്നു.

പ്രവൃ. 8:24 ശിമോനോ, നിങ്ങൾ സംസാരിച്ചതൊന്നും എന്റെ മേൽ വരാതിരിക്കേണ്ടതിന് നീ എനിക്കുവേണ്ടി അപേക്ഷിക്കേണമേ എന്ന് ഉത്തരം പറഞ്ഞു.

പ്രവൃ. 8:25 അങ്ങനെ അവർ ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുകയും കർത്താവിന്റെ വചനം സംസാരിക്കുകയും ചെയ്തിട്ട്, യെരൂശലേമിലേക്കു മടങ്ങിപ്പോയി; ശമര്യരുടെ അനേകം ഗ്രാമങ്ങളിൽ അവർ സുവിശേഷം അറിയിച്ചു.

പ്രവൃ. 8:26 എന്നാൽ കർത്താവിന്റെ ഒരു ദൂതൻ ഫിലിപ്പൊസിനോട്, എഴുന്നേറ്റ് തെക്കോട്ട് യെരൂശലേമിൽനിന്നു ഗസയ്ക്ക് ഇറങ്ങിപ്പോകുന്ന വഴിയേ പോകുക എന്നു പറഞ്ഞു. ഇതു മരുഭൂമി മാർഗമാകുന്നു.

പ്രവൃ. 8:27 അവൻ എഴുന്നേറ്റ് പുറപ്പെട്ടു. ഇതാ, എത്യോപ്യാ രാജ്ഞിയായ കന്ദകയുടെ കീഴിൽ അധികാരത്തിലുള്ളവനും, അവളുടെ സകല സമ്പത്തിനും മേൽവിചാരകനുമായിരുന്ന, ഷണ്ഡനായ ഒരു എത്യോപ്യക്കാരൻ, യെരൂശലേമിൽ ആരാധിക്കുവാൻ വന്നിരുന്നു.

പ്രവൃ. 8:28 അവൻ മടങ്ങിപ്പോകുമ്പോൾ, തന്റെ രഥത്തിൽ ഇരുന്ന് യെശയ്യാ പ്രവാചകന്റെ പുസ്തകം വായിക്കുകയായിരുന്നു.

പ്രവൃ. 8:29 ആത്മാവ് ഫിലിപ്പൊസിനോട്, ഈ രഥത്തോടു ചേർന്നുവരുക എന്നു പറഞ്ഞു.

പ്രവൃ. 8:30 ഫിലിപ്പൊസ് ഓടിപ്പോകുമ്പോൾ, അവൻ യെശയ്യാ പ്രവചനം വായിക്കുന്നത് കേട്ട്, നീ വായിക്കുന്ന കാര്യങ്ങൾ വാസ്തവമായും അറിയുന്നുവോ? എന്നു ചോദിച്ചു.

പ്രവൃ. 8:31 ആരെങ്കിലും വഴിനടത്താതെ എനിക്ക് എങ്ങനെ കഴിയും? എന്ന് അവൻ പറഞ്ഞു. പിന്നെ കയറിവന്നു തന്നോടുകൂടെ ഇരിക്കുവാൻ അവൻ ഫിലിപ്പൊസിനോട് അഭ്യർഥിച്ചു.

പ്രവൃ. 8:32 അവൻ വായിച്ചുകൊണ്ടിരുന്ന തിരുവെഴുത്തിൻ ഭാഗം ഇതായിരുന്നു: “ഒരു ആട് എന്നപോലെ അറുക്കുവാനായി അവൻ നയിക്കപ്പെട്ടു; രോമം കത്രിക്കുന്നവന്റെ മുമ്പാകെ ഊമനായിരിക്കുന്ന കുഞ്ഞാടിനെപ്പോലെ തന്റെ വായ് തുറക്കുന്നില്ല.

പ്രവൃ. 8:33 തന്റെ അപമാനത്തിൽ അവന്റെ ന്യായവിധി എടുത്തുകളഞ്ഞു. അവന്റെ തലമുറയെ ആർ പ്രഖ്യാപിക്കും? അവന്റെ ജീവനെ ഭൂമിയിൽ നിന്ന് എടുത്തുകളഞ്ഞിരിക്കുന്നുവല്ലോ.”

പ്രവൃ. 8:34 ഷണ്ഡൻ ഫിലിപ്പൊസിനോട്, പ്രവാചകൻ ഇത് ആരെക്കുറിച്ചു പറയുന്നു? തന്നെക്കുറിച്ചോ അതോ മറ്റാരെയെങ്കിലും കുറിച്ചോ? എന്ന് പറഞ്ഞുതരുവാൻ അപേക്ഷിക്കുന്നു എന്ന് ഉത്തരം പറഞ്ഞു.

പ്രവൃ. 8:35 ഫിലിപ്പൊസ് തന്റെ വായ് തുറന്ന്, ഈ തിരുവെഴുത്തിൽനിന്ന് ആരംഭിച്ച് യേശുവിനെ സുവിശേഷമായി അവനോട് അറിയിച്ചു.

പ്രവൃ. 8:36 അവർ വഴിയാത്ര പോകുമ്പോൾ, അവർ വെള്ളമുള്ളിടത്ത്

വന്നു, ഷണ്ഡൻ പറഞ്ഞു, നോക്കൂ വെള്ളം, ഞാൻ സ്നാനപ്പെടുന്നതിൽനിന്ന് തടസ്സപ്പെടുത്തുന്നത് എന്ത്?

പ്രവൃ. 8:37 ഫിലിപ്പൊസ് അവനോട്, നീ പൂർണ ഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ, നീ രക്ഷിക്കപ്പെടും എന്നു പറഞ്ഞു. യേശു ക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്ന് അവൻ ഉത്തരം പറഞ്ഞു.

പ്രവൃ. 8:38 അവൻ രഥം നിർത്തുവാൻ ആജ്ഞാപിച്ചു, ഫിലിപ്പൊസും ഷണ്ഡനും, ഇരുവരും വെള്ളത്തിലേക്ക് ഇറങ്ങിച്ചെല്ലുകയും, അവൻ അവനെ സ്നാനപ്പെടുത്തുകയും ചെയ്തു.

പ്രവൃ. 8:39 അവർ വെള്ളത്തിൽനിന്നു കയറിവന്നപ്പോൾ, കർത്താവിന്റെ ആത്മാവ് ഫിലിപ്പൊസിനെ എടുത്തുകൊണ്ടുപോയി; ഷണ്ഡൻ പിന്നീട് അവനെ കണ്ടില്ല, അവൻ സന്തോഷിച്ചുകൊണ്ട് തന്റെ വഴിക്കു പോയി.

പ്രവൃ. 8:40 എന്നാൽ ഫിലിപ്പൊസ് അസ്തോദിൽ കാണപ്പെട്ടു; അവൻ കടന്നുപോയി, കൈസര്യയിൽ വരുന്നതുവരെ എല്ലാ പട്ടണങ്ങളിലും സുവിശേഷം അറിയിച്ചു.

വെളി. 5:9 അവർ ഒരു പുതിയ പാട്ടു പാടുന്നത്: ചുരുൾ എടുക്കുവാനും അതിന്റെ മുദ്രകൾ തുറക്കുവാനും നീ യോഗ്യൻ ആകുന്നു, എന്തെന്നാൽ നീ അറുക്കപ്പെടുകയും നിന്റെ രക്തത്താൽ സകല ഗോത്രത്തിലും ഭാഷയിലും ജനത്തിലും രാഷ്ട്രത്തിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങുകയും,

വെളി. 5:10 അവരെ നമ്മുടെ ദൈവത്തിനു രാജ്യവും പുരോഹിതന്മാരും ആക്കുകയും ചെയ്തു; അവർ ഭൂമിയിന്മേൽ വാഴും.

വെളി. 7:9 ഇവയ്ക്കു ശേഷം, ഇതാ, സകല രാഷ്ട്രങ്ങളിൽനിന്നും എല്ലാ ഗോത്രങ്ങളിലും ജനങ്ങളിലും ഭാഷകളിലും നിന്നും ആർക്കും എണ്ണുവാൻ കഴിയാത്ത വലിയൊരു പുരുഷാരം, വെള്ളയങ്കി ധരിച്ചും തങ്ങളുടെ കൈയിൽ പനയോല പിടിച്ചുംകൊണ്ട്, സിംഹാസനത്തിന് മുമ്പാകെയും കുഞ്ഞാടിനു മുമ്പാകെയും നിൽക്കുന്നത് ഞാൻ കണ്ടു.

D. പ്രവൃത്തികൾ 9 ദൈവം ശൗലിനെ (പിന്നീട് പൗലൊസ്) തിരഞ്ഞെടുത്തതായി കാണിക്കുന്നു, അത് മാനുഷിക ധാരണയ്ക്ക് വിരുദ്ധമാണ്; നമ്മുടെ ഇടുങ്ങിയതും തെറ്റായതുമായ മാനുഷിക ധാരണ സഭയുടെ വ്യാപനത്തിലൂടെ തകർക്കപ്പെടുകയും ഉടയുകയും വേണം; ഒരു വ്യക്തിക്ക് ഒരു കാലത്ത് സഭയെ ഉപദ്രവിക്കുവാനും അടുത്ത നിമിഷം സുവിശേഷം പ്രസംഗിക്കുവാനും കഴിയുമെന്ന് നാം വിശ്വസിക്കണം—വാ. 10-22.

Acts 9 be omitted.

പ്രവൃ. 9:10 ദമസ്കൊസിൽ അനന്യാസ് എന്നു പേരുള്ള ഒരു ശിഷ്യൻ ഉണ്ടായിരുന്നു; കർത്താവ് ഒരു ദർശനത്തിൽ അവനോട്, അനന്യാസേ എന്നു വിളിച്ചു. ഞാൻ ഇതാ, കർത്താവേ എന്ന് അവൻ പറഞ്ഞു.

പ്രവൃ. 9:11 കർത്താവ് അവനോട്, എഴുന്നേറ്റ് നേർവീഥി എന്നു വിളിക്കപ്പെടുന്ന ഇടവഴിയിൽ പോയി, യൂദായുടെ ഭവനത്തിൽ തർസൊസുകാരനായ ശൗൽ എന്നു പേരുള്ളവനെ അന്വേഷിക്കുക; ഇതാ, അവൻ പ്രാർഥിക്കുന്നു;

| | |
|---|---|
| പ്രവൃ. 9:12 | തന്റെ കാഴ്ച്ച ലഭിക്കേണ്ടതിന്, അനന്യാസ് എന്നു പേരുള്ള ഒരു മനുഷ്യൻ അകത്തുവന്ന് തന്റെ മേൽ കൈ വയ്ക്കുന്നത് ഒരു ദർശനത്തിൽ അവൻ കണ്ടിരിക്കുന്നു. |
| പ്രവൃ. 9:13 | എന്നാൽ അനന്യാസ്, കർത്താവേ, അവൻ യെരൂശലേമിലുള്ള നിന്റെ വിശുദ്ധന്മാരോട് എത്രമാത്രം ദുഷ്ടത ചെയ്തിരിക്കുന്നു എന്ന് ഈ മനുഷ്യനെക്കുറിച്ച് അനേകരിൽ നിന്ന് ഞാൻ കേട്ടിരിക്കുന്നു; |
| പ്രവൃ. 9:14 | ഇവിടെയും നിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും ബന്ധിക്കുവാൻ മുഖ്യപുരോഹിതന്മാരിൽ നിന്ന് അവന് അധികാരമുണ്ട്. |
| പ്രവൃ. 9:15 | എന്നാൽ കർത്താവ് അവനോട്, പോകുക, ഇവൻ ജാതികൾക്കും രാജാക്കന്മാർക്കും, യിസ്രായേൽ പുത്രന്മാർക്കും മുമ്പാകെ എന്റെ നാമം വഹിക്കുവാൻ, എനിക്കായി തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാകുന്നു; |
| പ്രവൃ. 9:16 | എന്റെ നാമത്തിനു വേണ്ടി അവൻ എത്രമാത്രം കഷ്ടം സഹിക്കേണം എന്ന് ഞാൻ അവന് കാണിച്ചുകൊടുക്കും എന്നു പറഞ്ഞു. |
| പ്രവൃ. 9:17 | അനന്യാസോ പുറപ്പെട്ടു പോയി ഭവനത്തിലേക്കു പ്രവേശിച്ചു, തന്റെ കൈ അവന്റെ മേൽ വച്ച്, ശൗലേ, സഹോദരാ, കർത്താവ്—നീ വരുന്ന വഴിയിൽ നിനക്ക് പ്രത്യക്ഷപ്പെട്ട യേശു—നിനക്ക് കാഴ്ച്ച ലഭിക്കേണ്ടതിനും പരിശുദ്ധാത്മാവിനാൽ നിറയേണ്ടതിനും എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു. |
| പ്രവൃ. 9:18 | ഉടനെ അവന്റെ കണ്ണുകളിൽ നിന്ന് ചെതുമ്പൽപോലെ എന്തോ വീണു, അവന് കാഴ്ച്ച ലഭിക്കുകയും അവൻ എഴുന്നേറ്റ് സ്നാനപ്പെടുകയും ചെയ്തു. |
| പ്രവൃ. 9:19 | അവൻ ഭക്ഷണം കഴിച്ചശേഷം, ശക്തി പ്രാപിച്ചു. ചില നാളുകൾ ദമസ്കൊസിലുള്ള ശിഷ്യന്മാരോടുകൂടെ അവൻ ഉണ്ടായിരുന്നു. |
| പ്രവൃ. 9:20 | ഉടനെ അവൻ യേശുവിനെ, ഇവനാകുന്നു ദൈവപുത്രൻ, എന്നു സിനഗോഗുകളിൽ പ്രഖ്യാപിച്ചു. |
| പ്രവൃ. 9:21 | അവനെ കേട്ടവർ എല്ലാം ആശ്ചര്യപ്പെട്ട്, യെരൂശലേമിൽ ഈ നാമം വിളിച്ചപേക്ഷിക്കുന്നവരെ സംഹരിച്ചവനും, മുഖ്യപുരോഹിതന്മാർക്കു മുമ്പാകെ അവരെ ബന്ധിച്ചു കൊണ്ടുപോകേണ്ടതിന്, ഇവിടെ വന്നവനും ഇവനല്ലയോ? എന്നു പറഞ്ഞു. |
| പ്രവൃ. 9:22 | എന്നാൽ ശൗൽ മേൽക്കുമേൽ ശക്തി പ്രാപിക്കുകയും, യേശു തന്നെ ക്രിസ്തു എന്നു തെളിയിച്ചുകൊണ്ട് ദമസ്കൊസിൽ വസിക്കുന്ന യെഹൂദന്മാരെ ചിന്താക്കുഴപ്പത്തിലാക്കുകയും ചെയ്തു. |

E. പ്രവൃത്തികൾ 10 സൂചിപ്പിക്കുന്നത് ഭൂമിയിലെ കർത്താവിന്റെ സുവിശേഷ നീക്കം സ്വർഗത്തിലെ സിംഹാസനത്തിലുള്ള അവന്റെ ഭരണത്തിൻ കീഴിലാണെന്നും എല്ലാത്തരം അശുദ്ധ (പാപികളായ) ജനത്തെയും ശേഖരിക്കുന്നതിന് ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ രക്തത്താൽ അവരെ ശുദ്ധീകരിച്ചുകൊണ്ടും പുതുക്കുന്ന പരിശുദ്ധാത്മാവിനാൽ അവരെ

കഴുകിക്കൊണ്ടും സുവിശേഷം ആൾപ്പാർപ്പുള്ള ഭൂമിയുടെ നാലു കോണുകളിലേക്കും വ്യാപിക്കണം എന്നുമാണ്—വാ. 11-12, 15, 28; പ്ര.നി. എബ്രാ. 8:1; പ്രവൃ. 7:56.

Acts 10 be omitted.

പ്രവൃ. 10:11 സ്വർഗം തുറന്നിരിക്കുന്നതും, വലിയ വിരിപ്പുപോലുള്ള ഒരു പാത്രം നാലു കോണുകളാൽ താഴ്ത്തപ്പെട്ട്, ഭൂമിയിലേക്ക് ഇറങ്ങുന്നതും അവൻ കണ്ടു,

പ്രവൃ. 10:12 അതിൽ ഭൂമിയിലെ സകല നാൽക്കാലികളും ഇഴജന്തുക്കളും, ആകാശത്തിലെ പറവകളും ഉണ്ടായിരുന്നു.

പ്രവൃ. 10:15 ദൈവം വെടിപ്പാക്കിയവയെ നീ സാമാന്യമാക്കരുത് എന്നൊരു ശബ്ദം രണ്ടാമത് പിന്നെയും അവന്റെ അടുക്കൽ വന്നു.

പ്രവൃ. 10:28 അവൻ അവരോടു പറഞ്ഞു, യെഹൂദനായ ഒരു മനുഷ്യൻ മറ്റൊരു ജാതിക്കാരനോട് തന്നെത്തന്നെ ചേർക്കുന്നതോ അടുത്തുവരുന്നതോ ന്യായമല്ല എന്ന് നിങ്ങൾ അറിയുന്നുവല്ലോ; എങ്കിലും ആരെയും സാമാന്യമെന്നോ വെടിപ്പല്ലാത്തതെന്നോ ഞാൻ വിളിക്കരുതെന്ന് ദൈവം എന്നെ കാണിച്ചിരിക്കുന്നു.

എബ്രാ. 8:1 ഈ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളിലെ മുഖ്യകാര്യം ഇതാകുന്നു: സ്വർഗത്തിൽ, മഹിമാസനത്തിന്റെ വലത്തുഭാഗത്തിരുന്നവനായി,

പ്രവൃ. 7:56 ഇതാ, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു എന്ന് പറഞ്ഞു.

F. അന്ത്യോക്യയിലുള്ള സഭയിൽ, കർത്താവിനെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന അഞ്ച് പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും, യെഹൂദന്മാരാലും ജാതികളാലും സംരചിക്കപ്പെട്ടതായിരുന്നുവെന്ന് പ്രവൃത്തികൾ 13 വെളിപ്പെടുത്തുന്നു, അവർ ഓരോരുത്തർക്കും വ്യത്യസ്ത പശ്ചാത്തലവും വിദ്യാഭ്യാസവും പദവിയും ഉണ്ടായിരുന്നു; ഇത് സൂചിപ്പിക്കുന്നത് അവരുടെ പശ്ചാത്തലത്തെ പരിഗണിക്കാതെ സഭ എല്ലാ വംശങ്ങളിൽനിന്നും എല്ലാ ശ്രേണികളിൽനിന്നുമുള്ള ജനത്താൽ ചേർന്നതാണെന്നും, ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങൾക്ക് നൽകപ്പെട്ട ആത്മിക വരങ്ങളും പ്രവർത്തനങ്ങളും അവരുടെ സ്വാഭാവിക പദവിയെ അടിസ്ഥാനമാക്കിയുള്ളതല്ലെന്നുമാണ്—വാ. 1; 4:36; റോമ. 16:21; ലൂക്കൊ. 9:7-9; പ്രവൃ. 22:3:

Acts 13 be omitted.

പ്രവൃ. 13:1 അന്ത്യോക്യയിലെ സ്ഥലം സഭയിൽ, ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമ്യോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭുവായ ഹെരോദാവിന്റെ വളർത്തു സഹോദരനായ മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു.

പ്രവൃ. 4:36 പിന്നെ അപ്പൊസ്തലന്മാരാൽ ബർന്നബാസ് എന്നു മറുപേരിട്ട (അതിനെ പ്രോത്സാഹനപുത്രൻ എന്നു മൊഴിമാറ്റം ചെയ്തിരിക്കുന്നു), ജന്മംകൊണ്ട് കുപ്ര ദ്വീപുകാരനായ, ലേവ്യനായ യോസേഫ്,

റോമ. 16:21 എന്റെ കൂട്ടുവേലക്കാരനായ തിമൊഥെയൊസും, എന്റെ ചാർച്ചക്കാരായ ലൂക്യൊസും യാസോനും സോസിപത്രൊസും നിങ്ങളെ വന്ദനം ചെയ്യുന്നു.

ലൂക്കൊ. 9:7 സംഭവിച്ചുകൊണ്ടിരുന്നതെല്ലാം ഇടപ്രഭുവായ ഹെരോദാവ് കേട്ടിട്ട് തികച്ചും പരിഭ്രമിച്ചു, എന്തുകൊണ്ടെന്നാൽ ചിലർ, യോഹന്നാൻ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു എന്നും,

ലൂക്കൊ. 9:8 ചിലർ ഏലീയാവു പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്നും, മറ്റു ചിലർ പൂർവികരിലെ ഏതോ ഒരു പ്രവാചകൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നും പറഞ്ഞിരുന്നു.

ലൂക്കൊ. 9:9 യോഹന്നാനെ ഞാൻ ശിരഛേദം ചെയ്തു, എന്നാൽ ആരെക്കുറിച്ചാകുന്നു ഞാൻ ഇത്തരം കാര്യങ്ങൾ കേൾക്കുന്നത്? എന്ന് ഹെരോദാവു ചോദിച്ചു. അവനെ കാണുവാൻ അവൻ അന്വേഷിച്ചു.

പ്രവൃ. 22:3 ഞാൻ കിലിക്യയിലെ തർസൊസിൽ ജനിച്ചവനെങ്കിലും, ഈ പട്ടണത്തിൽ വളർന്നവനും ഗമാലിയേലിന്റെ കാൽക്കലിരുന്ന് നമ്മുടെ പിതാക്കന്മാരുടെ ന്യായപ്രമാണത്തിന്റെ കർക്കശതയ്ക്കനുസരിച്ച് അഭ്യസിക്കപ്പെട്ടവനും, നിങ്ങൾ എല്ലാവരും ഇന്നായിരിക്കുന്നതു പോലെ, ദൈവത്തിനായി തീക്ഷ്ണതയുള്ളവനുമായ ഒരു യെഹൂദനാകുന്നു.

1. ക്രിസ്തുവിന്റെ ശരീരത്തിലെ വിശ്വസ്തരും അന്വേഷകരുമായ ഈ അഞ്ച് അവയവങ്ങളിലൂടെ, ബർണബാസിനെയും ശൗലിനെയും തന്റെ വേലയ്ക്കും തന്റെ രാജ്യത്തിന്റെ സുവിശേഷം ജാതികളിലേക്ക് പ്രചരിപ്പിക്കുവാനുള്ള നീക്കത്തിനും വേണ്ടി വേർതിരിക്കുന്നതിന് കർത്താവ് ഒരു വലിയ ചുവടുവയ്പ് എടുത്തു.
2. അത് സ്വർഗത്തിലുള്ള തലയോടൊപ്പം, ഭൂമിയിലുള്ള ക്രിസ്തുവിന്റെ ശരീരത്തിലെ വിശ്വസ്തരും അന്വേഷകരുമായ അവയവങ്ങളുടെ ഏകോപനത്തിലൂടെ ആത്മാവിനാലും, ആത്മാവിലും, ആത്മാവോടുകൂടെയും ഉള്ള ഒരു നീക്കമായിരുന്നു—13:1-4.

    പ്രവൃ. 13:1 അന്ത്യൊക്യയിലെ സ്ഥലം സഭയിൽ, ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമ്യോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭുവായ ഹെരോദാവിന്റെ വളർത്തു സഹോദരനായ മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു.

    പ്രവൃ. 13:2 അവർ കർത്താവിന് ശുശ്രൂഷിക്കുകയും ഉപവസിക്കുകയും ചെയ്തു കൊണ്ടിരിക്കുമ്പോൾ, ബർന്നബാസിനെയും ശൗലിനെയും ഞാൻ അവരെ വിളിച്ചിരിക്കുന്ന വേലക്കായി ഇപ്പോൾ എനിക്കു വേർതിരിക്കുക എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു.

    പ്രവൃ. 13:3 അപ്പോൾ, അവർ ഉപവസിച്ചു പ്രാർഥിക്കുകയും അവരുടെ മേൽ തങ്ങളുടെ കൈ വച്ചശേഷം അവരെ അയയ്ക്കുകയും ചെയ്തു.

    പ്രവൃ. 13:4a പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ടിട്ട്, അവർ സെലൂക്യയിലേക്ക് ഇറങ്ങിപ്പോയി;; ...

G. സുവിശേഷം പ്രചരിപ്പിക്കാനുള്ള അപ്പൊസ്തലനായ പൗലൊസിന്റെ ഒന്നാം യാത്രയിൽ, അവൻ കുപ്രൊസിലേക്കും അതിനുശേഷം ആസ്യ മൈനറിലേക്കും പോയി നിരവധി സ്ഥലം സഭകൾ സ്ഥാപിച്ചു—വാ. 4—14:28; വെളി. 1:4.

Acts 13:4b-14:28 be omitted.

വെളി. 1:4 യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും,

H. ബർന്നബാസിൽനിന്ന് വേർപിരിഞ്ഞ ശേഷം, പൗലൊസ് തന്റെ രണ്ടാം ശുശ്രൂഷായാത്രയ്ക്കായി യൂറോപ്പിലേക്ക് (ഫിലിപ്പി, തെസ്സലൊനീക്യ, ബെരോവ, അഥേന, കൊരിന്ത് എന്നീ സ്ഥലങ്ങളിലൂടെ എഫെസൊസ് വഴി അന്ത്യൊക്ക്യയിലേക്ക്) പോയി—പ്രവൃ. 15:35-40; 16:6—18:22.

പ്രവൃ. 15:35 പൗലൊസും ബർന്നബാസും, മറ്റനേകരോടുകൂടെ കർത്താവിന്റെ വചനം സുവിശേഷമായി ഉപദേശിച്ചും അറിയിച്ചുംകൊണ്ട് അന്ത്യൊക്ക്യയിൽ താമസിച്ചു.

പ്രവൃ. 15:36 അങ്ങനെ ചില ദിവസങ്ങൾക്കു ശേഷം പൗലൊസ് ബർന്നബാസിനോട്, നാം കർത്താവിന്റെ വചനം അറിയിച്ച എല്ലാ പട്ടണങ്ങളിലേക്കും ഇപ്പോൾ മടങ്ങിപ്പോയി സഹോദരന്മാരെ സന്ദർശിച്ച്, അവർ എങ്ങനെയിരിക്കുന്നു എന്നു നോക്കാം എന്നു പറഞ്ഞു.

പ്രവൃ. 15:37 മർക്കൊസ് എന്നു വിളിക്കപ്പെട്ട യോഹന്നാനെയും അവരോടൊപ്പം കൊണ്ടുപോകുവാൻ ബർന്നബാസ് ഇച്ഛിച്ചു;

പ്രവൃ. 15:38 എന്നാൽ പംഫുല്യയിൽ നിന്ന് അവരോടുകൂടെ വേലയ്ക്കു പോകാതെ അവരിൽ നിന്ന് പിൻവാങ്ങിപ്പോയവനെ അവരോടൊപ്പം കൂട്ടുന്നത് പൗലൊസ് യോഗ്യമായി കരുതിയില്ല.

പ്രവൃ. 15:39 അവർ തമ്മിൽ വേർപിരിയുവാൻ തക്കവണ്ണം ഒരു ഉഗ്രവാദം ഉണ്ടായി; ബർന്നബാസ് മർക്കൊസിനെ കൂടെക്കൂട്ടി കുപ്രൊസിലേക്ക് കപ്പൽ കയറി.

പ്രവൃ. 15:40 എന്നാൽ പൗലൊസ് ശീലാസിനെ തിരഞ്ഞെടുത്ത്, സഹോദരന്മാരാൽ കർത്താവിന്റെ കൃപയ്ക്ക് ഭരമേൽപ്പിച്ചിട്ട് പുറപ്പെട്ടുപോയി.

Acts 16:6-18:22 be omitted.

I. പൗലൊസിന്റെ മൂന്നാം യാത്ര അന്ത്യൊക്ക്യയിൽനിന്ന് ഗലാത്യ, ഫ്രുഗ്യ, എഫെസൊസ്, മക്കെദോന്യ, ഗ്രീസ് എന്നീ സ്ഥലങ്ങളിലൂടെ യെരൂശലേമിലേക്കായിരുന്നു—വാ. 23—21:17.

Acts 18:23-21:17 be omitted.

J. പൗലൊസിന്റെ നാലാം യാത്ര കൈസര്യയിൽനിന്ന് റോമിലേക്കായിരുന്നു—27:1—28:31.

Acts 27:1-28:31 be omitted.

**III. സഭയുടെ വ്യാപനത്തെയും കെട്ടുപണിയെയും തടസ്സപ്പെടുത്തുവാനുള്ള സാത്താന്റെ തന്ത്രങ്ങളിൽനിന്ന് രക്ഷപെടുന്നതിന് നമുക്ക് കർത്താവിന്റെ കരുണ ലഭിക്കുകയും, അവന്റെ ശരീരത്തിന്റെ കെട്ടുപണിക്കായി നാം നമ്മെത്തന്നെ**

**യുഗത്തിന്റെ ഒഴുക്കിൽ കാത്തുസൂക്ഷിക്കുകയും വേണം—പ്ര.നി. എബ്രാ. 4:16; വിലാ. 3:22-25:**

എബ്രാ. 4:16 അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം.

വിലാ. 3:22 നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ;

വിലാ. 3:23 അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്ഥത വലിയതും ആകുന്നു.

വിലാ. 3:24 യഹോവ എന്റെ ഓഹരി എന്നു എന്റെ ഉള്ളം പറയുന്നു; അതുകൊണ്ടു ഞാൻ അവനിൽ പ്രത്യാശവെക്കുന്നു.

വിലാ. 3:25 തന്നെ കാത്തിരിക്കുന്നവർക്കും തന്നെ അന്വേഷിക്കുന്നവന്നും യഹോവ നല്ലവൻ.

A. ബാഹ്യവും നിർജീവവുമായ ചട്ടങ്ങളിൽനിന്നും, മാനുഷിക അഭിപ്രായങ്ങളിൽനിന്നും, പഴയ ധരണകളോടുകൂടിയ സ്വയത്തിൽനിന്നും നാം രക്ഷിക്കപ്പെടണം; കർത്താവിൽനിന്ന് കരുണ പ്രാപിക്കുന്നവനെല്ലാം ഈ കാര്യങ്ങളിൽനിന്ന് രക്ഷിക്കപ്പെടും; നാം രക്ഷിക്കപ്പെടുന്ന അളവോളം സഭയ്ക്ക് കെട്ടുപണിചെയ്യപ്പെടുവാൻ കഴിയുന്നു—റോമ. 5:10; ഫിലി. 1:19-21; 2:12-16; പ്രവൃ. 15:1-12; ഗലാ. 2:21; 5:1; 2:4.

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

ഫിലി. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

ഫിലി. 1:21a എനിക്കു ജീവിക്കുന്നത് ക്രിസ്തുവും...

ഫിലി. 2:12 അതിനാൽ എന്റെ പ്രിയരേ, നിങ്ങൾ എപ്പോഴും അനുസരിച്ചതുപോലെ, എന്റെ സാന്നിധ്യത്തിൽ മാത്രമല്ല അതിലുപരി ഇപ്പോൾ എന്റെ അസാന്നിധ്യത്തിലും, ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ സ്വന്തം രക്ഷയെ പുറപ്പെടുവിക്കുവിൻ.

ഫിലി. 2:13 എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു.

ഫിലി. 2:14 വക്രവും വികടവുമായ തലമുറയുടെ മധ്യേ നിങ്ങൾ കുറ്റമില്ലാത്തവരും കളങ്കമില്ലാത്തവരുമായി, നിഷ്കളങ്കരായ ദൈവമക്കൾ ആകേണ്ടതിന്, സകലവും പിറുപിറുപ്പുകളും വാദങ്ങളും കൂടാതെ ചെയ്യുവിൻ.

ഫിലി. 2:15 ജീവന്റെ വചനത്തെ അവരുടെ മുമ്പാകെ വച്ചുകൊണ്ട് നിങ്ങൾ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു,

ഫിലി. 2:16 അങ്ങനെ ഞാൻ വ്യർഥമായി ഓടിയതുമില്ല വ്യർഥമായി അധ്വാനിച്ചതുമില്ല എന്ന് ക്രിസ്തുവിന്റെ നാളിൽ എനിക്ക് പ്രശംസ ഉണ്ടാകുമല്ലോ.

പ്രവൃ. 15:1 യെഹൂദ്യയിൽനിന്നും ചിലർ ഇറങ്ങിവന്ന്, നിങ്ങൾ മോശെയുടെ ആചാരപ്രകാരം പരിച്ഛേദന ഏൽക്കാത്തപക്ഷം, നിങ്ങൾക്ക് രക്ഷിക്കപ്പെടുവാൻ കഴിയില്ല എന്ന് സഹോദരന്മാരെ ഉപദേശിക്കുവാൻ തുടങ്ങി.

പ്രവൃ. 15:2 പൗലൊസും ബർന്നബാസും മുഖാന്തരം അവരുമായി അൽപമല്ലാത്ത അഭിപ്രായഭിന്നതയും ചർച്ചയും ഉണ്ടായപ്പോൾ, പൗലൊസിനോടും ബർന്നബാസിനോടും അവരിൽ മറ്റുചിലരോടും ഈ ചോദ്യം സംബന്ധിച്ച് യെരൂശലേമിൽ അപ്പൊസ്തലന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ കയറിപ്പോകുവാൻ സഹോദരന്മാർ നിർദേശിച്ചു.

പ്രവൃ. 15:3 അതുകൊണ്ട് അവർ സഭയാൽ അയയ്ക്കപ്പെട്ടിട്ട്, ജാതികളുടെ തിരിവിനെക്കുറിച്ച് വിശദമായി പറഞ്ഞുകൊണ്ട് ഫൊയ്നീക്യയിലും ശമര്യയിലും കൂടി കടന്നുപോയി; സഹോദരന്മാർക്കെല്ലാം അവർ വലിയ സന്തോഷം കൊണ്ടുവന്നു.

പ്രവൃ. 15:4 അവർ യെരൂശലേമിൽ എത്തിയപ്പോൾ, സഭയും അപ്പൊസ്തലന്മാരും മൂപ്പന്മാരും അവരെ സ്വീകരിക്കുകയും, ദൈവം അവരോടുകൂടെ ചെയ്ത കാര്യങ്ങളെ അറിയിക്കുകയും ചെയ്തു.

പ്രവൃ. 15:5 എന്നാൽ പരീശന്മാരുടെ മതഭേദത്തിൽ നിന്ന് വിശ്വസിച്ച ചിലർ, അവരെ പരിച്ഛേദന ചെയ്യുന്നതും മോശെയുടെ ന്യായപ്രമാണം കാക്കുവാൻ ആജ്ഞാപിക്കുന്നതും ആവശ്യമാകുന്നു എന്നു പറഞ്ഞുകൊണ്ട് അവരുടെ ഇടയിൽനിന്ന് എഴുന്നേറ്റു.

പ്രവൃ. 15:6 ഈ കാര്യത്തെക്കുറിച്ച് ആലോചിക്കുവാൻ അപ്പൊസ്തലന്മാരെയും മൂപ്പന്മാരെയും ഒന്നിച്ചു കൂട്ടിവരുത്തി.

പ്രവൃ. 15:7 വളരെ ചർച്ച നടന്നശേഷം, പത്രൊസ് എഴുന്നേറ്റ് അവരോടു പറഞ്ഞു, പുരുഷന്മാരേ, സഹോദരന്മാരേ, ആദ്യ നാളുകളിൽ ദൈവം നിങ്ങളുടെ ഇടയിൽനിന്ന് എന്റെ വായിലൂടെ ജാതികളെ സുവിശേഷവചനം കേട്ടു വിശ്വസിക്കുവാൻ തക്കവണ്ണം തിരഞ്ഞെടുത്തു എന്ന് നിങ്ങൾ അറിയുന്നുവല്ലോ.

പ്രവൃ. 15:8 ഹൃദയങ്ങളെ അറിയുന്നവനായ ദൈവം, നമുക്ക് എന്നപോലെ അവർക്കും പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് അവർക്ക് സാക്ഷ്യം വഹിച്ചു.

പ്രവൃ. 15:9 വിശ്വാസത്താൽ അവരുടെ ഹൃദയങ്ങളെ വെടിപ്പാക്കിക്കൊണ്ട്, അവൻ നമുക്കും അവർക്കും ഇടയിൽ ഒരു വ്യത്യാസവും വച്ചില്ല.

പ്രവൃ. 15:10 അതുകൊണ്ട് നമ്മുടെ പിതാക്കന്മാർക്കോ നമുക്കോ ചുമക്കുവാൻ കഴിയാതിരുന്ന നുകം നിങ്ങൾ ശിഷ്യന്മാരുടെ

കഴുത്തിന്മേൽ വച്ച് ഇപ്പോൾ ദൈവത്തെ പരീക്ഷിക്കുന്നത് എന്തിന്?

| | |
|---|---|
| പ്രവൃ. 15:10 | അതുകൊണ്ട് നമ്മുടെ പിതാക്കന്മാർക്കോ നമുക്കോ ചുമക്കുവാൻ കഴിയാതിരുന്ന നുകം നിങ്ങൾ ശിഷ്യന്മാരുടെ കഴുത്തിന്മേൽ വച്ച് ഇപ്പോൾ ദൈവത്തെ പരീക്ഷിക്കുന്നത് എന്തിന്? |
| പ്രവൃ. 15:11 | എന്നാൽ കർത്താവായ യേശുവിന്റെ കൃപയിലൂടെ അവർ രക്ഷിക്കപ്പെട്ട അതേ രീതിയിൽത്തന്നെ നാമും രക്ഷിക്കപ്പെട്ടു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. |
| പ്രവൃ. 15:12 | പുരുഷാരമെല്ലാം നിശ്ശബ്ദരായി, ദൈവം ജാതികളുടെ ഇടയിൽ തങ്ങളിലൂടെ ചെയ്ത അടയാളങ്ങളും അത്ഭുതങ്ങളുമെല്ലാം ബർന്നബാസും പൗലൊസും വിവരിക്കുന്നത് ശ്രവിച്ചു. |
| ഗലാ. 2:21 | ദൈവത്തിന്റെ കൃപയെ ഞാൻ വ്യഥാവാക്കുന്നില്ല; എന്തെന്നാൽ നീതി ന്യായപ്രമാണം മുഖാന്തരം എങ്കിൽ, ക്രിസ്തു ഒന്നിനുമല്ല മരിച്ചത്. |
| ഗലാ. 5:1 | സ്വാതന്ത്ര്യത്തിനായിട്ടാകുന്നു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയത്; അതുകൊണ്ട് ഉറച്ചു നിൽക്കുവിൻ, അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്. |
| ഗലാ. 2:4 | ഇത് രഹസ്യമായി കടന്നുവന്ന കള്ള സഹോദരന്മാർ നിമിത്തമായിരുന്നു, അവർ നമ്മെ അടിമത്തത്തിലേക്ക് കൊണ്ടുവരേണ്ടതിന്, ക്രിസ്തു യേശുവിൽ നമുക്കുള്ള നമ്മുടെ സ്വാതന്ത്ര്യം ഒറ്റുനോക്കുവാൻ നുഴഞ്ഞുവന്നു. |

B. സുവിശേഷത്തിന്റെ സത്യം മുറുകെ പിടിക്കുവാൻ ദൈവത്തിന്റെ നിത്യ വ്യവസ്ഥയുടെ ദർശനം കാണുന്നതിനും അതിൻ കീഴിൽ ജീവിക്കുന്നതിനും വേണ്ടി, നമ്മുടെ മതപാരമ്പര്യങ്ങളുടെയും പഴയ പശ്ചാത്തലത്തിന്റെയും മൂടുപടങ്ങളിൽനിന്ന് രക്ഷിക്കപ്പെടുന്നതിന് പത്രൊസിന്റെ പാഠത്തിൽനിന്ന് നാം പഠിക്കണം—പ്രവൃ. 10:9-16; ഗലാ. 2:11-14.

| | |
|---|---|
| പ്രവൃ. 10:9 | അടുത്ത ദിവസം അവർ യാത്ര ചെയ്ത് പട്ടണത്തോട് സമീപിക്കുമ്പോൾ, ഏകദേശം ആറാം മണിനേരം പത്രൊസ് പ്രാർഥിക്കുവാനായി മട്ടുപ്പാവിൽ കയറി. |
| പ്രവൃ. 10:10 | അവൻ വളരെ വിശന്നിട്ട് ഭക്ഷിക്കുവാൻ ഇച്ഛിച്ചു. അവർ ഒരുക്കിക്കൊണ്ടിരിക്കുമ്പോൾ അവന്റെമേൽ ഒരു വിവശത വന്നു; |
| പ്രവൃ. 10:11 | സ്വർഗം തുറന്നിരിക്കുന്നതും, വലിയ വിരിപ്പുപോലുള്ള ഒരു പാത്രം നാലു കോണുകളാൽ താഴ്ത്തപ്പെട്ട്, ഭൂമിയിലേക്ക് ഇറങ്ങുന്നതും അവൻ കണ്ടു, |
| പ്രവൃ. 10:12 | അതിൽ ഭൂമിയിലെ സകല നാൽക്കാലികളും ഇഴജന്തുക്കളും, ആകാശത്തിലെ പറവകളും ഉണ്ടായിരുന്നു. |
| പ്രവൃ. 10:13 | പത്രൊസേ, എഴുന്നേറ്റ്, അറുത്ത് ഭക്ഷിക്കുക! എന്നൊരു ശബ്ദം അവന്റെ അടുക്കൽ വന്നു. |
| പ്രവൃ. 10:14 | എന്നാൽ പത്രൊസ്, ഒരുവിധത്തിലും ഇല്ല കർത്താവേ, സാമാന്യമായതും വെടിപ്പല്ലാത്തതുമായ യാതൊന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ല എന്നു പറഞ്ഞു. |

| | |
|---|---|
| പ്രവൃ. 10:15 | ദൈവം വെടിപ്പാക്കിയവയെ നീ സാമാന്യമാക്കരുത് എന്നൊരു ശബ്ദം രണ്ടാമത് പിന്നെയും അവന്റെ അടുക്കൽ വന്നു. |
| പ്രവൃ. 10:16 | ഇത് മൂന്നു പ്രാവശ്യം സംഭവിച്ചു; ഉടനെ ആ പാത്രം സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു. |
| ഗലാ. 2:11 | എന്നാൽ കേഫാവ് അന്ത്യൊക്യയിൽ വന്നപ്പോൾ, അവൻ കുറ്റം വിധിക്കപ്പെട്ടിരുന്നതിനാൽ ഞാൻ അവനെ മുഖത്തോട് എതിർത്തു. |
| ഗലാ. 2:12 | എന്തെന്നാൽ യാക്കോബിന്റെ അടുക്കൽ നിന്ന് ചിലർ വരുന്നതിനു മുമ്പ് അവൻ ജാതികളോടുകൂടെ ഭക്ഷിച്ചിരുന്നു; എന്നാൽ അവർ വന്നപ്പോൾ, പരിച്ഛേദനക്കാരെ ഭയന്ന്, അവൻ പിൻവലിഞ്ഞ് തന്നെത്താൻ വേർപെടുത്തുവാൻ തുടങ്ങി. |
| ഗലാ. 2:13 | ശേഷമുള്ള യെഹൂദന്മാരും ഈ കാപട്യത്തിൽ അവനോട് ചേർന്നു, അങ്ങനെ ബർന്നബാസ് പോലും അവരുടെ കാപട്യത്താൽ എടുക്കപ്പെട്ടുപോയി. |
| ഗലാ. 2:14 | എന്നാൽ സുവിശേഷത്തിന്റെ സത്യത്തോടുള്ള ബന്ധത്തിൽ അവർ നേർവഴിയിൽ നടക്കുന്നില്ല എന്ന് ഞാൻ കണ്ടപ്പോൾ, അവരുടെയെല്ലാം മുമ്പിൽവച്ച് ഞാൻ കേഫാവിനോട് പറഞ്ഞു, നീ ഒരു യെഹൂദനായിരിക്കെ, യെഹൂദന്മാരെപ്പോലെ അല്ല ജാതികളെപ്പോലെ ജീവിക്കുന്നു എങ്കിൽ, യെഹൂദന്മാരെപ്പോലെ ജീവിക്കുവാൻ നീ ജാതികളെ നിർബന്ധിക്കുന്നത് എങ്ങനെ? |

C. മാനുഷിക അഭിപ്രായങ്ങളിൽനിന്നും സ്വാഭാവിക ബന്ധങ്ങളിൽനിന്നും രക്ഷിക്കപ്പെടുവാൻ ബർന്നബാസിന്റെ പാഠത്തിൽനിന്ന് നാം പഠിക്കണം—വ്യക്തിപരമായ ബന്ധങ്ങൾ കാരണം കൂട്ടുവേലക്കാർക്കിടയിൽ ഉണ്ടാകുന്ന തർക്കങ്ങൾ ഭയാനകമാണ്; ഇത് നന്നായി ഓർത്തുകൊൾക!—പ്രവൃ. 13:13; 15:35-40; കൊലൊ. 4:10.

| | |
|---|---|
| പ്രവൃ. 13:13 | പാഫൊസിൽനിന്ന് കപ്പലിൽ കയറി, പൗലൊസും തന്റെ കൂട്ടാളികളും പംഫുല്യയിലെ പെർഗ്ഗയിലേക്ക് വന്നു; യോഹന്നാൻ അവരിൽനിന്നു പിൻവാങ്ങി യെരൂശലേമിലേക്ക് മടങ്ങി. |
| പ്രവൃ. 15:35 | പൗലൊസും ബർന്നബാസും, മറ്റനേകരോടുകൂടെ കർത്താവിന്റെ വചനം സുവിശേഷമായി ഉപദേശിച്ചും അറിയിച്ചുംകൊണ്ട് അന്ത്യൊക്യയിൽ താമസിച്ചു. |
| പ്രവൃ. 15:36 | അങ്ങനെ ചില ദിവസങ്ങൾക്കു ശേഷം പൗലൊസ് ബർന്നബാസിനോട്, നാം കർത്താവിന്റെ വചനം അറിയിച്ച എല്ലാ പട്ടണങ്ങളിലേക്കും ഇപ്പോൾ മടങ്ങിപ്പോയി സഹോദരന്മാരെ സന്ദർശിച്ച്, അവർ എങ്ങനെയിരിക്കുന്നു എന്നു നോക്കാം എന്നു പറഞ്ഞു. |
| പ്രവൃ. 15:37 | മർക്കൊസ് എന്നു വിളിക്കപ്പെട്ട യോഹന്നാനെയും അവരോടൊപ്പം കൊണ്ടുപോകുവാൻ ബർന്നബാസ് ഇച്ഛിച്ചു; |
| പ്രവൃ. 15:38 | എന്നാൽ പംഫുല്യയിൽ നിന്ന് അവരോടുകൂടെ വേലയ്ക്കു പോകാതെ അവരിൽ നിന്ന് പിൻവാങ്ങിപ്പോയവനെ അവരോടൊപ്പം കൂട്ടുന്നത് പൗലൊസ് യോഗ്യമായി കരുതിയില്ല. |

പ്രവൃ. 15:39 അവർ തമ്മിൽ വേർപിരിയുവാൻ തക്കവണ്ണം ഒരു ഉഗ്രവാദം ഉണ്ടായി; ബർന്നബാസ് മർക്കൊസിനെ കൂടെക്കൂട്ടി കുപ്രൊസിലേക്ക് കപ്പൽ കയറി.

പ്രവൃ. 15:40 എന്നാൽ പൗലൊസ് ശീലാസിനെ തിരഞ്ഞെടുത്ത്, സഹോദരന്മാരാൽ കർത്താവിന്റെ കൃപയ്ക്ക് ഭരമേൽപ്പിച്ചിട്ട് പുറപ്പെട്ടുപോയി.

കൊലൊ. 4:10 എന്റെ കൂട്ടുതടവുകാരനായ അരിസ്തർഹൊസും ബർന്നബാസിന്റെ മച്ചുനനായ മർക്കൊസും (നിങ്ങളുടെ അടുക്കൽ വന്നാൽ അവനെ സ്വീകരിക്കുവിൻ എന്ന് നിങ്ങൾക്കു കൽപന ലഭിച്ചത് അവനെക്കുറിച്ചാകുന്നു),

D. ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ പൂർണ വെളിപാടില്ലാത്തതും, യുഗത്തിന്റെ ശുശ്രൂഷയോട് പൂർണ്ണമായി ഒന്നാകാത്തതുമായ ശുശ്രൂഷയിൽനിന്ന് രക്ഷിക്കപ്പെടുന്നതിന് നാം അപ്പൊല്ലോസിന്റെ പാഠത്തിൽനിന്ന് പഠിക്കണം—പ്രവൃ. 18:24—19:2; 1 കൊരി. 1:12; 16:10-12.

പ്രവൃ. 18:24 അലെക്സന്ത്രിയ സ്വദേശിയായ, അപ്പൊല്ലോസ് എന്നു പേരുള്ള, വാഗ്മിയായ ഒരു യെഹൂദൻ എഫെസൊസിൽ എത്തി, അവൻ തിരുവെഴുത്തുകളിൽ ശക്തൻ ആയിരുന്നു.

പ്രവൃ. 18:25 ഇവൻ കർത്താവിന്റെ മാർഗത്തിൽ ഉപദേശംപ്രാപിച്ചവനായിരുന്നു, അവൻ ആത്മാവിൽ തീക്ഷ്ണതയുണ്ടായിട്ട്, യോഹന്നാന്റെ സ്നാനത്തെക്കുറിച്ചു മാത്രമേ അറിഞ്ഞിരുന്നുള്ളൂ എങ്കിലും, യേശുവിനെക്കുറിച്ചുള്ള കാര്യങ്ങൾ കൃത്യമായി സംസാരിക്കുകയും ഉപദേശിക്കുകയും ചെയ്തിരുന്നു.

പ്രവൃ. 18:26 ഇവൻ സിനഗോഗിൽ ധൈര്യത്തോടെ സംസാരിക്കുവാൻ തുടങ്ങി. പ്രിസ്കില്ലയും അക്വിലാസും ഇവനെ കേട്ടപ്പോൾ, അവനെ തങ്ങളുടെ അടുക്കൽ കൊണ്ടുവന്ന് ദൈവത്തിന്റെ മാർഗം കൂടുതൽ കൃത്യതയോടെ അവന് വിശദീകരിച്ചുകൊടുത്തു.

പ്രവൃ. 18:27 അവൻ അഖായയിലേക്ക് കടന്നുപോകുവാൻ ഉദ്ദേശിച്ചപ്പോൾ, സഹോദരന്മാർ അവനെ പ്രോത്സാഹിപ്പിക്കുകയും, അവനെ സ്വാഗതം ചെയ്യുവാൻ ശിഷ്യന്മാർക്ക് എഴുതുകയും ചെയ്തു; അവൻ എത്തിയപ്പോൾ, വിശ്വസിച്ചവരെ കൃപ മുഖാന്തരം അധികം സഹായിച്ചു;

പ്രവൃ. 18:28 യേശു തന്നെ ക്രിസ്തു എന്ന് തിരുവെഴുത്തുകളിലൂടെ കാണിച്ചുകൊണ്ട്, അവൻ പരസ്യമായി യെഹൂദന്മാരോട് ഊർജ്ജ്വസ്വലതയോടെ ഖണ്ഡിച്ചു.

പ്രവൃ. 19:1 അപ്പൊല്ലോസ് കൊരിന്തിൽ ആയിരിക്കുമ്പോൾ, പൗലൊസ് മുകൾ പ്രദേശങ്ങളിലൂടെ കടന്നുപോയിട്ട്, എഫെസൊസിലേക്ക് ഇറങ്ങിവന്നു ചില ശിഷ്യന്മാരെ കണ്ടെത്തി,

പ്രവൃ. 19:2 അവരോട്, നിങ്ങൾ വിശ്വസിച്ചപ്പോൾ പരിശുദ്ധാത്മാവിനെ സ്വീകരിച്ചുവോ? എന്നു ചോദിച്ചു. അവർ അവനോട്, അതിനു വിരുദ്ധമായി, പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല എന്നു പറഞ്ഞു.

1 കൊരി. 1:12 ഞാൻ പൗലൊസിന്റെ, ഞാൻ അപ്പൊല്ലോസിന്റെ, ഞാൻ

കേഫാവിന്റെ, ഞാൻ ക്രിസ്തുവിന്റെ എന്ന് നിങ്ങളിൽ ഓരോരുത്തനും പറയുന്നത് തന്നെ ഞാൻ അർഥമാക്കുന്നത്.

1 കൊരി. 16:10 തിമൊഥെയൊസ് വന്നാൽ, അവൻ നിങ്ങളോടൊപ്പം നിർഭയനായിരിക്കുവാൻ നോക്കുവിൻ; ഞാൻ ചെയ്യുന്നതുപോലെ, അവനും കർത്താവിന്റെ വേല ചെയ്യുന്നു.

1 കൊരി. 16:11 അതിനാൽ ആരും അവനെ തുച്ഛീകരിക്കാതിരിക്കട്ടെ, എന്നാൽ എന്റെ അടുക്കൽ വരേണ്ടതിന് അവനെ സമാധാനത്തോടെ മുമ്പോട്ട് അയയ്ക്കുവിൻ; സഹോദരന്മാരോടുകൂടെ ഞാൻ അവനെ കാത്തിരിക്കുന്നു.

1 കൊരി. 16:12 നമ്മുടെ സഹോദരൻ അപ്പൊല്ലോസിനെ സംബന്ധിച്ചോ, സഹോദരന്മാരോടുകൂടെ നിങ്ങളുടെ അടുക്കൽ വരുവാൻ ഞാൻ പല തവണ അവനെ ഉൽസാഹിപ്പിച്ചു; എങ്കിലും ഇപ്പോൾ വരുന്നത് അവന് ഒട്ടും ഇഷ്ടമല്ലായിരുന്നു, എന്നാൽ അവന് അവസരം ഉള്ളപ്പോൾ വരും.

E. പ്രവൃത്തികൾ 16:6-12-ലെ പൗലൊസിന്റെ പാഠത്തിൽനിന്ന് നാം പഠിക്കണം; ഈ വാക്യങ്ങൾ വേലക്കാർ ഒരു സ്ഥലത്തേക്ക് വന്ന് സ്ഥിരതാമസമാക്കുകയും, നീങ്ങാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്യുന്നതിന്റെ പ്രശ്നത്തെ സൂചിപ്പിക്കുന്നു; പഴയ ബന്ധങ്ങളും, പഴയ സ്നേഹബന്ധങ്ങളും, പഴയ ചായ്വുകളും, പഴയ ധാരണകളും നമ്മെ ഉൾവസിക്കുന്ന ആത്മാവിന്റെ ആന്തരിക നടത്തിപ്പിനെ പിന്തുടരുന്നതിൽനിന്ന് തടയുന്നു:

പ്രവൃ. 16:6 പിന്നെ ആസ്യയിൽ വചനം സംസാരിക്കുവാൻ പരിശുദ്ധാത്മാവിനാൽ വിലക്കപ്പെട്ടിട്ട്, അവർ ഫ്രുഗ്യയുടെയും ഗലാത്യയുടെയും പ്രദേശത്തിലൂടെ കടന്നുപോയി.

പ്രവൃ. 16:7 അവർ മുസ്യയിൽ വന്നപ്പോൾ, ബിഥുന്യക്കു പോകുവാൻ ശ്രമിച്ചു, എങ്കിലും യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല.

പ്രവൃ. 16:8 അവർ മുസ്യ കടന്ന്, ത്രോവാസിലേക്ക് ഇറങ്ങിവന്നു.

പ്രവൃ. 16:9 പൗലൊസിന് രാത്രിയിൽ ഒരു ദർശനം ഉണ്ടായി: മക്കെദോന്യക്കാരനായ ഒരു മനുഷ്യൻ അവനോട്, നീ മക്കെദോന്യക്ക് കടന്നുവന്ന് ഞങ്ങളെ സഹായിക്കേണം എന്ന് അപേക്ഷിച്ചുകൊണ്ട് നിൽക്കുന്നു.

പ്രവൃ. 16:10 അവൻ ആ ദർശനം കണ്ടപ്പോൾ, അവരോട് സുവിശേഷം അറിയിക്കുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു എന്ന് തീർച്ചപ്പെടുത്തിക്കൊണ്ട്, ഉടനെതന്നെ ഞങ്ങൾ മക്കെദോന്യക്ക് പുറപ്പെട്ടു പോകുവാൻ പ്രയത്നിച്ചു.

പ്രവൃ. 16:11 പിന്നെ ത്രോവാസിൽനിന്ന് കപ്പൽ കയറി ഞങ്ങൾ നേരേ സമൊത്രാക്കെയിലേക്കും, അടുത്ത ദിവസം നവപൊലിക്കും,

പ്രവൃ. 16:12 അവിടെനിന്ന് റോമാക്കാരുടെ ഒരു അധിനിവേശ പ്രദേശമായ, മക്കെദോന്യയിലെ ആ ഭാഗത്തെ പ്രധാന പട്ടണമായ ഫിലിപ്പിയിലേക്കും പോയി; ഈ പട്ടണത്തിൽ ഞങ്ങൾ ചില നാളുകൾ ചെലവഴിച്ചു.

1. പരിശുദ്ധാത്മാവ് പൗലൊസിനെയും കൂട്ടുവേലക്കാരെയും വിലക്കുകയും, യേശുവിന്റെ ആത്മാവ് അവരെ അനുവദിക്കാതിക്കുകയും ചെയ്തു; പരിശുദ്ധാത്മാവിന്റെ വിലക്ക് നമ്മെ വേർപെടുത്തുകയും

വിശുദ്ധീകരിക്കുകയും ചെയ്യുന്നു, യേശുവിന്റെ ആത്മാവ് നമ്മെ അനുവദിക്കുകയോ അനുവദിക്കാതിരിക്കുകയോ ചെയ്യുന്നു—വാ. 6-7.

പ്രവൃ. 16:6 പിന്നെ ആസ്യയിൽ വചനം സംസാരിക്കുവാൻ പരിശുദ്ധാത്മാവിനാൽ വിലക്കപ്പെട്ടിട്ട്, അവർ ഫ്രുഗ്യയുടെയും ഗലാത്യയുടെയും പ്രദേശത്തിലൂടെ കടന്നുപോയി.

പ്രവൃ. 16:7 അവർ മുസ്യയിൽ വന്നപ്പോൾ, ബിഥുന്യക്കു പോകുവാൻ ശ്രമിച്ചു, എങ്കിലും യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല.

2. നമ്മെ വിശുദ്ധീകരിക്കുവാൻ പരിശുദ്ധാത്മാവ് 'അരുത്' എന്ന് പറയുന്നു, യേശുവിന്റെ ആത്മാവ് ക്രൂശിൻകീഴിൽ ദൈവഹിതം നിറവേറ്റുന്നതിന് യേശുവിന്റെ മനുഷ്യത്വത്തിൽ നമ്മെ അയക്കുന്നതിന് 'പോകുവിൻ' എന്നു പറയുന്നു.

F. ശരീരജീവിതം അഭ്യസിക്കുവാനും, ശരീരത്തിന്റെ അവയവങ്ങളിലൂടെയുള്ള ആത്മാവിന്റെ വചനം സ്വീകരിച്ച്, അതിനെ തലയിൽനിന്നുള്ള വചനമെന്നപോലെ അനുസരിക്കുവാനും പൗലൊസിന്റെ പാഠത്തിൽനിന്ന് നാം പഠിക്കണം—20:23; 21:4, 7-8, 11-14.

പ്രവൃ. 20:23 ചങ്ങലകളും പീഡകളും എന്നെ കാത്തിരിക്കുന്നു എന്ന് പട്ടണം തോറും പരിശുദ്ധാത്മാവ് എന്നോട് ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുന്നത് ഒഴികെ, ഞാൻ അവിടെ എന്തു നേരിടും എന്നറിയുന്നില്ല.

പ്രവൃ. 21:4 ഞങ്ങൾ ശിഷ്യന്മാരെ തേടി കണ്ടെത്തിയിട്ട്, ഏഴു ദിവസം അവിടെ തങ്ങി. യെരൂശലേമിൽ കാല് കുത്തരുതെന്ന് ഇവർ ആത്മാവ് മുഖാന്തരം പൗലൊസിനോട് പറഞ്ഞു.

പ്രവൃ. 21:7 ഞങ്ങൾ സോരിൽ നിന്നുള്ള കപ്പൽയാത്ര പൂർത്തിയാക്കിയ ശേഷം, പ്തൊലെമായിസിൽ എത്തി, സഹോദരന്മാരെ വന്ദനം ചെയ്തിട്ട് അവരോടൊപ്പം ഒരു ദിവസം തങ്ങി.

പ്രവൃ. 21:8 അടുത്ത ദിവസം ഞങ്ങൾ പുറപ്പെട്ട് കൈസര്യയിലേക്കു വന്നു; ഏഴു പേരിൽ ഒരുവനായ, ഫിലിപ്പൊസ് എന്ന സുവിശേഷകന്റെ ഭവനത്തിൽ പ്രവേശിച്ച്, അവനോടുകൂടെ താമസിച്ചു.

പ്രവൃ. 21:11 അവൻ ഞങ്ങളുടെ അടുക്കൽ വന്ന് പൗലൊസിന്റെ അരവാറ് എടുത്തു; അവൻ സ്വയം കൈയും കാലും ബന്ധിച്ചിട്ട് പറഞ്ഞു, പരിശുദ്ധാത്മാവ് ഇപ്രകാരം അരുളിച്ചെയ്യുന്നു, ഈ അരവാറ് ആരുടേതാകുന്നുവോ, ആ മനുഷ്യനെ യെരൂശലേമിലുള്ള യെഹൂദന്മാർ ഇങ്ങനെ ബന്ധിക്കുകയും ജാതികളുടെ കരങ്ങളിലേക്ക് ഏൽപ്പിക്കുകയും ചെയ്യും.

പ്രവൃ. 21:12 ഈ കാര്യങ്ങൾ കേട്ടപ്പോൾ, ഞങ്ങളും ആ സ്ഥലത്തുള്ളവരും യെരൂശലേമിലേക്കു കയറിപ്പോകരുതെന്ന് അവനോട് അഭ്യർഥിച്ചു.

പ്രവൃ. 21:13 അപ്പോൾ പൗലൊസ് ഉത്തരം നൽകി, നിങ്ങൾ കരഞ്ഞും എന്റെ ഹൃദയം നുറുക്കിയുംകൊണ്ട് എന്തു ചെയ്യുന്നു? ബന്ധിക്കപ്പെടുവാൻ മാത്രമല്ല കർത്താവായ യേശുവിന്റെ നാമത്തിനായി യെരൂശലേമിൽ മരിക്കുവാൻ കൂടി ഞാൻ തയ്യാറാകുന്നു.

പ്രവൃ. 21:14 അവൻ വഴങ്ങാത്തതിനാൽ, കർത്താവിന്റെ ഹിതം നടക്കട്ടെ എന്നു പറഞ്ഞുകൊണ്ട് ഞങ്ങൾ നിശ്ശബ്ദരായി.

G. യാക്കോബിന്റെ തെറ്റിൽനിന്നും യെരൂശലേമിലുള്ള സഭയുടെ വിനാശകരമായ കലർപ്പിൽനിന്നും നാം പഠിക്കണം—വാ. 18-21; മത്താ. 22:7; 24:1-2:

പ്രവൃ. 21:18 തുടർന്നുള്ള ദിവസം പൗലൊസ് ഞങ്ങളോടുകൂടെ യാക്കോബിന്റെ അടുക്കൽ അകത്തു പോയി, അവിടെ എല്ലാ മൂപ്പന്മാരും സന്നിഹിതരായിരുന്നു.

പ്രവൃ. 21:19 അവരെ വന്ദനം ചെയ്തശേഷം, തന്റെ ശുശ്രൂഷയിലൂടെ ദൈവം ജാതികളുടെ ഇടയിൽ ചെയ്ത കാര്യങ്ങൾ ഓരോന്നായി അവൻ വിവരിച്ചു.

പ്രവൃ. 21:20 അവർ അത് കേട്ടപ്പോൾ ദൈവത്തെ മഹത്വപ്പെടുത്തി, അവനോട് പറഞ്ഞു, സഹോദരാ, യെഹൂദന്മാരുടെ ഇടയിൽ വിശ്വസിച്ചവരുടെ എത്ര ആയിരങ്ങൾ ഉണ്ടെന്ന് നീ കാണുന്നുവല്ലോ; എല്ലാവരും ന്യായപ്രമാണത്തിനു വേണ്ടി എരിവുള്ളവരാകുന്നു.

പ്രവൃ. 21:21 തങ്ങളുടെ കുഞ്ഞുങ്ങളെ പരിച്ഛേദനയേൽപ്പിക്കുകയോ, ആചാരങ്ങൾക്കൊത്തവണ്ണം നടക്കുകയോ അരുത് എന്നു പറഞ്ഞുകൊണ്ട്, നീ ജാതികൾ എമ്പാടുമുള്ള എല്ലാ യെഹൂദന്മാരോടും മോശെയിൽനിന്നുള്ള വിശ്വാസത്യാഗം ഉപദേശിക്കുന്നു എന്ന് നിന്നെക്കുറിച്ച് അവർക്ക് അറിവു ലഭിച്ചിരിക്കുന്നു.

മത്താ. 22:7 രാജാവ് കോപിച്ചിട്ടു, തന്റെ സൈന്യങ്ങളെ അയച്ച് ആ കൊലപാതകന്മാരെ നശിപ്പിക്കുകയും അവരുടെ പട്ടണം ചുട്ടുകളയുകയും ചെയ്തു.

മത്താ. 24:1 പിന്നെ യേശു ആലയത്തിൽ നിന്ന് പുറത്തേക്കു വന്നു അവിടം വിട്ടു പോകുകയായിരുന്നു, അവന്റെ ശിഷ്യന്മാർ ആലയത്തിലെ കെട്ടിടങ്ങൾ അവനു കാണിച്ചുകൊടുക്കുവാൻ അവന്റെ അടുക്കൽ വന്നു.

മത്താ. 24:2 എന്നാൽ അവൻ ഉത്തരം നൽകി അവരോട്, ഇവയൊക്കെയും നിങ്ങൾ കാണുന്നില്ലയോ? താഴെ എറിയപ്പെടാത്തതായി കല്ലിന്മേൽ കല്ല് ഒരുവിധത്തിലും ഇവിടെ ശേഷിക്കുകയില്ല എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.

1. നമ്മുടെ ഹൃദയങ്ങളിൽ എഴുതപ്പെടാൻ കഴിയുന്ന ജീവന്റെ പ്രമാണത്തെക്കുറിച്ച് യിരെമ്യാവ് സംസാരിച്ചു (യിരെ. 31:31-34), നമ്മുടെ ആത്മാവിലുള്ള ജീവന്റെ ആത്മാവിന്റെ പ്രമാണത്തെക്കുറിച്ച് പൗലൊസ് സംസാരിച്ചു (റോമർ. 8:2, 4, 6), എന്നാൽ യാക്കോബ് അക്ഷരങ്ങളുടെ പ്രമാണത്തെ വിലമതിക്കുകയും ഉയർത്തുകയും ചെയ്തു (പ്രവൃ. 21:20).

യിരെ. 31:31 ഞാൻ യിസ്രായേൽഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്നു യഹോവയുടെ അരുളപ്പാടു.

യിരെ. 31:32 ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ചു മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമംപോലെയല്ല; ഞാൻ

അവർക്കു ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചുകളഞ്ഞു എന്നു യഹോവയുടെ അരുളപ്പാടു.

യിരെ. 31:33 എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാടു.

യിരെ. 31:34 ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാടു.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

റോമ. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

പ്രവൃ. 21:20 അവർ അത് കേട്ടപ്പോൾ ദൈവത്തെ മഹത്വപ്പെടുത്തി, അവനോട് പറഞ്ഞു, സഹോദരാ, യെഹൂദന്മാരുടെ ഇടയിൽ വിശ്വസിച്ചവരുടെ എത്ര ആയിരങ്ങൾ ഉണ്ടെന്ന് നീ കാണുന്നുവല്ലോ; എല്ലാവരും ന്യായപ്രമാണത്തിനു വേണ്ടി എരിവുള്ളവരാകുന്നു.

2. ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടുന്നതിനെക്കുറിച്ചും ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തിയാൽ അവന്റെ മരണത്തോട് അനുരൂപപ്പെടുന്നതിനെക്കുറിച്ചും പൗലൊസ് സംസാരിച്ചു; ഈ ജീവനാണ് പുതിയ യെരൂശലേമിൽ പരിണതി പ്രാപിക്കുന്ന ശരീരജീവിതത്തെ ഉളവാക്കുന്നത്; സ്വയത്തെ മെച്ചപ്പെടുത്തന്നത് ദൈവത്തിന്റെ വ്യവസ്ഥ നിർവഹിക്കുന്നില്ല, എന്നാൽ സ്വയത്തെ ത്യജിക്കുന്നത് നിർവഹിക്കുന്നു—ഗലാ. 2:20; ഫിലി. 3:10; മത്താ. 16:24.

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ

ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

| | |
|---|---|
| മത്താ. 16:24 | അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ. |

3. യെരൂശലേമിലുള്ള സഭയിൽ ന്യായപ്രമാണത്തിനായി തീക്ഷ്ണതയുള്ള ആയിരക്കണക്കിന് വിശ്വാസികളായ യെഹൂദന്മാരുണ്ടെന്ന് യാക്കോബ് പ്രശംസിച്ചു, എന്നാൽ പൗലൊസ് ക്രിസ്തുവിനെ നേടുവാനും, ക്രിസ്തുവിൽ കണപ്പെടുവാനും, ക്രിസ്തുവിനെ അറിയുവാനും, ക്രിസ്തുവിനെ പിടിക്കുവാനും, ക്രിസ്തുവിനെ പിൻപറ്റുവാനും, ഏറ്റവും ഉന്നതമായ ക്രിസ്താസ്വാദനത്തിനായി ക്രിസ്തുവിനെ ഉയർത്തുവാനും തീക്ഷ്ണതയുള്ളവനായിരുന്നു—പ്രവൃ. 21:20; ഫിലി. 3:6-14; കൊലൊ. 1:18.

| | |
|---|---|
| പ്രവൃ. 21:20 | അവർ അത് കേട്ടപ്പോൾ ദൈവത്തെ മഹത്വപ്പെടുത്തി, അവനോട് പറഞ്ഞു, സഹോദരാ, യെഹൂദന്മാരുടെ ഇടയിൽ വിശ്വസിച്ചവരുടെ എത്ര ആയിരങ്ങൾ ഉണ്ടെന്ന് നീ കാണുന്നുവല്ലോ; എല്ലാവരും ന്യായപ്രമാണത്തിനു വേണ്ടി എരിവുള്ളവരാകുന്നു. |
| ഫിലി. 3:6 | തീക്ഷ്ണത സംബന്ധിച്ച് സഭയെ ഉപദ്രവിച്ചവൻ; ന്യായപ്രമാണത്തിലുള്ള നീതി സംബന്ധിച്ച് നിർദോഷി. |
| ഫിലി. 3:7 | എങ്കിലും എനിക്ക് ലാഭമായിരുന്ന കാര്യങ്ങളെ ക്രിസ്തു നിമിത്തം ഞാൻ നഷ്ടമെന്ന് എണ്ണിയിരിക്കുന്നു. |
| ഫിലി. 3:8 | അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും, |
| ഫിലി. 3:9 | അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്, |
| ഫിലി. 3:10 | അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്, |
| ഫിലി. 3:11 | മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു. |
| ഫിലി. 3:12 | നേടിക്കഴിഞ്ഞു എന്നോ, തികഞ്ഞവനായിക്കഴിഞ്ഞു എന്നോ അല്ല, എന്നാൽ ക്രിസ്തു യേശുവിനാൽ ഞാൻ എന്തിന് പിടിക്കപ്പെട്ടുവോ, അത് ഞാനും പിടിക്കാമോ എന്നുവച്ച് പിൻപറ്റുന്നതേയുള്ളൂ. |
| ഫിലി. 3:13 | സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ |

ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

ഫിലി. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

കൊലൊ. 1:18b ...അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

H. യെഹൂദ ആചാരങ്ങളെ ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുമായി കൂട്ടിക്കലർത്തുന്നതിൽനിന്ന് രക്ഷിക്കപ്പെടുന്നതിന് പൗലൊസിന്റെ പാഠത്തിൽനിന്ന് നാം പഠിക്കണം; ഈ കൂട്ടിക്കലർത്തൽ തെറ്റാണെന്ന് മാത്രമല്ല, ദൈവത്തിന്റെ ദൃഷ്ടിയിൽ മ്ലേച്ഛവുമാണ്—പ്രവൃ. 21:18-27, 31, 36; എബ്രാ. 10:29.

പ്രവൃ. 21:18 തുടർന്നുള്ള ദിവസം പൗലൊസ് ഞങ്ങളോടുകൂടെ യാക്കോബിന്റെ അടുക്കൽ അകത്തു പോയി, അവിടെ എല്ലാ മൂപ്പന്മാരും സന്നിഹിതരായിരുന്നു.

പ്രവൃ. 21:19 അവരെ വന്ദനം ചെയ്തശേഷം, തന്റെ ശുശ്രൂഷയിലൂടെ ദൈവം ജാതികളുടെ ഇടയിൽ ചെയ്ത കാര്യങ്ങൾ ഓരോന്നായി അവൻ വിവരിച്ചു.

പ്രവൃ. 21:20 അവർ അത് കേട്ടപ്പോൾ ദൈവത്തെ മഹത്വപ്പെടുത്തി, അവനോട് പറഞ്ഞു, സഹോദരാ, യെഹൂദന്മാരുടെ ഇടയിൽ വിശ്വസിച്ചവരുടെ എത്ര ആയിരങ്ങൾ ഉണ്ടെന്ന് നീ കാണുന്നുവല്ലോ; എല്ലാവരും ന്യായപ്രമാണത്തിനു വേണ്ടി എരിവുള്ളവരാകുന്നു.

പ്രവൃ. 21:21 തങ്ങളുടെ കുഞ്ഞുങ്ങളെ പരിച്ഛേദനയേൽപ്പിക്കുകയോ, ആചാരങ്ങൾക്കൊത്തവണ്ണം നടക്കുകയോ അരുത് എന്നു പറഞ്ഞുകൊണ്ട്, നീ ജാതികൾ എമ്പാടുമുള്ള എല്ലാ യെഹൂദന്മാരോടും മോശെയിൽനിന്നുള്ള വിശ്വാസത്യാഗം ഉപദേശിക്കുന്നു എന്ന് നിന്നെക്കുറിച്ച് അവർക്ക് അറിവു ലഭിച്ചിരിക്കുന്നു.

പ്രവൃ. 21:22 അപ്പോൾ എന്തു ചെയ്യേണം? നീ വന്നിരിക്കുന്നു എന്ന് അവർ തീർച്ചയായും കേൾക്കും.

പ്രവൃ. 21:23 അതുകൊണ്ട് ഞങ്ങൾ നിന്നോടു പറയുന്ന ഈ കാര്യം ചെയ്യുക: സ്വയമായി വ്രതം എടുത്തിട്ടുള്ള നാലു പുരുഷന്മാർ നമുക്കുണ്ട്;

പ്രവൃ. 21:24 അവരെ ഏറ്റെടുത്ത് നീ അവരോടൊപ്പം ശുദ്ധീകരിക്കപ്പെടുകയും, അവരുടെ തല ക്ഷൗരം ചെയ്യാനുള്ള അവരുടെ ചെലവു വഹിക്കുകയും ചെയ്യുക. നിന്നെക്കുറിച്ച് അവർക്ക് അറിവു ലഭിച്ച കാര്യങ്ങൾ ഒന്നുമല്ല, മറിച്ച് നീ ന്യായപ്രമാണം പ്രമാണിച്ചുകൊണ്ട് ക്രമമായി നടക്കുന്നു എന്ന് എല്ലാവരും അറിയും.

പ്രവൃ. 21:25 എന്നാൽ വിശ്വസിച്ചവരായ ജാതികളെ സംബന്ധിച്ച്, അവർ വിഗ്രഹാർപ്പിതം, രക്തം, ശ്വാസം മുട്ടിച്ചത്, പരസംഗം എന്നിവയിൽനിന്ന് തങ്ങളെത്തന്നെ സൂക്ഷിക്കണം എന്നു തീരുമാനിച്ച് നാം നേരത്തെതന്നെ എഴുതിയിരുന്നു.

പ്രവൃ. 21:26 അപ്പോൾ പൗലൊസ് പുരുഷന്മാരെ ഏറ്റെടുക്കുകയും, പിറ്റെന്നാൾ അവരോടുകൂടെ ശുദ്ധീകരിക്കുകയും ചെയ്തിട്ട്, ദൈവാലയത്തിലേക്കു പ്രവേശിച്ച്, അവരിൽ ഓരോരുത്തനുംവേണ്ടി വഴിപാട് അർപ്പിക്കുവോളം, ശുദ്ധീകരണ നാളുകൾ പൂർത്തിയാക്കുന്ന വിവരം അറിയിച്ചു.

പ്രവൃ. 21:27 ആ ഏഴു ദിവസങ്ങൾ അവസാനിക്കാറായപ്പോൾ, ആസ്യയിൽ നിന്നുള്ള യെഹൂദന്മാർ അവനെ ദൈവാലയത്തിൽ കണ്ടിട്ട്, സകല പുരുഷാരത്തെയും കലക്കത്തിലാക്കി; അവർ അവന്റെമേൽ തങ്ങളുടെ കരങ്ങൾ വച്ച്,

പ്രവൃ. 21:31 അവർ അവനെ കൊല്ലുവാൻ അന്വേഷിക്കുമ്പോൾ, യെരൂശലേമൊക്കെയും കലക്കത്തിലാകുന്നു എന്ന വിവരം ദളത്തിന്റെ സേനാധിപന്റെ അടുക്കൽ വന്നു.

പ്രവൃ. 21:36 എന്തെന്നാൽ പുരുഷാരം പിന്തുടർന്ന്, അവനെ നീക്കിക്കളയുക! എന്നു നിലവിളിച്ചുകൊണ്ടിരുന്നു.

എബ്രാ. 10:29 ദൈവപുത്രനെ ചവിട്ടിമെതിക്കുകയും, തന്നെ വിശുദ്ധീകരിച്ച ഉടമ്പടിയുടെ രക്തത്തെ പൊതുവായത് എന്ന് കരുതുകയും, കൃപയുടെ ആത്മാവിനെ അപമാനിക്കുകയും ചെയ്തവനെ എത്ര ദുഷ്കരമായ ശിക്ഷക്കു യോഗ്യനായി കരുതും എന്ന് നിങ്ങൾക്കു തോന്നുന്നു?

I. തന്റെ ശുശ്രൂഷയുടെ ഓട്ടം നിറവേറ്റുന്നതിനായി, തന്നെ ഉപദ്രവിക്കുന്നവരിൽനിന്ന് രക്ഷിക്കുന്നതിന് അവന്റെ റോമാ പൗരത്വം ഉപയോഗിച്ചുകൊണ്ട് പൗലൊസ് കൈസറിനോട് അപേക്ഷിച്ചതിന്റെ പാഠത്തിൽനിന്ന് നാം പഠിക്കണം—പ്രവൃ. 22:25-29; 23:10-11; 25:8-12; 26:32:

പ്രവൃ. 22:25 എന്നാൽ അവർ അവനെ കെട്ടിയിട്ട് ചാട്ടവാറു നീട്ടിയപ്പോൾ, പൗലൊസ് അടുത്തു നിൽക്കുന്ന ശതാധിപനോട്, റോമാക്കാരനും കുറ്റംവിധിക്കപ്പെടാത്തവനുമായ മനുഷ്യനെ ചമ്മട്ടിക്കടിക്കുന്നത് നിങ്ങൾക്ക് ന്യായമോ? എന്നു ചോദിച്ചു.

പ്രവൃ. 22:26 ശതാധിപൻ ഇതു കേട്ടപ്പോൾ, സേനാധിപന്റെ അടുക്കൽ പോയി നീ എന്തു ചെയ്യുവാൻ പോകുന്നു? ഈ മനുഷ്യൻ ഒരു റോമാക്കാരനാകുന്നു എന്ന് അറിയിച്ചു.

പ്രവൃ. 22:27 സേനാധിപൻ വന്ന് അവനോട്, നീ റോമാക്കാരനാകുന്നുവോ, എന്നോടു പറയുക? എന്നു ചോദിച്ചു. അതെ, എന്ന് അവൻ പറഞ്ഞു.

പ്രവൃ. 22:28 വലിയ തുകകൊണ്ടാണ് ഞാൻ ഈ പൗരത്വം കരസ്ഥമാക്കിയത് എന്ന് സേനാധിപൻ ഉത്തരം നൽകി. എന്നാൽ ഞാൻ ജനിച്ചതു തന്നെ റോമാക്കാരനായിട്ടായിരുന്നു എന്ന് പൗലൊസ് പറഞ്ഞു.

പ്രവൃ. 22:29 അതുകൊണ്ട് അവനെ പരിശോധിക്കുവാൻ പോകുന്നവർ ഉടനെ അവനിൽ നിന്നു പിൻവാങ്ങി; അവൻ റോമാക്കാരനാണെന്നും താൻ അവനെ ബന്ധിച്ചിരിക്കുന്നു എന്നും തിരിച്ചറിഞ്ഞിട്ട് സേനാധിപനും ഭയപ്പെട്ടു.

പ്രവൃ. 23:10 പിന്നീട് വളരെ അഭിപ്രായഭിന്നത ഉണ്ടായപ്പോൾ, പൗലൊസ് അവരാൽ പിച്ചിചീന്തപ്പെട്ടേക്കും എന്ന് സേനാധിപൻ ഭയന്നിട്ട്, പടയാളികളുടെ നിയുക്തസംഘത്തോട് ഇറങ്ങിപ്പോയി അവരുടെ നടുവിൽനിന്ന് അവനെ പിടിച്ചെടുത്ത്,

പാളയത്തിലേക്ക് കൊണ്ടുവരുവാൻ ആജ്ഞാപിച്ചു.

| | |
|---|---|
| പ്രവൃ. 23:11 | എന്നാൽ തുടർന്നുള്ള രാത്രിയിൽ കർത്താവ് അവന്റെ അടുക്കൽ നിന്ന്, ധൈര്യമായിരിക്കുക, യെരൂശലേമിൽ നീ എന്നെക്കുറിച്ചുള്ള കാര്യങ്ങൾ ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തിയതു പോലെ, റോമയിലും സാക്ഷ്യപ്പെടുത്തണം എന്നു പറഞ്ഞു. |
| പ്രവൃ. 25:8 | അതേസമയം പൗലൊസ് തന്റെ പ്രതിവാദത്തിൽ, യെഹൂദന്മാരുടെ ന്യായപ്രമാണത്തിന് എതിരായോ ദൈവാലയത്തിന് എതിരായോ കൈസർക്ക് എതിരായോ യാതൊന്നിലും ഞാൻ പാപം ചെയ്തിട്ടില്ല എന്നു പറഞ്ഞു. |
| പ്രവൃ. 25:9 | എന്നാൽ ഫെസ്തൊസ് യെഹൂദന്മാരുടെ പ്രീതി നേടുവാൻ ഇച്ഛിച്ചിട്ട്, പൗലൊസിന് ഉത്തരം നൽകി, ഈ കാര്യങ്ങളെ സംബന്ധിച്ച് യെരൂശലേമിലേക്കു കയറിപ്പോയി അവിടെ എന്റെ മുമ്പാകെ വിധിക്കപ്പെടുവാൻ നീ ഇച്ഛിക്കുന്നുവോ? എന്നു ചോദിച്ചു. |
| പ്രവൃ. 25:10 | പൗലൊസ് പറഞ്ഞു, ഞാൻ കൈസരുടെ ന്യായാസനത്തിനു മുമ്പാകെ നിൽക്കുന്നു, അവിടെ ഞാൻ വിധിക്കപ്പെടേണ്ടതാകുന്നു. നീ നന്നായി അറിയുന്നതുപോലെ, ഞാൻ യെഹൂദന്മാരോട് ഒരു തെറ്റും ചെയ്തിട്ടില്ല. |
| പ്രവൃ. 25:11 | അതുകൊണ്ട് ഞാൻ തെറ്റു ചെയ്ത് മരണത്തിനു യോഗ്യമായ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ, ഞാൻ മരിക്കുവാൻ വിസമ്മതിക്കുന്നില്ല; എന്നാൽ ഇവർ എന്നെ കുറ്റംചുമത്തുന്ന കാര്യങ്ങളിൽ ഒന്നുമില്ലെങ്കിൽ, ആർക്കും എന്നെ അവർക്കു കൈമാറുവാൻ കഴിയില്ല. ഞാൻ കൈസരോട് അപേക്ഷിക്കുന്നു. |
| പ്രവൃ. 25:12 | അപ്പോൾ ഫെസ്തൊസ് സമിതിയുമായി കൂടിയാലോചിച്ചശേഷം, നീ കൈസരോട് അപേക്ഷിച്ചിരിക്കുന്നു; നീ കൈസരുടെ അടുക്കൽ പോകും എന്ന് ഉത്തരം നൽകി. |
| പ്രവൃ. 26:32 | അഗ്രിപ്പാവ് ഫെസ്തൊസിനോട്, ഈ മനുഷ്യൻ, കൈസരോട് അപേക്ഷിക്കാതിരുന്നെങ്കിൽ വിട്ടയയ്ക്കാമായിരുന്നു എന്നു പറഞ്ഞു. |

1. കർത്താവിനുവേണ്ടി തന്റെ ജീവൻ ത്യജിക്കുവാൻ പൗലൊസ് തയ്യാറായിരുന്നു, എന്നാൽ കർത്താവിന്റെ ശുശ്രൂഷ കഴിയുന്നത്ര നിർവഹിക്കേണ്ടതിന് അവൻ കൂടുതൽ കാലം ജീവിക്കുവാൻ ശ്രമിച്ചു—20:24.

| | |
|---|---|
| പ്രവൃ. 20:24 | എന്നാൽ എന്റെ ഓട്ടവും, ദൈവകൃപയുടെ സുവിശേഷം ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുവാൻ കർത്താവായ യേശുവിൽനിന്നു ലഭിച്ച ശുശ്രൂഷയും തികയ്ക്കേണ്ടതിന്, എന്റെ ജീവനെ എനിക്കുതന്നെ വിലയേറിയതായി ഞാൻ കരുതുന്നില്ല. |

2. ദൈവം തന്റെ സർവാധികാരത്തിൽ പൗലൊസിനെ എല്ലാ അപകടകരമായ സാഹചര്യങ്ങളിൽനിന്നും കെണികളിൽനിന്നും വേർപെടുത്തി ഒരു ശാന്തമായ കാരാഗൃഹത്തിലേക്ക് അയച്ചു; ഇത് അവൻ കൈസര്യയിലായാലും (24:27) റോമിലായാലും (28:16, 23, 30) അവന്

ശാന്തമായ ഒരു അന്തരീക്ഷം നൽകുന്നതിനും സമയം നൽകുന്നതിനും വേണ്ടിയായിരുന്നു, അങ്ങനെ കർത്താവിൽനിന്ന് ലഭിച്ച ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ മർമത്തിന്റെ വെളിപാട് തലമുറകളിലുടനീളം സഭയ്ക്ക് സമഗ്രമായി വെളിപ്പെടുത്തുവാൻ അവന് കഴിഞ്ഞു.

| | |
|---|---|
| പ്രവൃ. 24:27 | രണ്ട് വർഷം പൂർത്തിയായപ്പോൾ, ഫേലിക്സിനു പിൻഗാമിയായി പൊർക്ക്യൊസ് ഫെസ്തൊസ് വന്നു; യെഹൂദന്മാരുടെ പ്രീതി നേടുവാൻ ഇച്ഛിച്ചിട്ട്, ഫേലിക്സ് പൗലൊസിനെ ബന്ധനസ്ഥനായി വിട്ടു. |
| പ്രവൃ. 28:16 | പിന്നെ ഞങ്ങൾ റോമയിലേക്കു പ്രവേശിച്ചപ്പോൾ, പൗലൊസിനു കാവലായ പടയാളിയോടുകൂടെ തനിയെ താമസിക്കുവാൻ അവന് അനുവാദം ലഭിച്ചു. |
| പ്രവൃ. 28:23 | അവർ അവനുവേണ്ടി ഒരു ദിവസം നിശ്ചയിച്ചപ്പോൾ, അനേകർ അവന്റെ താമസസ്ഥലത്ത് അവന്റെ അടുക്കൽ വന്ന്, അവരോട് അവൻ രാവിലെ മുതൽ വൈകുന്നേരം വരെ, ദൈവരാജ്യത്തെക്കുറിച്ച് ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുകയും, മോശെയുടെ ന്യായപ്രമാണത്തിൽനിന്നും പ്രവാചകന്മാരിൽനിന്നും യേശുവിനെ സംബന്ധിച്ച് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തുകൊണ്ട്, ഈ വിഷയങ്ങളെ വിശദീകരിച്ചു കൊടുത്തു. |
| പ്രവൃ. 28:30 | അവൻ രണ്ടു വർഷം മുഴുവൻ തന്റെ സ്വന്തം വാടക വീട്ടിൽ തുടർന്നു, തന്റെ അടുക്കൽ വന്ന എല്ലാവരെയും സ്വാഗതം ചെയ്തു, |

3. ഈ ലേഖനങ്ങളിൽനിന്ന് തലമുറകളായി സഭയ്ക്ക് ലഭിച്ച നേട്ടവും ലാഭവും അളക്കുവാൻ നിത്യത വേണ്ടിവരും (25:11, അടിക്കുറിപ്പ് 2 കാണുക).

| | |
|---|---|
| പ്രവൃ. 25:11 | അതുകൊണ്ട് ഞാൻ തെറ്റു ചെയ്ത് മരണത്തിനു യോഗ്യമായ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ, ഞാൻ മരിക്കുവാൻ വിസമ്മതിക്കുന്നില്ല; എന്നാൽ ഇവർ എന്നെ കുറ്റംചുമത്തുന്ന കാര്യങ്ങളിൽ ഒന്നുമില്ലെങ്കിൽ, ആർക്കും എന്നെ അവർക്കു കൈമാറുവാൻ കഴിയില്ല. ഞാൻ കൈസരോട് അപേക്ഷിക്കുന്നു. |
| note 1 | For his defense Paul wanted to appeal to Caesar (see notes 12 in ch. 22 and 322 in ch. 26). This would allow him to fulfill his desire to see Rome for the furtherance of the Lord's testimony (19:21) and was according to the Lord's indication to him (23:11). Without this appeal he would have been killed by the Jews who plotted against him (cf. 23:12-15; 25:1-3, 9) and would not have been able to write his last eight Epistles. Before his appeal to Rome, he had written only six Epistles: 1 and 2 Thessalonians, Galatians, Romans, and 1 and 2 Corinthians. During his first imprisonment in Rome he wrote Colossians, Ephesians, Philippians, and Philemon. After that imprisonment he wrote 1 Timothy, Titus, and Hebrews. Then, during his second imprisonment he wrote 2 Timothy. Without these last eight Epistles, what a lack the divine revelation would have and what a loss the church would have suffered! His appeal did render great profit and benefit to the Lord's interest. |

IV. **നിസ്തുലമായ ശരീരത്തിനുവേണ്ടി സാർവത്രികമായി ഒരേ ഏക വേല ചെയ്യുന്നതിന് അപ്പൊസ്തലനായ പൗലൊസിന്റെ മാതൃക നാമെല്ലാവരും പിന്തുടരണം—1 കൊരി. 3:12; 15:58; 16:10; എഫെ. 4:11-16:**

1 കൊരി. 3:12 എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു എങ്കിൽ,

1 കൊരി. 15:58 അതുകൊണ്ട് എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങളുടെ അധ്വാനം കർത്താവിൽ വ്യർഥമല്ല എന്ന് അറിഞ്ഞുകൊണ്ട്, ഉറപ്പുള്ളവരും, അചഞ്ചലരും, എല്ലായ്പ്പോഴും കർത്താവിന്റെ വേലയിൽ വർധിച്ചുവരുന്നവരും ആയിരിക്കുവിൻ.

1 കൊരി. 16:10 തിമൊഥെയൊസ് വന്നാൽ, അവൻ നിങ്ങളോടൊപ്പം നിർഭയനായിരിക്കുവാൻ നോക്കുവിൻ; ഞാൻ ചെയ്യുന്നതുപോലെ, അവനും കർത്താവിന്റെ വേല ചെയ്യുന്നു.

എഫെ. 4:11 അവൻതന്നെ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരും ഉപദേഷ്ടാക്കന്മാരായും നൽകി,

എഫെ. 4:12 അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം,

എഫെ. 4:13 ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,

എഫെ. 4:14 അത് നാം ഇനിമേൽ തിരകളാൽ ഉലയുകയും, തെറ്റിന്റെ വ്യവസ്ഥിതിയുടെ വീക്ഷണത്തോടെ കൗശലത്താൽ, മനുഷ്യരുടെ ഉപായത്താലുള്ള ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുകയും ചെയ്യുന്ന ശിശുക്കൾ ആകാതെ,

എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

A. കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ വേല, ക്രിസ്തുവിന്റെ സാർവത്രിക ശരീരത്തിന്റെ കെട്ടുപണിക്കു വേണ്ടി സ്ഥലം സഭകളുടെ കെട്ടുപണിക്കു വേണ്ടിയാണ്—2:21-22; 1 കൊരി. 16:10.

എഫെ. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

എഫെ. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ

വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

1 കൊരി. 16:10 തിമൊഥെയൊസ് വന്നാൽ, അവൻ നിങ്ങളോടൊപ്പം നിർഭയനായിരിക്കുവാൻ നോക്കുവിൻ; ഞാൻ ചെയ്യുന്നതുപോലെ, അവനും കർത്താവിന്റെ വേല ചെയ്യുന്നു.

B. ഇന്ന് നാല് തരം വേലക്കാരുണ്ട്:

1. ഒന്നാമത്തെ തരത്തിലുള്ളവർ, ഈ യുഗത്തിലുള്ള ദൈവത്തിന്റെ ശുശ്രൂഷയുടെ ആവശ്യത്തോട് പൊരുത്തപ്പെടുന്ന കൂട്ടുവേലക്കാരാണ്; ഇത് കർത്താവിനാൽ ഇടപെടൽ പ്രാപിച്ചവരും ഒരുമനസ്സുള്ളവരുമായ വ്യക്തികളുടെ ഒരു ചെറിയ കൂട്ടമാണ്.
2. രണ്ടാമത്തെ തരത്തിലുള്ളവർ, ഇളയവരായ കൂട്ടുവേലക്കാരാണ്; അവർ മുതിർന്ന കൂട്ടുവേലക്കാരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും ഏകോപനത്തിന് കീഴിൽ വരാനും തയ്യാറാണ്, അവർ പിന്തുടരുവാനും താഴ്മയോടെ പഠിക്കുവാനും തയ്യാറാണ്.
3. മൂന്നാമത്തെ തരത്തിലുള്ളവർ, മുതിർന്ന കൂട്ടുവേലക്കാർക്ക് കീഴ്പ്പെടുവാൻ മനസ്സില്ലാത്തവരും, വിഭാഗങ്ങളിൽ പെടാത്തവരും, എന്നാൽ നമ്മോടൊപ്പം കൂട്ടായ്മയിൽ ആയിരിക്കുവാൻ സന്തോഷമുള്ളവരുമാണ്.
4. നാലാമത്തെ തരത്തിലുള്ളവർ, വിഭാഗങ്ങളിലുള്ള പ്രസംഗികരും സ്വതന്ത്ര സുവിശേഷകരുമാണ്.

C. ഇന്ന് നമുക്ക് ആവശ്യം ഒന്നാമത്തെയും രണ്ടാമത്തെയും തരത്തിലുള്ള കൂട്ടുവേലക്കാരെയാണ്; മൂന്നാമത്തെയും നാലാമത്തെയും തരത്തിലുള്ള വേലക്കാരെ സംബന്ധിച്ച്, അവരുടെ പാത തിരഞ്ഞെടുക്കുന്നതിന് അവരെ അനുവദിക്കുവാൻ മാത്രമേ നമുക്ക് കഴിയൂ; ചില ആളുകൾക്ക് നാം എടുക്കുന്ന അതേ പാത എടുക്കുവാൻ ദൈവം അവരെ നിയോഗിച്ചിട്ടില്ല, അവരോട് ഒന്നും പറയാൻ നാം തുനിയുന്നുമില്ല.

D. സാഹചര്യം എന്തുതന്നെയായാലും, ദൈവം നമ്മെ ഏൽപ്പിച്ച വേല ചെയ്യാനാണ് നാം ഇവിടെ ആയിരിക്കുന്നത്; മറ്റുള്ളവരുടെ വേലയിൽ ഇടപെടുവാൻ നമുക്ക് കഴിയില്ല, മറ്റുള്ളവരുടെ വേലയെ നശിപ്പിക്കുവാനല്ല നാം ഇവിടെ ആയിരിക്കുന്നത്.

**ശുശ്രൂഷയിൽ നിന്നുള്ള ഉദ്ധരണികൾ:**

**ദിവ്യപ്രവാഹം**

തിരുവെഴുത്ത് വായന: ഉല്പ. 2:8-12; സങ്കീ. 36:8-9; യോഹ. 4:10, 14; 7:38-39; 1 കൊരി. 10:4; വെളി. 21:6; 7:17; 22:1-2; 21:23; യെഹെ. 47:1, 5, 7-9, 12

മനുഷ്യന്റെ ആവശ്യങ്ങൾ ദൈവത്തിൽ മാത്രമേ നിറവേറ്റപ്പെടുന്നുള്ളൂ എന്ന് തിരുവെഴുത്തുകൾ നമുക്ക് വെളിപ്പെടുത്തുന്നു. മനുഷ്യന്റെ എല്ലാ ആവശ്യങ്ങൾക്കും ദൈവം തന്നെയാണ് സഹായം, ഏക സഹായം, സർവ സഹായവും. ദൈവത്തിന്റെ ഉദ്ദേശ്യം മനുഷ്യന് ജീവനായിരിക്കുക എന്നതാണ്, കാരണം മനുഷ്യന് ജീവനും മനുഷ്യന്റെ ജീവനും ആയിരുന്നുകൊണ്ടാണ് ദൈവം മനുഷ്യന്റെ എല്ലാ ആവശ്യങ്ങൾക്കുമുള്ള സഹായമായിരിക്കുന്നത്. അങ്ങനെ, മനുഷ്യന് ജീവനാകണമെങ്കിൽ, ദൈവം മനുഷ്യന്റെ അടുക്കൽ വന്നും അവനിലേക്ക് പ്രവേശിച്ചുംകൊണ്ട് ജീവനുള്ള സഹായമാകുന്നു. അങ്ങനെ മാത്രമേ മനുഷ്യന് അവനെ ആസ്വദിക്കുവാനും അവനാൽ ജീവിക്കുവാനും കഴിയൂ.

## ജീവന്റെ പ്രവാഹം

ഉല്പത്തി പുസ്തകത്തിന്റെ തുടക്കത്തിൽ, മനുഷ്യനെ സൃഷ്ടിച്ചതിനുശേഷം, ഏദൻ തോട്ടത്തിൽ ജീവവൃക്ഷം എന്ന വൃക്ഷത്തിനരികിൽ ആക്കി. അതിനടുത്തായി ഒരു നദി ഉണ്ടായിരുന്നു. തിരുവെഴുത്തുകളിലെ കൂടുതൽ വെളിപാടുകളുടെ സഹായത്താൽ, ദൈവം മനുഷ്യനിലേക്ക് എങ്ങനെ വരുന്നു എന്ന് കാണിക്കുന്ന ഒരു ചിത്രമാണിതെന്ന് നമുക്ക് മനസ്സിലാക്കാം. മനുഷ്യൻ ബന്ധപ്പെടാനും സ്വീകരിക്കുവാനും ഒരു അരുവിയുടെ ഒഴുക്കായിട്ടാണ് അവൻ വരുന്നത്. സങ്കീർത്തനം 36:8-9-ൽ സങ്കീർത്തനക്കാരൻ ദൈവത്തെ സ്തുതിക്കുന്നു, “നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു. നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ.” ഇതിനർത്ഥം ദൈവത്തോടൊപ്പമാണ് ജീവന്റെ ഉറവ, അതിൽ നിന്നാണ് ദൈവത്തിന്റെ ആനന്ദനദി ഒഴുകുന്നത് എന്നാണ്. ദൈവം ജീവന്റെ ഉറവയാണ്, ഈ ജീവന്റെ ഉറവയിൽനിന്ന് ദൈവത്തിന്റെ ആനന്ദനദി ഒഴുകുന്നു. മനുഷ്യന് ഈ ദിവ്യ നദി കുടിക്കുവാനും ദൈവത്തിന്റെ ആനന്ദങ്ങൾ ആസ്വദിക്കുവാനും സംതൃപ്തരാകാനും കഴിയും. ദൈവത്തിന്റെ ആനന്ദവും ദൈവത്തിന്റെ മേദസ്സും ഈ ദിവ്യ നദിയുടെ ഒഴുക്കിനൊപ്പം പോകുന്നു. നാം ഈ നദിയിൽ നിന്ന് കുടിക്കുമ്പോൾ, നാം ദൈവത്തിന്റെ ആനന്ദം ആസ്വദിക്കുകയും ദൈവത്തിന്റെ മേദസ്സിനാൽ സംതൃപ്തരാകുകയും ചെയ്യും.

ദൈവം മനുഷ്യനു ജീവനാകുവാൻ ആദ്യം അവന്റെ പുത്രൻ, നമ്മുടെ കർത്താവായ യേശുവിൽ ഒഴുകുന്നു. അങ്ങനെ, കർത്താവിന് നമുക്ക് ജീവജലം നൽകുവാൻ കഴിയും, അവൻ നൽകുന്ന ജലം നമ്മിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും (യോഹ. 4:14). ദൈവം തന്റെ പുത്രനിലും പുത്രനിലൂടെയും പുറത്തേക്ക് ഒഴുകുന്നു. ദൈവം ദിവ്യജീവജലത്തിന്റെ ഉറവയാണ്, കർത്താവായ യേശു ഉറവയുടെ പ്രവാഹമാണ്. നാം ദിവ്യജീവന്റെ ജീവജലം സ്വീകരിക്കുവാൻ നമുക്കുവേണ്ടി അടിക്കപ്പെട്ട പാറയാണ് അവൻ.

രണ്ടാമതായി, ദൈവം തന്റെ ആത്മാവിലും ആത്മാവിലൂടെയും ജീവജലമായി പുറത്തേക്ക് ഒഴുകുന്നു. തന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകുമെന്ന് കർത്താവ് നമ്മോട് പറയുന്നു. അവൻ ആത്മാവിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞു (7:37-39). ഇതിലൂടെ നമുക്ക് മനസ്സിലാകുന്നത് പരിശുദ്ധാത്മാവ് ദൈവം തന്നെ ജീവജലമായി നമ്മിലേക്ക് ഒഴുകുന്ന രണ്ടാമത്തെ ചാലാണെന്നാണ്.

അതിനാൽ, ജീവജലത്തിന്റെ ഒഴുക്കെന്ന നിലയിൽ ജീവനായി ദൈവം നമ്മുടെ അടുക്കൽ വരുന്നുവെന്ന് തിരുവെഴുത്തുകൾ നമ്മെ കാണിക്കുന്നു. ദാഹിക്കുന്ന ഏവനും കർത്താവിന്റെ അടുക്കൽ വന്ന് ജീവജലം സൗജന്യമായി കുടിക്കാമെന്നും (വെളി. 22:17), നിത്യതയിൽ കർത്താവ് നമ്മുടെ ഇടയനായിരിക്കുമെന്നും ജീവജലത്തിന്റെ ഉറവുകളിലേക്ക് നമ്മെ നയിക്കുമെന്നും (7:17) തിരുവെഴുത്തുകൾ നമ്മോട് പറയുന്നു. ജീവജലം നമ്മുടെ ജീവനായ ദൈവം തന്നെയാണ്. നാം അവനിൽ നിന്ന് കുടിക്കുകയും, അവന്റെ ആനന്ദം ആസ്വദിക്കുകയും, അവന്റെ മേദസ്സിനാൽ നാം സംതൃപ്തരാകുകയും ചെയ്യുന്നു.

വെളിപ്പാട് പുസ്തകം നമ്മോട് പറയുന്നത്, ഈ ജീവജലപ്രവാഹം ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നാണ് ഒഴുകുന്നത് എന്നാണ് (22:1). ഈ ജീവജലത്തിന്റെ ഉറവിടം നമുക്ക് കാണിച്ചുതരുന്ന മറ്റൊരു ചിത്രമാണിത്. ഇതർഥമാക്കുന്നത്, ദൈവത്തിന്റെ ജീവൻ വീണ്ടെടുക്കുന്ന രക്ഷകനായ കുഞ്ഞാടിൽ നിന്ന്, നമുക്ക് ജീവനായിരിക്കുവാൻ ഭരിക്കുന്ന അധികാരത്തോടെ ദൈവത്തിൽനിന്ന് തന്നെ ഒഴുകുന്നു എന്നാണ്.

ഈ അരുവിയിൽ ദൈവത്തിന്റെ ജീവൻ ഉണ്ട്. ജീവജല നദിയിൽ വളരുന്ന ജീവവൃക്ഷം എല്ലാ മാസവും ഫലം കായ്ക്കുന്നുവെന്ന് നാം വായിക്കുന്നു (വാക്യം 2).

നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്ന ജീവൻ ജീവജല നദിയിൽ വളരുന്ന ഒന്നാണെന്ന് ഇത് കാണിക്കുന്നു. അങ്ങനെ, ജീവജല നദി ദിവ്യജീവന്റെ സഹായമാണെന്ന് ഇത് നമുക്ക് തെളിയിക്കുന്നു. ഈ ജീവജല നദിയിൽ മരണത്തെ വിഴുങ്ങാനുള്ള ശക്തിയുണ്ടെന്ന് യെഹെസ്കേലിന്റെ പുസ്തകത്തിൽ നാം കാണുന്നു, കാരണം അത് ഒഴുകുന്നിടത്ത് അത് ഉപ്പുവെള്ളത്തെ സുഖപ്പെടുത്തുകയും അതിനെ ശുദ്ധമാക്കുകയും ചെയ്യുന്നു. അതിന് രോഗശാന്തിയുടെ ശക്തിയുണ്ട്. അതിന് ഉത്പാദിപ്പിക്കാനുള്ള ശക്തിയുണ്ടെന്നും നാം കാണുന്നു, കാരണം അത് പോകുന്നിടത്ത് സസ്യജീവനും മൃഗജീവനും ഉത്പാദിപ്പിക്കപ്പെടുന്നു. അത് ഒഴുകുന്നിടത്ത് എല്ലാത്തരം വൃക്ഷങ്ങളും വളർന്ന്, വിവിധതരം ഫലങ്ങൾ നൽകുന്നു. മാത്രമല്ല, വെള്ളം ജീവജാലങ്ങളാൽ നിറഞ്ഞിരിക്കുന്നു. ഇത് ഏറ്റവും അർഥവത്തായ ഒരു ചിത്രമാണ് (47:6-12). അതിനെക്കുറിച്ച് ധ്യാനിക്കുന്നതിലൂടെ, അതിന്റെ പ്രാധാന്യം നാം മനസ്സിലാക്കുന്നു. നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനായി ജീവൻ നൽകുന്നതിന് ദൈവത്തിൽ നിന്ന് ഇതാ ഒരു അരുവി ഒഴുകുന്നു. ഇത് സുഖപ്പെടുത്തുകയും ഉത്പാദിപ്പിക്കുകയും മരണത്തെ വിഴുങ്ങുകയും നമുക്ക് ജീവൻ നൽകുകയും ചെയ്യുന്ന ഒരു അരുവിയാണ്. ഇതാണ് ജീവന്റെ അരുവി.

## കൂട്ടായ്മയുടെ പ്രവാഹം

തിരുവെഴുത്തുകളിലെ ഈ അരുവിയെക്കുറിച്ചുള്ള ചിത്രത്തിൽ നിന്ന്, ഇത് കൂട്ടായ്മയുടെ ഒരു അരുവി കൂടിയാണെന്ന് നമുക്ക് മനസ്സിലാക്കാം. പുതിയ യെരൂശലേമിന്റെ കാര്യം പരിഗണിക്കുക. മുഴുവൻ നഗരത്തിലും ഒരു തെരുവ് മാത്രമേയുള്ളൂ, ആ തെരുവിന്റെ നടുവിൽ ജീവജലത്തിന്റെ അരുവിയുണ്ട്. ഈ രംഗം ചിന്തിക്കുന്നതിലൂടെ, ഈ അരുവി കൂട്ടായ്മയുടെ അരുവിയാണെന്ന് നമുക്ക് മനസ്സിലാകും. അത് മുഴുവൻ നഗരത്തിലൂടെയും ഒഴുകുന്നു, മുഴുവൻ നഗരത്തിനും ഈ ജീവജലത്തിന്റെ അരുവിയാലോ അരുവിയിലൂടെയോ മാത്രമേ കൂട്ടായ്മ ഉണ്ടായിരിക്കുവാൻ കഴിയൂ. ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ ദിവ്യജീവന്റെ അരുവിയാണെന്ന് ഇത് വെളിപ്പെടുത്തുന്നു. ദിവ്യജീവന്റെ അരുവി ഒഴുകുന്നിടത്തെല്ലാം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയുണ്ട്. സഭയുടെ കൂട്ടായ്മ എന്താണ്? അത് ദിവ്യജീവന്റെ ഒഴുക്കാണ്. ദിവ്യജീവന്റെ അരുവി നമ്മുടെ ഉള്ളിൽ ഒഴുകുമ്പോൾ, നമ്മുടെ ഇടയിൽ ശരീരത്തിന്റെ കൂട്ടായ്മയുണ്ട്. പെന്തക്കോസ്ത് ദിവസം മുതൽ ഈ കൂട്ടായ്മ ആരംഭിച്ചു, യെരൂശലേമിൽ നിന്ന് അത് അന്ത്യോക്യയിലേക്കും, ഏഷ്യയിലേക്കും, യൂറോപ്പിലേക്കും, തുടർന്ന് അമേരിക്കയിലേക്കും, ലോകമെമ്പാടും ഒഴുകി. നാം ആസ്വദിക്കുന്ന ശരീരത്തിന്റെ കൂട്ടായ്മ മഹത്തായ കാര്യമാണ്. ശരീരത്തിന്റെ കൂട്ടായ്മയുടെ ഈ പ്രവാഹത്തിലാണ് നാം, ഈ പ്രവാഹം നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു, സമ്പുഷ്ടമാക്കപ്പെടുന്നു. അത് ഒഴുകുന്തോറും വലുതും സമ്പന്നവുമായിത്തീരുന്നു.

## സാക്ഷ്യത്തിന്റെ പ്രവാഹം

ഈ അരുവി ഒഴുകുന്നിടത്ത് കർത്താവായ യേശു ക്രിസ്തുവിന്റെ സാക്ഷ്യവുമുണ്ട്.

ഇത് അങ്ങനെയാണെന്ന് നമുക്കെങ്ങനെ അറിയാം? പുതിയ യെരൂശലേമിന്റെ സാഹചര്യം വീണ്ടും പരിഗണിക്കുക, നിങ്ങൾ പുറത്തുനിന്ന് നഗരത്തിലേക്ക് വരുന്ന ഒരാളാണെന്ന് കരുതുക. നിങ്ങൾ കവാടത്തിൽ പ്രവേശിക്കുമ്പോൾ, ജീവജലപ്രവാഹം ഒഴുകുന്ന നഗരത്തിന്റെ ഒരു തെരുവിൽ നിങ്ങൾ ഉടൻ എത്തുന്നു. നിങ്ങൾ അരുവിയെ പിന്തുടരുകയാണെങ്കിൽ, അത് നിങ്ങളെ കർത്താവായ യേശു ഉള്ള സ്ഥലത്തേക്ക് കൊണ്ടുവരും. ഇതിനർഥം അരുവി നിങ്ങളെ കർത്താവുമായുള്ള സമ്പർക്കത്തിലേക്ക് കൊണ്ടുവരുമെന്നാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ജീവജലപ്രവാഹം ക്രിസ്തുവിന്റേതായ എന്തെങ്കിലും

അറിയാൻ നിങ്ങളെ സഹായിക്കും; അത് നിങ്ങൾക്ക് ക്രിസ്തുവിന്റേതായ എന്തെങ്കിലും സാക്ഷ്യപ്പെടുത്തും. നിങ്ങൾക്ക് ക്രിസ്തുവിനെ എവിടെ കണ്ടെത്താനാകും? നിങ്ങൾക്ക് ക്രിസ്തുവിനെ എവിടെ കണ്ടുമുട്ടാൻ കഴിയും? ഇതാ ചാൽ; ഇതാ വഴി; നിങ്ങൾക്ക് ക്രിസ്തുവിനെ സ്പർശിക്കാൻ കഴിയുന്ന മാർഗ്ഗം ഇതാ, അതിലൂടെ നിങ്ങൾക്ക് ക്രിസ്തുവിനെ അനുഭവിക്കാൻ കഴിയും. അതിനാൽ, കർത്താവായ യേശു ക്രിസ്തുവിന്റെ സാക്ഷ്യം ദിവ്യജീവിതത്തിന്റെ അരുവിയോടൊപ്പമാണ്. ദിവ്യജീവിതപ്രവാഹം ഒഴുകുന്നിടത്ത്, കർത്താവായ യേശു ക്രിസ്തുവിന്റെ സാക്ഷ്യമുണ്ട്.

അപ്പോൾ നമ്മൾ ചോദിക്കണം, അത് എന്താണ് സാക്ഷ്യപ്പെടുത്തുന്നത്? ഉത്തരം ഏറ്റവും പ്രധാനമാണ്. ഒരു കുഞ്ഞാടുണ്ടെന്നും, കുഞ്ഞാടിനുള്ളിൽ ദൈവം തന്നെയാണെന്നും, ഈ കുഞ്ഞാട് സിംഹാസനത്തിലാണെന്നും ഇത് സാക്ഷ്യപ്പെടുത്തുന്നു. ഇത് കർത്താവായ യേശു ക്രിസ്തുവിന്റെ സാക്ഷ്യമാണ്. അവൻ വീണ്ടെടുപ്പുകാരനാണ്; അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി അറുക്കപ്പെട്ട ദൈവത്തിന്റെ കുഞ്ഞാടാണ്. അവൻ ക്രൂശിൽ ക്രൂശിക്കപ്പെട്ടു, നമ്മുടെ വീണ്ടെടുപ്പിനായി തന്റെ രക്തം ചൊരിഞ്ഞു. വീണ്ടെടുപ്പ് പൂർത്തിയാക്കിയ ശേഷം, അവൻ ഉയിർത്തെഴുന്നേറ്റു, സ്വർഗ്ഗത്തിലേക്ക്, സിംഹാസനത്തിലേക്ക് ഉയർത്തപ്പെട്ടു. സിംഹാസനത്തിലെ കുഞ്ഞാടിൽ ദൈവം തന്നെയുണ്ട്. ഈ മൂന്ന് കാര്യങ്ങൾ കർത്താവായ യേശുവിന്റെ സാക്ഷ്യത്തിന്റെ സംഗ്രഹമാണ്—ദൈവത്തോടൊപ്പം *കുഞ്ഞാട്* സിംഹാസനത്തിലുണ്ട്, അവനിൽ ദൈവമുണ്ട്. ദിവ്യജീവന്റെ പ്രവാഹം ഈ സാക്ഷ്യം നമ്മിലേക്ക് കൊണ്ടുവരുന്നു. അത് കർത്താവായ യേശുവിന്റെ സാക്ഷ്യമാണ്.

## ദൈവത്തിന്റെ വേലയുടെ പ്രവാഹം

ഈ അരുവി ദൈവത്തിന്റെ വേലയുടെ പ്രവാഹവുമാണ്. അരുവി ഒഴുകുന്നിടത്ത് ദൈവത്തിന്റെ വേലയുണ്ട്. ദൈവത്തിന്റെ വേലയെക്കുറിച്ച് നമ്മോട് പറയുന്ന പുസ്തകമായ പ്രവൃത്തികളുടെ പുസ്തകത്തിൽ ഇത് വ്യക്തമാണ്. ദൈവത്തിന്റെ വേല എന്താണ്? അത് ജീവജലപ്രവാഹത്തിലെ വേലയാണ്. ജീവജലപ്രവാഹം ഒഴുകുന്നിടത്ത് ദൈവത്തിന്റെ വേലയുണ്ട്. ദിവ്യജീവിതപ്രവാഹത്തിന്റെ ഒഴുക്കിനൊപ്പം ദൈവം പ്രവർത്തിക്കുന്നു. പ്രവൃത്തികളുടെ പുസ്തകത്തിന്റെ മുഴുവൻ രേഖയും നിങ്ങൾ പരിഗണിച്ചാൽ, നിങ്ങൾക്ക് ചിത്രം വളരെ വ്യക്തമായി കാണാൻ കഴിയും. പെന്തക്കോസ്ത് ദിനത്തിൽ, സിംഹാസനത്തിൽ നിന്ന് ഭരണശക്തിയോടെ ക്രിസ്തുവിൽ ദൈവത്തിൽനിന്ന് ദിവ്യജീവന്റെ ഈ അരുവി ഒഴുകി. അത് യെരൂശലേമിൽ നിന്ന് ഒഴുകാൻ തുടങ്ങി. അവിടെ നിന്ന് അന്ത്യോക്യയിലേക്കും പിന്നീട് അന്ത്യോക്യയിൽ നിന്ന് പടിഞ്ഞാറോട്ട് തിരിഞ്ഞു; അത് ഏഷ്യയിലേക്കും ഏഷ്യയിലൂടെ മക്കദോന്യയിലേക്കും, യൂറോപ്പിലേക്കും ഒഴുകി. ദിവ്യജീവപ്രവാഹത്തിന്റെ ഒഴുക്കിന്റെ ഒരു ചിത്രം ഇതാ, ഈ അരുവി ഒഴുകുന്നതിനൊപ്പം ദൈവത്തിന്റെ പ്രവൃത്തിയും ഉണ്ട്. ഒഴുകുന്നതിലൂടെ ദൈവം പ്രവർത്തിക്കുന്നു; ഒഴുകുന്നതിലൂടെ ദൈവം തന്റെ സുവിശേഷം പ്രസംഗിക്കുന്നു; ഒഴുകുന്നതിലൂടെ ദൈവം ആളുകളെ രക്ഷയിലേക്ക് കൊണ്ടുവരുന്നു. ഒരു അരുവിയുണ്ട്, അതിനെ നമുക്ക് വേലയുടെ പ്രവാഹം അല്ലെങ്കിൽ അരുവി എന്ന് വിളിക്കാം. അത് ഒഴുകുന്നിടത്ത് ദൈവത്തിന്റെ വേലയുണ്ട്.

പ്രവൃത്തികളുടെ പുസ്തകത്തിന് അവസാനമോ ഉപസംഹാരമോ ഇല്ല എന്നത് ശ്രദ്ധിക്കുക. ആകെ ഇരുപത്തിയെട്ട് അധ്യായങ്ങളുണ്ട്, എന്നാൽ ഇന്ന് സ്വർഗ്ഗത്തിലെ പ്രവൃത്തികളുടെ പുസ്തകത്തിൽ രണ്ടായിരത്തിയെണ്ണൂറ് അധ്യായങ്ങൾ ഉണ്ടാകാം. നമ്മുടെ ബൈബിളിലെ ഇരുപത്തിയെട്ട് അധ്യായങ്ങൾ അറുപതോ എഴുപതോ വർഷത്തെ ചരിത്രത്തിന്റെ രേഖ മാത്രമാണ്. ഒരു ആരംഭമുണ്ട്, പക്ഷേ ഒരു അവസാനം, ഒരു ഉപസംഹാരമില്ല. കാരണം, ഈ

ജീവപ്രവാഹം ഇപ്പോഴും ഒഴുകുന്നു, ഒരിക്കലും നിർത്തുന്നില്ല. ഈ പ്രവാഹം തലമുറകളിൽ നിന്ന് തലമുറകളിലേക്ക് ഇന്നുവരെ ഒഴുകിക്കൊണ്ടിരിക്കുന്നുവെന്നും അത് ഇപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നുവെന്നും സഭാ ചരിത്രം കാണിക്കുന്നു. അത് ഒഴുകുന്നിടത്ത് ദൈവത്തിന്റെ ജീവനുണ്ട്; അത് ഒഴുകുന്നിടത്ത് ശരീരത്തിന്റെ കൂട്ടായ്മയുണ്ട്; അത് ഒഴുകുന്നിടത്ത് യേശുവിന്റെ സാക്ഷ്യമുണ്ട്; അത് ഒഴുകുന്നിടത്ത് ദൈവത്തിന്റെ വേലയുമുണ്ട്. അത് ജീവന്റെ പ്രവാഹമാണ്, കൂട്ടായ്മയുടെ പ്രവാഹമാണ്, സാക്ഷ്യത്തിന്റെ പ്രവാഹമാണ്, ദൈവത്തിന്റെ വേലയുടെ പ്രവാഹവുമാണ്.

സഹോദരീ സഹോദരന്മാരേ, നാം ഈ അരുവിയിലായിരിക്കണം. നാം ഈ അരുവിയിലല്ലെങ്കിൽ, നാം ജീവനിൽനിന്ന് പുറത്താണ്, നാം ശരീരത്തിന്റെ കൂട്ടായ്മയിൽനിന്ന് പുറത്താണ്, നാം കർത്താവായ യേശുവിന്റെ സാക്ഷ്യത്തിൽനിന്ന് പുറത്താണ്, നാം ദൈവത്തിന്റെ പ്രവൃത്തിയിൽനിന്ന് പുറത്താണ്. ഓ, നാം ഈ അരുവിയിലാണെങ്കിൽ, നമുക്ക് എല്ലാം ലഭിക്കും. അത് എവിടെ നിന്നാണ് ഒഴുകുന്നത്? അത് സിംഹാസനത്തിൽ നിന്ന് ഒഴുകുന്നു. ഇത് എത്തരത്തിലുള്ള സിംഹാസനമാണ്? കുഞ്ഞാടിൽ ദൈവമുള്ള കുഞ്ഞാടിന്റെ സിംഹാസനമാണിത്. ദൈവം കുഞ്ഞാടിലും കുഞ്ഞാട് സിംഹാസനത്തിലുമാണ്, ഈ അരുവി ഈ സിംഹാസനത്തിൽനിന്ന് ഒഴുകുന്നു. നിങ്ങൾക്ക് ഈ അരുവി ഉണ്ടെങ്കിൽ, നിങ്ങൾക്ക് സിംഹാസനമുണ്ട്, നിങ്ങൾക്ക് കുഞ്ഞാടും ഉണ്ട്, കുഞ്ഞാടിനുള്ളിൽ നിങ്ങൾക്ക് ദൈവവുമുണ്ട്. നിങ്ങൾക്ക് ഈ അരുവി ഉണ്ടെങ്കിൽ, നിങ്ങൾക്ക് എല്ലാം ഉണ്ട്. നിങ്ങൾ ഈ അരുവിയിലാണെങ്കിൽ, നിങ്ങൾ ദൈവത്തിലും, സിംഹാസനത്തോടുകൂടിയ കുഞ്ഞാടിലും, ജീവനിലും, കൂട്ടായ്മയിലും, സാക്ഷ്യത്തിലും, ദൈവത്തിന്റെ വേലയിലുമാണ്. നിങ്ങൾ അരുവിയിലാണോ? നിങ്ങൾ അത് അറിയണം. നിങ്ങൾ അരുവിയിലല്ലെങ്കിൽ, നിങ്ങൾ ഒരു വഴിത്തിരിവ് നടത്തേണ്ടിവരും. നമ്മൾ അരുവിയിലായിരിക്കണം.

തിരുവെഴുത്തുകളുടെ ആരംഭത്തിൽനിന്ന് തുടങ്ങി മുഴുവൻ പുസ്തകത്തിലുടനീളം ഒഴുകുന്ന ഒരു ദിവ്യ പ്രവാഹം പ്രപഞ്ചത്തിലുണ്ട്. ബൈബിളിന്റെ ആരംഭം മുതൽ അവസാനം വരെ നമുക്ക് ഈ പ്രവാഹം കണ്ടെത്താൻ കഴിയും. പലയിടത്തും ഈ ഒഴുകുന്ന പ്രവാഹത്തെക്കുറിച്ച് പരാമർശമുണ്ട്. അത് ഇന്നും ഒഴുകുന്നു. അത് എല്ലായ്പ്പോഴും ഒഴുകുന്നു, ഇപ്പോഴും ഒഴുകുന്നു, നിത്യതയിലേക്ക് ഒഴുകിക്കൊണ്ടിരിക്കും. താൻ നൽകുന്ന ജലം നിത്യജീവനിലേക്ക് ഒഴുകുന്ന ഒരു നീരുറവയായിത്തീരുമെന്ന് കർത്താവ് പറഞ്ഞു. ഈ പ്രവാഹം നിത്യതയിലേക്ക് ഒഴുകും; അതിന് നിലയ്ക്കുവാൻ കഴിയില്ല, ഒരിക്കലും നിലയ്ക്കുകയുമില്ല. സഭയുടെ മുഴുവൻ ചരിത്രത്തിലും അത്തരമൊരു ദിവ്യ പ്രവാഹം ഉണ്ടായിട്ടുണ്ട്, ഇപ്പോഴും ഉണ്ട്.

ഈ അരുവി അവന്റെ ശരീരത്തിലേക്കുള്ള ഒരു സഹായമായി പാശ്ചാത്യ ലോകത്തേക്ക് തിരികെ ഒഴുകിയെത്തി. അത് ഈ രാജ്യത്തും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വർദ്ധിക്കുന്നതിന് നാം കർത്താവിലേക്ക് നോക്കുന്നു. നമ്മുടെ പ്രാർഥനകളിൽ ഇത് ഓർക്കാം, കൂടാതെ ഈ അരുവി നമ്മിൽ ഒരു തടസ്സവുമില്ലാതെ സ്വതന്ത്രമായി ഒഴുകാൻ കഴിയുന്നതിന് കർത്താവിനോടൊപ്പം പോകാൻ നമുക്ക് തയ്യാറാകാം. നാം ദിവ്യ ജീവന്റെയും ശരീരത്തിന്റെ കൂട്ടായ്മയുടെയും, കർത്താവായ യേശുവിന്റെ സാക്ഷ്യത്തിന്റെയും ദൈവത്തിന്റെ വേലയുടെയും ഈ ഒഴുക്കിനോട് വിശ്വസ്തരായിരിക്കണം.

## ദൈവനിർണയത്തോടുള്ള ബന്ധത്തിൽ നീരൊഴുക്ക്

മനുഷ്യവർഗത്തോട് സ്വയം ഇഴുകിച്ചേരുക എന്നതാണ് ദൈവത്തിന്റെ അനാദിനിർണയം. ഈ ഒരു കാര്യത്തിനായി അവൻ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ ഒരുമ കേവലം അന്യോന്യം യോജിക്കുകയോ

ഐക്യപ്പെടുകയോ ചെയ്യുന്നതായ ഒന്നല്ല; ഇത് അതിനെക്കാൾ വളരെ പ്രധാനമായ ഒന്നാണ്. ഇത് അന്യോന്യമുള്ള ഒരു ഇഴുകിച്ചേരൽ, അന്യോന്യമുള്ള ഒരു സമന്വയനം ആണ്. അത് ആഴമേറിയതാണ്. അത് ദിവ്യസ്വഭാവവും മനുഷ്യസ്വഭാവവും ഒന്നായിത്തീരുവോളമുള്ള ഒരു ഇഴുകിച്ചേരൽ ആണ്. ദൈവം തന്നെ നമ്മോട് സ്വയം ഇഴുകിച്ചേരുന്നു എന്ന അടിസ്ഥാനപരവും കേന്ദ്രീയവുമായ ഈ വിഷയത്തെ സംബന്ധിച്ചതാണ് ആകമാന തിരുവെഴുത്ത്.

ദൈവം ഇത് എങ്ങനെ സാധിക്കും എന്ന് നാം ചോദിക്കണം. ദൈവം ഇത് ചെയ്യുവാനായി അവൻ നമ്മിലേക്ക് വരണം എന്ന് വചനത്തിൽ വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നു. ദൈവം നമ്മുടെ ജീവൻ ആയിത്തീരുമ്പോൾ, അവൻ സ്വതേതന്നെ നമ്മോട് ഇഴുകിച്ചേരും.

നമ്മുടെ ജീവനായി നമ്മിലേക്ക് വരുവാൻ ദൈവത്തിന് എങ്ങനെ കഴിയും? ഇത് ദിവ്യവും തികച്ചും നിഗൂഢവും ആണ്. ദിവ്യജീവനെ സംബന്ധിച്ചു മാത്രമല്ല, മനുഷ്യജീവനെ സംബന്ധിച്ചും നിഗൂഢതയുടെ ഒരു അംശം ഉണ്ട്. എന്താണ് ജീവൻ? എന്ന് ചോദിച്ചാൽ, നിർവചിക്കുവാൻ ഒരുവന് വിഷമമാണ്. തിരുവെഴുത്തിൽ ദൈവത്തിന് നമ്മുടെ ജീവൻ ആയിരിക്കുവാൻ എങ്ങനെ കഴിയും എന്നത് വിവരിക്കുവാൻ ദൈവം ഒരു മുൻകുറി ഉപയോഗക്കുന്നു. ഈ മുൻകുറി ജലത്തിന്റെ ഒരു ഒഴുക്കാണ്. ഒരു നീരൊഴുക്ക് പുറത്തേക്ക് ഒഴുകുകയും അകത്തേക്ക് ഒഴുകുകയും ചെയ്യുന്നതുപോലെ, സ്വർഗത്തിൽനിന്ന് പുറത്തേക്കും നമ്മിലേക്കും ഒഴുകിക്കൊണ്ട,് നമ്മുടെ ജീവൻ ആയിരിക്കുവാൻ അവന് നമ്മിലേക്ക് വരുവാൻ കഴിയുമെന്ന് അനായാസം മനസ്സിലാക്കാം എന്ന് ഞാൻ ചിന്തിക്കുന്നു. നാം അതിൽനിന്നു കുടിക്കുന്നതേയുള്ളൂ. ദൈവം തന്നെ ജീവജലത്തിന്റെ നദിയാണ്. ദൈവം സ്വർഗത്തിൽനിന്ന് ഈ ഭൂമിയിലേക്ക് ഒഴുകുന്നു; നിങ്ങളിലേക്കും എന്നിലേക്കും ഒഴുകുന്നു.

ഇന്ന് നിങ്ങളിൽ ഒഴുകിക്കൊണ്ടിരിക്കുന്നതായ ദൈവത്തിന്റെ ഒരു നീരൊഴുക്ക് ഉണ്ടോ? എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു നീരൊഴുക്ക് എന്റെ ഉള്ളിൽ ഉണ്ട്. ചിലപ്പോൾ ഉറങ്ങുവാൻ ഞാൻ ആഗ്രഹിക്കുമ്പോൾ, ഈ നീരൊഴുക്ക് എന്നെ ഇളക്കുന്നു. "കർത്താവേ, വിശ്രമിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ക്ഷീണിതനാണ്". എന്ന് ഞാൻ പറയുന്നു. എന്നാൽ അകമേ ഒഴുകുന്നതായ ഈ നീരൊഴുക്ക് സമ്മതിക്കുന്നില്ല. അത് എനിക്ക് ഒരു ബോധം തരുന്നു: "നീ ക്ഷീണിതനാണ്, എന്നാൽ ഞാൻ ക്ഷീണിതനല്ല. ഞാൻ ഇപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നു; എന്റെ ഒഴുക്ക് നിന്നെ ബലപ്പെടുത്തും".തുടർച്ചയായി ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു നീരൊഴുക്ക് ഉണ്ട്. സഹോദരീസഹോദരന്മാരേ, നിങ്ങൾക്ക് ഈ ഒഴുക്കുണ്ടോ?

## നീരൊഴുക്കിന്റെ സ്രോതസ്സും സ്വഭാവവും

മനുഷ്യനെ സൃഷ്ടിച്ചതിനുശേഷം അവനെ "ജീവവൃക്ഷം" എന്ന് വിളിക്കപ്പെട്ട ഒരു വൃക്ഷത്തിന്റെ മുമ്പിൽ നിറുത്തി എന്ന് നാം കാണ്ടു. ജീവവൃക്ഷത്തിന്റെ അരികിൽ ഒരു നദി ഉണ്ടായിരുന്നു. ഈ നദിയുടെ ഒഴുക്കിൽ ചില വിലയേറിയ വസ്തുക്കൾ ഉണ്ടായിരുന്നു: പൊന്നും മുത്തും ഗോമേദകവും. ഈ വസ്തുക്കളുടെ അർഥം എന്താണ്? അവ ഏറ്റവും അർഥവത്താണ്. ഇത് ആകമാന തിരുവെഴുത്തിന്റെ രണ്ടാം അധ്യായത്തിലാണ് എന്നത് ഓർക്കുക. തിരുവെഴുത്തിന്റെ അവസാന ഭാഗത്ത് ഒടുവിലത്തെ രണ്ട് അധ്യായങ്ങളിൽ ഇതേ കാര്യങ്ങൾ നാം വീണ്ടും കാണുന്നു. അവിടെ നാം ഉൽപത്തി രണ്ടാം അധ്യായത്തിൽ പറഞ്ഞിരിക്കുന്ന അതേ വസ്തുക്കളായ പൊന്നും മുത്തുകളും വിലയേറിയ കല്ലുകളും കൊണ്ട് നിർമിക്കപ്പെട്ട ഒരു നഗരം കാണുന്നു. അവിടെ നാം ഒഴുകുന്ന ഒരു നദിയും കാണുന്നു; അതിന്റെ നടുവിൽ ജീവവൃക്ഷം വളരുന്നു. ഇവിടെ നിങ്ങൾക്ക് വീണ്ടും നദിയും ജീവവൃക്ഷവും ഉണ്ട്.

ദൈവത്തെക്കുറിച്ച് ഒഴുകുന്ന ജലനദി എന്ന് തിരുവെഴുത്തുകളിലുടനീളം എത്രയോ തവണ പറഞ്ഞിട്ടുണ്ട്! "നീ അവരെ ആനന്ദനദിയിൽനിന്നു കുടിപ്പിക്കും. നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ" (സങ്കീ. 36:8-9). കർത്താവായ യേശു നമ്മോട്, അവൻ കൊടുക്കുന്ന വെള്ളം നിത്യ ജീവനിലേക്കു പൊങ്ങിവരുന്ന ജീവന്റെ ഉറവയായിത്തീരും, എന്നു പറയുന്നു (യോഹ. 4:14). ദാഹിക്കുന്ന ഏവനും അവന്റെ അടുക്കൽ വന്നു കുടിക്കട്ടെ എന്നും, അവനിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകും എന്നും, അവൻ വീണ്ടും പറയുന്നു (യോഹ. 7:37-38). ഈ വാക്കുകളെല്ലാം ഒരു കാര്യത്തോട് ബന്ധപ്പെട്ടിരിക്കുന്നു— ദൈവം പുറത്തേക്ക് ഒഴുകിയിട്ടുണ്ടെന്നും, ജീവനായി മനുഷ്യവർഗത്തിലേക്ക് ഈ ഭൂമിയിൽ ഇപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നുവെന്നും. ഏതു രൂപത്തിൽ ദൈവം പുറത്തേക്ക് ഒഴുകിയിട്ടുണ്ട്? എന്ന് നാം ചോദിച്ചേക്കാം. അവൻ ഒന്നാമത് തന്റെ പുത്രനായ ക്രിസ്തുവിൽ പുറത്തേക്ക് ഒഴുകി; പിന്നെ അവൻ ആത്മാവായി പുറത്തേക്ക് ഒഴുകി. ദൈവം നീരുറവ, സ്രോതസ്സ് ആണ്. പുത്രനായ ക്രിസ്തുവാണ് ഈ ദിവ്യജലത്തിന്റെ നീരുറവ, സംഭരണി; പരിശുദ്ധാത്മാവ് എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്ന ജീവനുള്ള നീരൊഴുക്കാണ്.

പെന്തക്കോസ്തു ദിവസം പരിശുദ്ധാത്മാവിൽ കർത്താവ് അവനെത്തന്നെ പകർന്നു. പ്രവൃത്തികൾ 2:33-ലെ "പകർന്നു" എന്ന വാക്ക് ശ്രദ്ധിക്കുക. അവൻ പരിശുദ്ധാത്മാവിനെ പകർന്നു; പരിശുദ്ധാത്മാവ് ദിവ്യ ജലത്തിന്റെ ഒഴുകുന്ന നദി ആയിത്തീർന്നു. ആ കാലത്തിനു ശേഷം ഏകദേശം രണ്ടായിരം വർഷമായി പരിശുദ്ധാത്മാവ് ഈ ലോകത്തിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. ഈ ഒഴുക്ക് ഒരിക്കലും അവസാനിച്ചിട്ടില്ല; അത് നിത്യതയോളം ഒഴുകും. പിതാവായ ദൈവമാണ് സ്രോതസ്സ്; പുറത്തേക്ക് ഒഴുകുവാനായി ഉള്ളിൽ ദിവ്യ ജലം സംഭരിച്ചിരിക്കുന്ന അടിക്കപ്പെട്ട പാറയായ പുത്രനായ ക്രിസ്തുവാണ് സംഭരണി. അവനിൽനിന്ന് ഒഴുകുന്നതായ ഈ ജീവനുള്ള വെള്ളം എന്താണ്? അത് ദൈവജീവന്റെ ആത്മാവുതന്നെയാണ്. പരിശുദ്ധാത്മാവ് ദിവ്യജീവന്റെ ഒഴുകുന്ന ആത്മാവാണ്. "ഈ യേശുവിനെ ദൈവം ഉയിർത്തെഴുന്നേൽപിച്ചു; അതിനു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു. അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ആരോഹണം ചെയ്തു പരിശുദ്ധാത്മാവ് എന്ന വാഗ്ദാനം പിതാവിൽ നിന്നു വാങ്ങി...പകർന്നു തന്നു" (പ്രവൃ. 2:32-33). അവൻ ദിവ്യജീവനോടുകൂടെ ഒഴുകുന്ന പരിശുദ്ധാത്മാവിനെ പകർന്നു നൽകിയിരിക്കുന്നു. ആ കാലം മുതൽ ദിവ്യജീവന്റെ ഒരു ഒഴുക്ക് ഉണ്ട്; ഈ ഒഴുക്ക് പരിശുദ്ധാത്മാവുതന്നെ ആണ്.

ഈ ഒഴുക്കിന്റെ സ്രോതസിനെപ്പറ്റി നാം ചിന്തിക്കണം. പ്രപഞ്ചത്തിന്റെ ഏറ്റവും ഉന്നതമായ ശിഖരത്തിൽ ഒരു സിംഹാസനം, ഏക സിംഹാസനം, ഉണ്ട്; ഈ സിംഹാസനത്തിൽ കുഞ്ഞാട് ഇരിക്കുന്നു. ആരാണ് ഈ കുഞ്ഞാട്? എന്ന് ഞാൻ ചോദിക്കട്ടെ. കുഞ്ഞാട്, ക്രൂശിക്കപ്പെടുകയും അടക്കപ്പെടുകയും ഉയിർത്തെഴുന്നേല്ക്കുകയും ഉയർത്തപ്പെടുകയും ചെയ്ത ക്രിസ്തുവാണ്. ക്രിസ്തു കുഞ്ഞാടാണ്. ആരാണ് ക്രിസ്തു? ഈ ക്രിസ്തു ഏറ്റവും അത്ഭുതവാനായ ഒരുവനാണ്. ഈ ക്രിസ്തു മനുഷ്യസ്വഭാവത്തോട് ഇഴുകിച്ചേർന്ന ദിവ്യസ്വഭാവം ആണ്. അവൻ ജഡാവതാരം ചെയ്ത ദൈവമാണ്; അവൻ ക്രൂശിൽ മരിക്കുകയും, കല്ലറയിൽ അടക്കപ്പെടുകയും പാതാളത്തിലേക്ക് പോകുകയും, പാതാളത്തിൽ നിന്നും മരണത്തിൽനിന്നും ഉയിർക്കുകയും സ്വർഗാധിസ്വർഗങ്ങളിലേക്ക്, ദൈവത്തിന്റെ വലതുഭാഗത്തേക്ക്, ഉയർത്തപ്പെടുകയും ചെയ്തു. അവൻ മനുഷ്യ സ്വഭാവത്തിലുള്ള ദൈവവംതന്നെ ആണ്. അവൻ നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ വീണ്ടെടുക്കുവാൻ മരിക്കുകയും പ്രപഞ്ചത്തിലെ ഏറ്റവും ഉന്നതമായ സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയും ചെയ്തവനാണ്. അവൻ കുഞ്ഞാടാണ്, എന്നാലും അവൻ സിംഹാസനത്തിൽ ആണെന്ന്, ദയവായി ഓർക്കുക. ഒരു

കുഞ്ഞാട് വളരെ താഴ്മയുള്ള ഒന്നാണ്; ഒരു സിംഹാസനം അധികാരം നിറഞ്ഞതാണ്. അറുക്കപ്പെട്ട കുഞ്ഞാടായ, ക്രൂശിക്കപ്പെട്ടവനായ യേശു പ്രപഞ്ചത്തിന്റെ സമ്പൂർണമായ അധികാരം പ്രാപിക്കുവാനായി ഇപ്പോൾ സിംഹാസനത്തിലേക്ക് ഉയിർത്തപ്പെട്ടിരിക്കുന്നു. നിങ്ങൾ ഇത് ഗ്രഹിക്കുന്നുവോ? ഇത് എത്ര അർഥവത്താണ്! കുഞ്ഞാടിനുള്ളിൽ ദൈവം തന്നെയുണ്ട്. ദൈവം അവന്റെ ഉള്ളിൽ ഉണ്ട് എന്ന് നമുക്ക് എങ്ങനെ അറിയുവാൻ കഴിയും? ദൈവം വെളിച്ചം ആണെന്നും, കുഞ്ഞാട് വിളക്ക് ആണെന്നും നമ്മോട് പറഞ്ഞിരിക്കുന്നു. വിളക്കിന്റെ ഉള്ളിലാണ് വെളിച്ചം എന്നതുപോലെ, സിംഹാസനത്തിലുള്ള കുഞ്ഞാടിന്റെ ഉള്ളിലാണ് ദൈവം. ഓ, ഈ ചിത്രം നിങ്ങളിൽ പതിയണമെന്ന് ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു! ഇതാണ് സർവപ്രപഞ്ചത്തിലെയും ഏറ്റവും ഉന്നതമായ കാര്യം. കുഞ്ഞാടായ ക്രിസ്തു തന്റെ ഉള്ളിൽ ദൈവത്തോടുകൂടെ സിംഹസനത്തിൽ ഇരിക്കുന്നു; ഈ സിംഹാസനത്തിൽ നിന്ന് ദിവ്യജീവന്റെ നദി ഒഴുകുന്നു.

ഈ നീരൊഴുക്കിൽ എന്ത് അടങ്ങിയിരിക്കുന്നു എന്ന് ശ്രദ്ധിക്കുവാൻ ഞാൻ നിങ്ങളോട് പറയട്ടെ. ഇപ്രകാരമുള്ള ഒരു സ്ഥലത്തുനിന്ന് അത് ഒഴുകുന്നതുകൊണ്ട്, ക്രിസ്തു നേടിയതും പ്രാപിച്ചതുമായ സകലവും, അവന് ഉള്ളതും അവൻ ആയിരിക്കുന്നതുമായ സകലവും, ഇതിൽ അടങ്ങിയിരിക്കണം. ഒരു ദൃഷ്ടാന്തമായി എല്ലാം അടങ്ങിയിരിക്കുന്ന ജലമുള്ള ഒരു പാനപാത്രം, സർവവും അടങ്ങിയിരിക്കുന്നതായ ഒരു പാനപാത്രം ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആശിക്കുന്നു! അപ്പോൾ പാനപാത്രത്തിലെ ഉള്ളടക്കത്തിനു പുറത്തേക്ക് ഒഴുകുവാൻ തക്കവണ്ണം ഈ പാനപാത്രത്തിൽ ഒരു വിടവ് ഉണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞുവെങ്കിൽ, ഇപ്രകാരമുള്ള ഒരു ഒഴുക്കിൽ എന്ത് അടങ്ങിയിരിക്കുന്നു എന്ന് എന്നോടു പറയുവാൻ ഞാൻ നിങ്ങളോടു ചോദിക്കുമായിരുന്നു. എല്ലാം അടങ്ങിയിരിക്കും എന്ന് നിങ്ങൾക്ക് എന്നോട് ഉത്തരം പറയേണ്ടിവരും. എല്ലാം അടങ്ങിയിരിക്കും എന്നത് വ്യക്തമാണ്. ക്രിസ്തു ഇരിക്കുന്നതായ സിംഹാസനത്തിൽ നിന്ന് പുറത്തേക്ക് ഒഴുകുന്നതായ ഒരു നീരൊഴുക്ക് ഉണ്ട്; അതിൽ ഉൾക്കൊണ്ടിരിക്കുന്നത് ഒരിക്കലും തീർന്നുപോകുകയില്ല. ത്രീയേക ദൈവത്തിന്റെ ഉള്ളടക്കമെല്ലാം ഇവിടെയുണ്ട്; മനുഷ്യത്വം ഇവിടെയുണ്ട്; ക്രൂശുമരണത്തിന്റെയും അടക്കത്തിന്റെയും മൂലകം ഇവിടെയുണ്ട്; പുനരുത്ഥാനവും ആരോഹണവും അധികാരവും കർതൃത്വവും സകലവും ഇവിടെ ഈ നീരൊഴുക്കിൽ ഉണ്ട്. എത്ര സമ്പന്നം! എത്ര സർവാത്മകം! ഇതാണ് നിങ്ങളുടെ ഉള്ളിൽ ഇന്ന് ഒഴുകിക്കൊണ്ടിരിക്കുന്നതായ നീരൊഴുക്ക്.

ഈ നീരൊഴുക്കിൽ ജീവവൃക്ഷം വളരുന്നു എന്ന് തിരുവെഴുത്ത് നമ്മോട് പറയുന്നു. എന്താണ് ജീവവൃക്ഷം? അത് ജീവനായ ക്രിസ്തു തന്നെയാണ്. ക്രിസ്തുവിന്റെ ഒരു പ്രതിരൂപമായ വൃക്ഷത്തെ അനേക തവണ തിരുവെഴുത്ത് പരാമർശിച്ചിരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുക. ഈ വൃക്ഷം ജീവജലത്തിൽ വളരുന്നു എന്ന വസ്തുത ജീവനായ ക്രിസ്തു പരിശുദ്ധാത്മാവിന്റെ ഒഴുക്കിൽ ഉണ്ട് എന്ന് നമ്മെ കാണിക്കുന്നു. പരിശുദ്ധാത്മാവ് ഒഴുകുന്നിടത്ത്, ക്രിസ്തു ജീവനായി കാണപ്പെടുന്നു. ജീവന്റെ നീരൊഴുക്ക് ആകമാന നഗരത്തിലേക്ക് ജീവവൃക്ഷത്തെ ജീവസഹായമായി കൊണ്ടുവരുന്നതുപോലെതന്നെ, പരിശുദ്ധാത്മാവ് ക്രിസ്തുവിനെ നമ്മുടെ അടുത്തേക്ക് നമ്മുടെ ജീവനായി കൊണ്ടുവരുന്നു; ചിത്രം ഒന്നുകൂടെ നോക്കുക. ഇതാ ജീവജലത്തിന്റെ ഒരു ഒഴുക്ക്; ഒഴുക്കിൽ ആദ്യന്തം വളരുന്ന ജീവവൃക്ഷം ഉണ്ട്. അങ്ങനെ സർവനഗരത്തിനും ഒഴുക്ക് ജീവസഹായം എത്തിക്കുന്നു. പരിശുദ്ധാത്മാവ് ജീവസഹായമായി, ഭക്ഷണമായി, ക്രിസ്തുവിനെ നമ്മുടെ അടുത്തേക്ക് കൊണ്ടുവരുന്നു.

ഇത് ഇപ്രകാരം സുപ്രധാനമായ ഒരു വിഷയം ആയതുകൊണ്ട്, ഈ നദി നിങ്ങളിൽ ഒഴുകികൊണ്ടിരിക്കുന്നുവോ?, എന്ന് നിങ്ങളോട് നിർബന്ധമായി ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, ഈ നിമിഷത്തിൽ തന്നെ അത് നിങ്ങളിൽ ഒഴുകികൊണ്ടിരിക്കുന്നുവോ? അവിശ്വാസികൾക്ക് അതില്ല. എന്നാൽ കഷ്ടം, ചില വിശ്വാസികൾക്ക് ഈ നദി അവരിലേക്ക് ഒഴുകുന്നുണ്ടായിരുന്നുവെങ്കിലും, അവർ തങ്ങളെത്തന്നെ അതിന്റെ ഒഴുക്കിൽ കാത്തുസൂക്ഷിച്ചില്ല. അവരുടെ ഉള്ളിൽ അവർക്ക് ത്രിയേക ദൈവത്തിന്റെ ജീവൻ ഉണ്ട്, എന്നാൽ അവർ ഈ ജീവന്റെ ഒഴുക്കിൽ തങ്ങളെത്തന്നെ കാത്തുസൂക്ഷിക്കുന്നില്ല. പലപ്പോഴും നിങ്ങൾ ഈ ഒഴുക്കിന് വെളിയിലാണ് എന്ന ബോധം നിങ്ങൾക്കുണ്ട്. എന്നാൽ, നിങ്ങൾ അതിന്റെ ഒഴുക്കിൽ ആണെന്ന് ചിലപ്പോൾ നിങ്ങൾക്ക് അറിയാം. അപ്പോൾ നിങ്ങൾ എന്തു ചെയ്യണം? യഥാർഥത്തിൽ അത് വളരെ ലളിതമാണ്. നിങ്ങളെത്തന്നെ നിങ്ങൾ ഒഴുകുന്ന നദിയിൽ ആക്കിവയ്ക്കണം. നിങ്ങളിലുള്ള നദിയുടെ ഒഴുക്ക് ഛേദിക്കപ്പെട്ടു എന്ന് നിങ്ങൾക്ക് അനുഭവപ്പെടുമ്പോഴെല്ലാം കാരണം അന്വേഷിക്കുവാൻ നിങ്ങൾ ഉടൻ തന്നെ കർത്താവിലേക്ക് തിരിയണം. നിങ്ങളുടെ ഉള്ളിലെ നദി എന്തുകൊണ്ട് ഒഴുക്ക് അവസാനിപ്പിച്ചു? നിങ്ങൾ കാരണം കണ്ടെത്തുകയും ഒഴുക്ക് പ്രത്യുദ്ധരിക്കുന്നതുവരെ കർത്താവിനോട് ഇടപെടുകയും ചെയ്യണം. നിങ്ങൾ എവിടെ പോയാലും എന്തെല്ലാം ചെയ്യുവാൻ ആഗ്രഹിച്ചാലും ആ കാര്യത്തിൽ മുമ്പോട്ടു പോകുന്നതുമൂലം ഒഴുക്ക് നിലയ്ക്കും എന്ന ബോധം ഉണ്ടെങ്കിൽ, നിങ്ങൾ അത് നിർത്തിവയ്ക്കണം. ഒഴുക്ക് നിലനിർത്തുവാനായി നിങ്ങൾ അത് നിർത്തിവയ്ക്കണം. ഒഴുക്ക് നിലനിർത്തുവാനായി, കർത്താവിൽ നിന്ന് ഉള്ളത് അല്ലാത്തതായ, അതായത്, നിങ്ങളുടെ ഉള്ളിൽ ഒഴുകുന്നതായ നദിയിൽ നിന്നുള്ളത് അല്ലാത്തതായ എല്ലാ പ്രവർത്തനങ്ങളിൽനിന്നും നിങ്ങൾ ഒഴിഞ്ഞുനില്ക്കണം.

**ഏക നീരൊഴുക്ക്**

പെന്തക്കോസ്തു ദിനത്തിൽ ആരംഭിച്ചതും, എല്ലാ തവമുറകളിലും കൂടി ഇന്നേ ദിവസം വരെ ഒഴുകിക്കൊണ്ടിരിക്കുന്നതുമായ, ദിവ്യ ജീവന്റെ ഒഴുക്ക് ഒന്നുമാത്രമാണ്. അത് പോകുന്നിടത്തെല്ലാം, അത് ഒഴുകുന്നിടത്തെല്ലാം, അത് അനേക നീരൊഴുക്കുകളല്ല ഒരു നീരൊഴുക്ക് മാത്രമാണ്. പ്രവൃത്തികളുടെ പുസ്തകം വായിക്കുക; ഒരു നീരൊഴുക്ക്, ഒരു പ്രവാഹം മാത്രമേയുള്ളൂ എന്ന് നിങ്ങൾ കാണും. ഈ നീരൊഴുക്ക് യെരുശലേമിൽ നിന്ന് ആരംഭിക്കുകയും, അന്ത്യോക്യയിലേക്ക് ഒഴുകുകയും, അന്ത്യോക്യയിൽ നിന്ന് ഏഷ്യയിലേക്ക് തിരിഞ്ഞ്, അവിടെ ഒഴുകിക്കൊണ്ടിരിക്കുകയുമായിരുന്നു. പിന്നീട് ഒരു ദിവസം ആ നീരൊഴുക്ക് യൂറോപ്പിലേക്ക്, മക്കദോന്യയിലേക്ക് കുത്തിയൊഴുകുവാൻ കർത്താവ് ആഗ്രഹിച്ചു. എന്നാൽ നദിയുടെ ഒഴുക്കിൽ പ്രവർത്തിച്ചുകൊണ്ടിരുന്നവനായ അപ്പൊസ്തലന് അതിനെക്കുറിച്ച് വ്യക്തത ഇല്ലായിരുന്നു. എന്നാലും, ഒടുവിൽ, ഒഴുക്ക് ഏഷ്യയിൽ നിന്ന് യൂറോപ്പിലേക്ക് കുത്തിയൊഴുകുകയായിരുന്നു എന്ന് അവന് വ്യക്തമായി; അവന് അതിനോടൊപ്പം പോകേണ്ടതായി വന്നു. ഇത് സുപരിചിതമായ ഒരു ചരിത്രമാണ്. മക്കദോന്യയിൽ നിന്ന് നീരൊഴുക്ക് അതിന്റെ പാതയിൽ കൊരിന്തിലേക്കും റോമിലേക്കും സ്പെയിനിലേക്കും യൂറോപ്പിന്റെ എല്ലാ ഭാഗങ്ങളിലേക്കും പോയി. യൂറോപ്പിൽ നിന്ന് അത് പാശ്ചാത്യദേശത്തേക്ക്, അമേരിക്കയിലേക്ക് ഒഴുകി എന്ന് ചരിത്രം നമ്മോട് പറയുന്നു; പാശ്ചാത്യദേശത്തുനിന്ന് പൗരസ്ത്യദേശത്തേക്കും തെക്കൻ ദേശത്തേക്കും ഒഴുകി. സഭാചരിത്രം വായിക്കുമ്പോൾ, ഈ നീരൊഴുക്ക് ഒരിക്കലും അവസാനിച്ചിട്ടില്ല എന്ന് നാം കാണുന്നു; ഈ നീരൊഴുക്ക് ഒഴുകിയ ഇടത്തെല്ലാം അത് ഒന്നുമാത്രം ആയിരുന്നു എന്നു നാം കാണുന്നു. അത് യെരുശലേമിൽ ഒന്നായിരുന്നു, അന്ത്യോക്യയിലേക്കും ഒന്നായിരുന്നു, ഏഷ്യയിലേക്കും ഒന്നായിരുന്നു,

യൂറോപ്പിലേക്കും ഒന്നായിരുന്നു, അത് ഒഴുകിയ ഇടങ്ങളിലെല്ലാം ഒന്നായിരുന്നു. ഒരിക്കലും രണ്ടു നീരൊഴുക്കുകൾ ഉണ്ടായിട്ടില്ല എന്ന് ദയവായി ശ്രദ്ധിക്കുക. ഒരു നീരൊഴുക്കേ ഉണ്ടായിരുന്നുള്ളൂ. ഈ ഏക നീരൊഴുക്കിൽ നിങ്ങൾ നിങ്ങളെത്തന്നെ കാത്തുസൂക്ഷിക്കണം.

പ്രവൃത്തികളും അപ്പൊസ്തലനായ പൗലൊസ് എഴുതിയ ലേഖനങ്ങളും നിങ്ങൾ വായിക്കുന്നുവെങ്കിൽ, ആ കാലത്ത് സുവിശേഷം പ്രസംഗിക്കുകയും കർത്താവിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തവരായ വളരെയധികം പേരും ഒഴുക്കിൽ അല്ലായിരുന്നുവെന്ന് നിങ്ങൾ കാണും. തിരുവെഴുത്തിന്റെ രേഖ അനുസരിച്ച്, അവർ ഒഴുക്കിൽ അല്ലായിരുന്നു. ഉദാഹരണമായി, ഫിലിപ്പിയർ ഒന്നാം അധ്യായത്തിൽ, അസൂയ നിമിത്തം സുവിശേഷം പ്രസംഗിച്ചവരായ ചിലർ ഉണ്ടായിരുന്നു എന്ന് അപ്പൊസ്തലൻ നമ്മോടു പറയുന്നു. അവർ സുവിശേഷം പ്രസംഗിക്കുകയായിരുന്നു, എന്നാൽ അവർ അപ്പൊസ്തലനോടുചേർന്നു പ്രവർത്തിക്കുകയല്ലായിരുന്നു. അവർ സുവിശേഷം പ്രസംഗിച്ചുവെങ്കിലും, അവർ പരിശുദ്ധാത്മാവിന്റെ ഏക ഒഴുക്കിൽ അല്ലായിരുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ നിങ്ങൾക്ക് വേറോരു ദൃഷ്ടാന്തം കാണാം. ബർന്നബാസിനെക്കുറിച്ചു ചിന്തിക്കുക. ആരംഭത്തിൽ ബർന്നബാസ് അപ്പൊസ്തലനോടുകൂടെ പ്രവർത്തിക്കുകയായിരുന്നു. ഇരുവരും ഒരേ ഒഴുക്കിൽ ആയിരുന്നു. എന്നാൽ ഒരു കാലഘട്ടം കഴിഞ്ഞതിനുശേഷം, ബർന്നബാസ് ഏതോ കാരണത്താൽ അപ്പൊസ്തലനായ പൗലൊസിനോട് ചേർന്നുപോകുവാൻ വിസമ്മതിച്ചു. ഇരുവരും ഭിന്നിച്ചു. ആ ഭിന്നതയ്ക്കുശേഷം ബർന്നബാസിനെ സംബന്ധിച്ച ഏതെങ്കിലും രേഖ പ്രവൃത്തികളിൽ നിങ്ങൾ കാണുന്നുവോ? ഇല്ല! അവൻ ഒഴുക്കിന് വെളിയിലായിരുന്നു. അവൻ അപ്പോഴും കർത്താവിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്നു. എന്നാൽ അവൻ ഒഴുക്കിന് പുറത്തായിരുന്നു. ഈ കാര്യം നിങ്ങൾക്ക് വ്യക്തമായോ? സഭാചരിത്രം സൂക്ഷ്മമായി നിങ്ങൾ പഠിക്കുന്നുവെങ്കിൽ, തലമുറകളിലുടനീളം എല്ലാ കാലത്തും ഒഴുകിക്കൊണ്ടിരിക്കുന്നതായ പരിശുദ്ധാത്മാവിന്റെ ഒരു ഒഴുക്കേ ഉണ്ടായിരുന്നിട്ടുള്ളൂ എന്ന് നിങ്ങൾ കാണും. അനേകർ കർത്താവിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്നിട്ടുണ്ട്, എന്നാൽ എല്ലാവരും ആ ഏക നദിയുടെ ഒഴുക്കിൽ ആയിരുന്നില്ല. കർത്താവിന്റെ കരുണയും കൃപയും നിങ്ങൾ സ്വീകരിക്കുന്നുവെങ്കിൽ, ഇന്ന് ഒഴുകിക്കൊണ്ടിരിക്കുന്നതായ ആ നദിയിലേക്ക് നിങ്ങൾ നടത്തപ്പെടും.

ഈ ഘട്ടത്തിൽ ഈ വിഷയത്തെ സംബന്ധിച്ച് വ്യക്തമായ ഒരു സാക്ഷ്യം നല്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. 1933-ൽ ഞാൻ വടക്കൻ ചൈനയിൽ നിന്ന് സഹോദരൻ നീയെ സന്ദർശിക്കുവാനായി ഷാങ്ഹായ്യിലേക്കു പോയി. ചില മാസങ്ങൾ ഞാൻ അദ്ദേഹത്തോടുകുടെ പാർത്തു. വടക്കൻ ചൈനയിലെ എന്റെ ജന്മനഗരത്തിലേക്ക് മടങ്ങുവാൻ ഞാൻ ഒരുമ്പെട്ടപ്പോൾ, സഹോദരൻ നീ എന്റെ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു: "സഹോദരൻ ലീ, നിങ്ങൾ നിങ്ങളുടെ കുടുംബത്തെ ഷാങ്ഹായ്യിലേക്കു കൊണ്ടുവന്ന് കർത്താവിന്റെ വേലയ്ക്കുവേണ്ടി ഞങ്ങളോടൊപ്പം താമസിക്കണം എന്ന് ഞങ്ങൾക്ക് തോന്നുന്നു. ഈ വിഷയം കർത്താവിങ്കലേക്കു നിങ്ങൾ കൊണ്ടുചെല്ലുമോ?" ഈ വിഷയവുമായി ഞാൻ കർത്താവിങ്കലേക്കു ചെന്നപ്പോൾ, എനിക്ക് വെളിച്ചം ലഭിച്ചു. പ്രവൃത്തികളുടെ പുസ്തകത്തിൽ കർത്താവിന്റെ വേലയുടെ ഒഴുക്ക്, പരിശുദ്ധാത്മാവിന്റെ നദി, ഒന്നാണ് എന്ന് കർത്താവ് എന്നെ കാണിച്ചു. പ്രവൃത്തികളിൽ, യെരുശലേമിൽ നിന്ന് ആരംഭിച്ച് അന്ത്യോക്യയിലേക്ക് ഒഴുകുകയും, അവിടെനിന്ന് ഏഷ്യയിലേക്കും, അവിടെനിന്ന് യൂറോപ്പിലേക്കും പോയതായ, ഒരു രേഖയേ ഭൂപടത്തിലുണ്ടായിരുന്നുള്ളൂ എന്ന് അവൻ എന്നെ കാണിച്ചു. ഒരിക്കലും രണ്ടു

നീരൊഴുക്കുകൾ ഉണ്ടായിരുന്നില്ല, ഒന്നേ ഉണ്ടായിരുന്നുള്ളൂ എന്ന് ഞാൻ കണ്ടു. ഞാൻ കർത്താവിനോട് ഇങ്ങനെ പറഞ്ഞു: "കർത്താവേ, ഞാൻ നിനക്കു നന്ദി പറയുന്നു. ചൈനയിൽ നിന്റെ വേലയുടെ രണ്ട് ഒഴുക്കുകൾ ഉണ്ടായിരിക്കുവാൻ ഒരിക്കലും സാധ്യമല്ല. വടക്കൻ ചൈനയിൽ നിനക്കുവേണ്ടി, അഥവാ നിന്നാൽ അഥവാ നിന്നിലൂടെ ഒരു കാര്യം ചെയ്യണമെങ്കിൽ ഞാൻ ആദ്യം ഷാങ്ഹായിലേക്കു പോകുകയും ഏക ഒഴുക്കിൽ ഇഴുകിച്ചേരുകയും ചെയ്യണം; അതുമൂലം അവിടെനിന്ന് ചിലത് വടക്കൻ ചൈനയിലേക്ക് ഒഴുകുകയും ചെയ്യണം. അങ്ങനെ ഒരു ഒഴുക്ക് ഉണ്ടായിരിക്കും". അടുത്ത ദിവസം തന്നെ സഹോദരൻ നീ എന്നെ കാണുവാൻ വന്നു. ഞാൻ അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു: "സഹോദരാ, ഈ കാര്യം എനിക്കു വ്യക്തമായി. നിങ്ങൾ നിർദേശിക്കുന്നത് ഞാൻ ചെയ്യാം. ഈ ദിവസം മുതൽ ഷാങ്ഹായിൽ ഞാൻ നിങ്ങളോടുകൂടെ പ്രവർത്തിക്കുകയാണ്".

ആ കാലം മുതൽ എന്തൊരു ഒഴുക്ക് ഉണ്ടായിട്ടുണ്ട്! അത് എത്ര സമൃദ്ധവും അത്ഭുതം നിറഞ്ഞതും ആണെന്ന് എനിക്ക് നിങ്ങളോട് ഒരിക്കലും പറയുവാൻ കഴിയുകയില്ല. അതെല്ലാം ആ കാലത്തുതന്നെ ഞാൻ നദിയുടെ ഒഴുക്കിലേക്കു നീങ്ങിയതുമൂലം ആണ്. ഓ, തിരുവെഴുത്തിന്റെ വെളിച്ചം ഒരു വേലിയേറ്റം പോലെ ഒഴുകിയിരിക്കുന്നു! ജീവനും ശക്തിയും ഊർജവും അധികാരവും എന്നിലേക്ക് ഒഴുകിയിരിക്കുന്നു. ഞാൻ പോയിടത്തെല്ലാം, ഞാൻ തനിയെ അല്ല പോയത്. ഞാൻ ഒഴുക്കിൽ ഒരു വള്ളം പോലെ ആയിരുന്നു; ഒഴുക്ക് പോയിടത്തെല്ലാം, എന്നെയും വഹിച്ചുകൊണ്ടുപോയി. അത് വളരെ അനായാസം ആയിരുന്നു. അത് എന്റെ ശക്തിയോ, എന്റെ ഊർജമോ, എന്റെ സഹിഷ്ണുതയോ ആയിട്ടല്ല. ആ കാലം മുതൽ ജീവന്റെ ഒഴുക്കും വേലയുടെ ഒഴുക്കും സാക്ഷ്യത്തിന്റെ ഒഴുക്കും ശരീരത്തിന്റെ കൂട്ടായ്മയുടെ ഒഴുക്കും കർത്താവ് എന്നെ ക്രമേണ കാണിച്ചുകൊണ്ടിരുന്നു.

## നീരൊഴുക്കിന്റെ ചംക്രമണം

പരിശുദ്ധാത്മാവ് എന്ന ഈ നദിയുടെ ഒഴുക്ക് ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയാണ്. അത് നമ്മുടെ ഭൗതിക ശരീരങ്ങളിലെ രക്തചംക്രമണം പോലെയാണ്. രക്തം എപ്പോഴും ഒരു ഭാഗത്തുനിന്ന് വേറൊരു ഭാഗത്തേക്കും പിന്നീട് തിരികെയും ഒഴുകിക്കൊണ്ടിരിക്കുന്നു. ഇതേ വിധത്തിൽ തന്നെ പരിശുദ്ധാത്മാവിന്റെ ഒഴുക്ക് ശരീരത്തിന്റെ കൂട്ടായ്മ എന്ന നിലയിൽ വിശുദ്ധന്മാരുടെ ഇടയിൽ ഈ ഭൂമിയിൽ ഒഴുകിക്കൊണ്ടിരിക്കുന്നു.

ഈ നാളുകളിൽ ദിവ്യ നദിയുടെ ഒഴുക്ക് പാശ്ചാത്യലോകത്തിലേക്ക് ആണെന്ന് എനിക്ക് തികച്ചും വ്യക്തമാണ്. പാശ്ചാത്യദേശത്തേക്കുള്ള ഈ ഒഴുക്ക് ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയെ സംബന്ധിച്ച കാര്യമാണ്. അത് ഉയർത്തപ്പെട്ടവനായ കുഞ്ഞാടിന്റെ സിംഹാസനത്തിൽ നിന്ന് ആരംഭിച്ച്, ഈ കാലം വരെയും എല്ലാ തലമുറകളിലൂടെയും ഒഴുകിക്കൊണ്ടിരുന്നിട്ടുണ്ട്. അത് അനേക മേഖലകളിലൂടെയും ദേശങ്ങളിലൂടെയും ഒഴുകിക്കൊണ്ടിരുന്നിട്ടുണ്ട്. ഇപ്പോൾ അത് പാശ്ചാത്യ ലോകത്തിലേക്ക് തിരിഞ്ഞിരിക്കുന്നു. ഇത് ശരീരത്തിന്റെ കൂട്ടായ്മയുടെ നീരൊഴുക്കും, ഉയർത്തപ്പെട്ടവനായ കർത്താവായ യേശുക്രിസ്തുവിന്റെ സാക്ഷ്യത്തിന്റെ നീരൊഴുക്കും, പരിശുദ്ധാത്മാവിന്റെ വേലയുടെ നീരൊഴുക്കും ആണ്.

ഞാൻ യുവാവായിരുന്നപ്പോൾ, ഒരു ദിവസം സഹോദരൻ നീ എന്നോട് സംസാരിക്കുവാനായി വന്നു. അദ്ദേഹത്തിന്റെ കൈക്കീഴിൽ ഞാനൊരു യുവപഠിതാവായിരുന്നു; പലപ്പോഴും ചില അടിസ്ഥാന പാഠങ്ങൾ അദ്ദേഹം എനിക്കു നൽകി. "സഹോദരാ, പരിശുദ്ധാത്മാവിന്റെ ഒഴുക്ക് ഒരു സ്ഥലത്ത് നേരത്തെന്നെ ഇല്ലാതെ ഒരു വേല ആരംഭിക്കുന്നതിന് നമുക്ക് ഒരിക്കലും അവിടെ പോകുവാൻ കഴിയുകയില്ല എന്ന് നിങ്ങൾക്ക് അറിയാമോ?" എന്ന് അദ്ദേഹം ചോദിച്ചു. ഈ

വാക്ക് ഞാൻ എത്രമാത്രം ഓർത്തിട്ടുണ്ട്! പരിശുദ്ധാത്മാവിന്റെ ഒഴുക്ക് ഒരു സ്ഥലത്ത് നേരത്തേ ഇല്ലെങ്കിൽ, നിങ്ങൾക്കും എനിക്കും അവിടെ ഒരിക്കലും പ്രവർത്തിക്കുവാനായി പോകുവാൻ കഴിയുകയില്ല. "സഹോദരാ പരിശുദ്ധാത്മാവിന്റെ ഒഴുക്ക് എവിടെയാണ് എന്ന് നിങ്ങൾ ഗ്രഹിക്കുന്നുവെങ്കിൽ, അതിനോടുചേർന്ന് പോയാൽ മാത്രം മതി! കർത്താവിനുവേണ്ടി അവിടെ പ്രവർത്തിക്കുന്നത് നിങ്ങൾക്ക് ഒരു വിശ്രമം ആയിരിക്കും; അത് നിങ്ങൾക്ക് വിശ്രമിക്കുവാൻ കഴിയുന്നതായ ഒരു കിടക്ക ആയിരിക്കും. പരിശുദ്ധാത്മാവിന്റെ ഒഴുക്കിൽ ഉള്ളതായ വേല ഒരു ഭാരമല്ല, ഒരു വിശ്രമം ആണ്", എന്ന് സഹോദരൻ നീ തുടർന്നു പറഞ്ഞു. ഈ വാക്കുകൾ എന്നെ എത്രമാത്രം സഹായിച്ചിട്ടുണ്ട് എന്ന് എനിക്ക് നിങ്ങളോട് പറയുവാൻ കഴിയുകയില്ല. ആ കാലം മുതൽ പരിശുദ്ധാത്മാവ് എന്ന നദിയുടെ ഒഴുക്കിനോടു ചേർന്നു പോകണം എന്ന പാഠം ഞാൻ പഠിച്ചു. പരിശുദ്ധാത്മാവിന്റെ പ്രവാഹത്തിന്റെ ഒഴുക്കില്ലാതെ, കർത്താവിനുവേണ്ടി പ്രവർത്തിക്കുവാനോ കർത്താവിനുവേണ്ടി ഒരു വേല ആരംഭിക്കുവാനോ ഒരു സ്ഥലത്തേക്കും പോകുവാൻ എനിക്കു സാധ്യമല്ല. അത് ചെയ്യുവാൻ എനിക്ക് കഴിയുകയില്ല; അത് ചെയ്യുവാൻ ഞാൻ യോഗ്യനല്ല; അത് ചെയ്യുവാൻ കർത്താവ് എന്നോട് കല്പിച്ചിട്ടില്ല. ഒഴുക്കിനോട് ചേർന്ന് പോകുക എന്നതു മാത്രമാണ് ഞാൻ ചെയ്യേണ്ടത്.

വ്യക്തിപരമായ ഒരു വാക്കുകൂടെ ഞാൻ നല്കട്ടെ. ഐക്യനാടുകളിലേക്ക് വരുവാൻ എനിക്ക് യാതൊരു ആഗ്രഹവും ഇല്ലായിരുന്നു; എന്നാൽ പരിശുദ്ധാത്മാവിന്റെ ഒഴുക്ക് എന്നെ ഇവിടെ വഹിച്ചുകൊണ്ടുവന്നു. അത് ഒഴിവാക്കുവാൻ എനിക്കു കഴിഞ്ഞില്ല. കൂടാതെ, എന്റെ ആഗ്രഹം പെട്ടന്ന് അതിപൂർവദേശത്തേക്ക് മടങ്ങണം എന്നതായിരുന്നു. എന്നാൽ ഒഴുക്ക് ഇപ്പോഴും പശ്ചിമദേശത്തേക്ക് ആണ്; എനിക്ക് മടങ്ങുവാനും കഴിഞ്ഞില്ല. എന്റെ ദിക്ക് പൂർവദേശത്തേക്ക് ആയിരുന്നു. എന്നാൽ ആത്മാവിന്റെ ഒഴുക്ക് പശ്ചിമദേശത്തേക്ക് ആയിരുന്നു. എനിക്ക് കഴിയുന്നത് ഈ ഒഴുക്കിനനുസരിച്ച് നീങ്ങുക മാത്രമാണ്. ഈ ഒഴുക്കിൽ ആയിരിക്കുന്നത് എത്ര അത്ഭുതകരമാണ്! ഓ, ഇവിടെ ജീവനുണ്ട്; ഇവിടെ കൂട്ടായ്മയുണ്ട്; ഇവിടെ സാക്ഷ്യം ഉണ്ട്; ഇവിടെ ദൈവത്തിന്റെ വേലയും ഉണ്ട്!

ഇന്ന് നാം എന്തു ചെയ്യണം? ഒഴുക്കിനൊപ്പം പോകുക; പരിശുദ്ധാത്മാവിന്റെ വേലയുടെ പ്രവാഹത്തിന് നമ്മെത്തന്നെ വിധേയപ്പെടുത്തുക. ഈ കാര്യത്തിൽ എനിക്ക് വ്യക്തിപരമായ സ്വാതന്ത്ര്യം ഇല്ല. അത് എന്റെ ചിന്തകൾ അനുസരിച്ചല്ല, അവന്റെ ഒഴുക്ക് അനുസരിച്ചാണ്. ഒരു കീർത്തനത്തിലെ വാക്കുകൾ ഇപ്രകാരം പറയുന്നു:

വ്രതന്മാരായ നാം എവിടെ പോകുന്നു എന്നല്ല,

യേശു എങ്ങോട്ട് വഴി നടത്തുന്നു എന്നാണ്;

അവിടെ ജീവജലം ഒഴുകുന്നു,

അവിടെ നമ്മുടെ ഇരുൾ പകലായിത്തീരുന്നു.

### കെട്ടുപണിയോടുള്ള ബന്ധത്തിൽ നീരൊഴുക്ക്

നീരൊഴുക്കിൽ നിന്ന് പൊന്നും മുത്തുകളും വിലയേറിയ കല്ലുകളും വരുന്നു. ഉൽപത്തി രണ്ടാം അധ്യായത്തിലെ ചിത്രം നോക്കുക. ഈ വിലയേറിയ വസ്തുക്കൾ ദൈവനിവാസത്തിന്റെ പണിക്കുവേണ്ടി ഉള്ളവയാണ്. ഒഴുക്കുള്ള ഇടത്തെല്ലാം സഭയുടെ കെട്ടുപണിക്കുള്ള വസ്തുക്കൾ ഉൽപാദിപ്പിക്കപ്പെടും. പഴയ നിയമത്തിലെ ദൈവനിവാസമായ, കൂടാരത്തെ നോക്കുക. മഹാപുരോഹിതന്റെ ചുമൽ കണ്ടങ്ങളിലും മാർപതക്കത്തിലും പൊന്നിൽ പതിച്ച വിലയേറിയ കല്ലുകൾ ഉണ്ടായിരുന്നു. സഭ പൊന്നും വെള്ളിയും വിലയേറിയ കല്ലുകളും കൊണ്ട് പണിയപ്പെടുന്നു എന്ന് അപ്പൊസ്തലനായ പൗലൊസ് നമ്മോട് പറയുന്നു. ഇവ

പരിശുദ്ധാത്മാവിന്റെ പ്രവാഹത്തിന്റെ ഒഴുക്കിൽ നിന്ന് ലഭിക്കുന്ന വസ്തുക്കളാണ്. പുതിയ യെരുശലേം എന്ന നഗരം മുഴുവൻ പൊന്നും മുത്തുകളും വിലയേറിയ കല്ലുകളും കൊണ്ട് പണിയപ്പെടുന്നു എന്ന് വെളിപാടിൽ നമ്മോട് പറയുന്നു. ഈ വസ്തുക്കൾ എങ്ങനെ ഉളവായി? ദിവ്യജീവന്റെ പ്രവാഹത്തിന്റെ ഒഴുക്കിൽനിന്നുതന്നെ. ദിവ്യനദിയുടെ ഒഴുക്ക് ഉള്ളിടത്ത് ചില വസ്തു, ചില വിലയേറിയ വസ്തു സഭയുടെ കെട്ടുപണിക്കുവേണ്ടി ഉളവാകും. നിങ്ങൾക്കോ എനിക്കോ ഒരിക്കലും സഭയുടെ കെട്ടുപണിക്കുവേണ്ടിയുള്ള വസ്തു ഉണ്ടാക്കുവാൻ കഴിയുകയില്ല. ദിവ്യജീവന്റെ ഒഴുക്കിന്, പരിശുദ്ധാത്മാവിന്റെ ഒഴുക്കിന് മാത്രമേ ഇത് ചെയ്യുവാൻ കഴിയൂ. അത് തലമുറകളായി ഒഴുകിക്കൊണ്ടിരുന്നിട്ടുണ്ട്. ഇന്നും ഒഴുകിക്കൊണ്ടിരിക്കുന്നു; അത് പോകുന്നിടത്തെല്ലാം പൊന്നും മുത്തുകളും വിലയേറിയ കല്ലുകളും ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടി ഉൽപാദിപ്പിക്കപ്പെടുന്നു.

ഈ ചിത്രം നമ്മിൽ പതിയുവാൻ കർത്താവ് നമ്മോട് കരുണ കാണിക്കുമാറാകട്ടെ. ജീവന്റെ ഈ ഒഴുക്കിൽ, കൂട്ടായ്മയിൽ, സാക്ഷ്യത്തിൽ, വേലയിൽ, ദൈവത്തിന്റെ കെട്ടുപണിയിൽ, അവൻ എപ്പോഴും നമ്മെ കാക്കുമാറാകട്ടെ. ഈ ലക്ഷ്യം പ്രാപിക്കുവാനായി നമുക്ക് പ്രാർഥിക്കാം. (*The Collected Works of Witness Lee, 1963, vol. 1, "The Divine Stream," pp. 169-181*)

**നാല് തരം വേലക്കാർ**

ഇന്ന് നാല് തരം വേലക്കാരുണ്ട്. ഒന്നാമതായി, വർത്തമാന കാലഘട്ടത്തിലെ ദൈവശുശ്രൂഷയുടെ ആവശ്യത്തോട് പൊരുത്തപ്പെടുന്ന കൂട്ടുവേലക്കാരുണ്ട്. ഇത് കർത്താവിനാൽ ഇടപെടൽപ്രാപിച്ചവരും ഏകമനസ്സുള്ളവരുമായ ആളുകളുടെ ഒരു ചെറിയ കൂട്ടമാണ്. രണ്ടാമതായി, നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും മുതിർന്ന കൂട്ടുവേലക്കാരുടെ ഏകോപനത്തിൻകീഴിൽ വരാനും തയ്യാറുള്ള ഇളയ കൂട്ടുവേലക്കാരുണ്ട്. അവർ താഴ്മയോടെ പിന്തുടരാനും പഠിക്കുവാനും തയ്യാറാണ്. മൂന്നാമതായി, മുതിർന്ന കൂട്ടുവേലക്കാർക്ക് കീഴ്പ്പെടാൻ തയ്യാറാകാത്തവരും വിഭാഗങ്ങളിൽ പെടാത്തവരും എന്നാൽ നമ്മോടൊപ്പം കൂട്ടായ്മയിൽ തുടരാൻ സന്തോഷമുള്ളവരുമുണ്ട്. നാലാമതായി, വിഭാഗങ്ങൾക്കിടയിലുള്ള പ്രസംഗകരും സ്വതന്ത്ര സുവിശേഷകരും ഉണ്ട്. ഇന്ന് നമുക്ക് ഒന്നും രണ്ടും തരത്തിലുള്ള കൂട്ടുവേലക്കാരെ ആവശ്യമാണ്.

ഒരു കൂട്ടുവേലക്കാൻ ഒരു പ്രത്യേക സ്ഥലത്ത് ആയിരിക്കുമ്പോൾ, അവൻ അവിടത്തെ സ്ഥലം സഭയുമായി സഹകരിക്കേണ്ടതുണ്ട്വേലയെയും സഭയെയും പരസ്പരം വേർപെടുത്താൻ കഴിയില്ല. ഒരു കൂട്ടുവേലക്കാൻ ഒരു പ്രത്യേക സ്ഥലത്ത് പ്രവർത്തിക്കുമ്പോൾ, അവൻ അതേസമയം ആ സ്ഥലത്തെ സഹോദരന്മാരിൽ ഒരുവനാണ്. സഭ വിശുദ്ധന്മാർക്ക് വേല നിയോഗിക്കുമ്പോൾ, കൂട്ടുവേലക്കാർ ആ സ്ഥലത്തെ സഹോദരന്മാരുടെ അതേ നിലയിൽ നിൽക്കുകയും അതേ രീതിയിൽ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും വേണം.

മൂന്നാമത്തെയും നാലാമത്തെയും തരത്തിലുള്ള കൂട്ടുവേലക്കാരെ സംബന്ധിച്ചിടത്തോളം, അവർക്ക് അവരുടെ സ്വന്തം പാത തിരഞ്ഞെടുക്കാൻ നമുക്ക് അനുവദിക്കാൻ മാത്രമേ കഴിയൂ. ദൈവം ചില ആളുകളെ നാം എടുത്ത അതേ മാർഗം എടുക്കാൻ നിയോഗിച്ചിട്ടില്ല, അവരോട് ഒന്നും പറയാൻ നാം തുനിയുന്നില്ല. അവരുടെ സാഹചര്യം എന്തുതന്നെയായാലും, ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന വേല ചെയ്യാനാണ് നാം ഇവിടെ ആയിരിക്കുന്നത്. മറ്റുള്ളവരുടെ വേലയിൽ നമുക്ക് ഇടപെടാൻ കഴിയില്ല, മറ്റുള്ളവരുടെ വേല തകർക്കാൻ നാം ഇവിടെ ആയിരിക്കുന്നില്ല. (*Messages Given during the Resumption of Watchman Nee's Ministry, vol.* 1*, pp.* 153-154)